2019 മെയ്, ജൂൺ, ജൂലായ്

ത്രൈമാസിക ₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

**The National, State, District, Village star news Kerala & India**




Cinema Sports Arts & Literature



**Er. Shaju Kollambalath,**
**BE** (Civil), **ME**(Structures), **MIE, MICI**
Chartered Engineer (India)
**Mob: 9447702585**



# Srishty Consultants

N.T.C. Building, Pottammal, Calicut - 17, Ph: 0495 2744585
shajusrishty@gmail.com

**Civil Engineers   Structural Engineers   Architectural Consultants**

# RG ECO MOTORS

**HERO ELECTRIC SCOOTER SALES & SERVICE**

ROOM NO. 1/3385B, EAST HILL ROAD, CHAKORATHKULAM,
KOZHIKODE

Average running cost in 5 years with 40 km per day usage **60** paise/km



**3 Years Warranty**
(on Bike and Battery)*

HEROELECTRIC

Hero Electric - a leader in EV technology, bring you the largest range of Electric 2 Wheelers in India. With assurance of over 300 dealerships across India, we serve more than 3 Lakh happy customers and growing

**Mob:**
**9895874224**
**9072367776**

**പെട്രോൾ ആവശ്യമില്ല**
**ഫൈനാൻസ് ലഭ്യമാണ്**
**പുകശല്യമില്ല**

NO PETROL | NO POLLUTION
SUPER SILENT | SAFE SPEED | EASY TO RIDE



മുഖചിത്രം
(നക്ഷത്രരാജ്യം അവാർഡ്)
ആത്മിക പി. പി

Nakshatra Rajyam
TRI Monthly (QUARTERLY) Magazine
2019 May, June, July
RNI Title Code: KERMAL 16195 Dt: 22-06-2018
issue 4 - volume 2
Managing Editor, Publisher & Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala

Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in

**LAYOUT**
Nakshthrarajyam E. Radhakrishnan
**Cover**
**Color Campus - Calicut**

**Price 10.00**

എഡിറ്റോറിയൽ



നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

## മഴക്കാലം

കേരളത്തിൽ ജൂൺ മുതൽ മഴക്കാലം ആരംഭിക്കുകയായി. രണ്ടു മാസത്തെ മധ്യവേനൽ അവധിക്കഴിഞ്ഞ് ജൂൺ 6 മുതൽ വിദ്യാർത്ഥികൾ പുതിയ ക്ലാസ്സുകളിലേക്ക് പ്രവേശിക്കുന്ന പുതു വിദ്യാഭ്യാസ വർഷവും.

വർഷക്കാലത്തോടനുബന്ധിച്ചുണ്ടാകാറുള്ള രോഗങ്ങൾ, മഹാവ്യാധികൾ, വെള്ളപ്പൊക്കക്കെടുതികൾ, ദാരിദ്യം തുടങ്ങിയവയും ആരംഭം കുറിക്കുന്ന ജൂൺ, ജൂലായ് മാസം കേരളത്തിൽ സാധാരണ ജനങ്ങൾ കഷ്ടതയുടെ ഭാരവും, ദാരിദ്യവും പേറുന്ന ദുരന്തങ്ങളുടെ മാസമായാണറിയപ്പെടുന്നത്. ദാരിദ്യം എന്നതിന് ഭരണതലത്തിലും ഭാഷ്യത്തിലും പ്രസക്തിയില്ലെങ്കിലും യാഥാർത്ഥ്യത്തെ കേരളത്തിലെ ദരിദ്രൻമാരിൽ നിന്ന് മറച്ചുവെക്കാനാവില്ലല്ലോ?. അവരും മനസ്സിൽ നെയ്യുന്നത് ക്ഷേമവും സുഭിക്ഷവുമായ കാലം തന്നെയാണുതാനും.

മത്സ്യത്തൊഴിലാളികൾക്കും മറ്റു നാടൻ തൊഴിൽ ചെയ്യുന്നവർക്കും ജൂൺ, ജൂലായ് മാസത്തിൽ തൊഴിൽ കുറയുന്നതു മൂലമുണ്ടാകുന്ന ദയനീയ സാമ്പത്തിക സ്ഥിതി ഉണ്ടാകുന്നത് കേരളത്തിൽ സർവ്വ സാണാരണമാണ്. ഇതിനെയെല്ലാം തരണം ചെയ്യാൻ മലയാളി ജനതക്കാവുമെങ്കിലും അതിനുള്ള കഴിവും ആർജ്ജവവും സാധാരണ ജനങ്ങൾക്കുണ്ടെങ്കിൽപ്പോലും ഭരണതലത്തിൽ ഏറ്റവുമധികം ജനക്ഷേമ പ്രവർത്തനങ്ങൾ നടക്കേണ്ടതായ മാസങ്ങളാണ് ജൂണും, ജൂലായും. രക്ഷിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള ഫീസിനും, പുസ്തകത്തിനും മറ്റു പഠനോപകരണങ്ങൾക്കും വേണ്ടി നട്ടം തിരിയുന്ന കാലം. മുറ്റത്തുള്ള സർക്കാർ സ്ക്കൂളുകൾ പൂട്ടിച്ചുകൊണ്ടും, ഭരണഘടന നമുക്ക് നൽകിയ സർക്കാർ തലത്തിൽ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസത്തിനുള്ള അവസരം പാഴാക്കിയും നട്ടം തിരിയുന്ന രക്ഷിതാക്കളും ദയ

(ശേഷം പേജ് 36 ൽ)

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കഥ



കെ.പി. സുധീര

# മോറൽ പോലീസ്



ഇന്ന് ശില്പയുടെ പിറന്നാളാണ്.

ആ ഞാറാഴ്ച്ച ഞാനുണർന്നത് ശിൽപയെ ഓർത്തുകൊണ്ടാണ്. അടുത്ത മുറിയിൽ ഉറങ്ങിയിരുന്ന രവി ഉണർന്ന് കാപ്പിയുണ്ടാക്കി കുടിച്ച് കംമ്പ്യൂട്ടറിനു മുമ്പിലിരിയ്ക്കുകയാണ് എന്നെനിക്ക് മനസ്സിലായി. എനിക്കുള്ള കാപ്പി മാത്രം ഞാനുണ്ടാക്കിയാൽ മതി!

രവി എന്റെ ഭർത്താവാകുന്നു.

ഭർത്താവിനേക്കാൾ, അവനെന്റെ സുഹൃത്താകുന്നു. ശിൽപ ഒരു അനുഗൃഹീത ഗായികയാണ്.- കേരളത്തിൽ അവൾക്കുള്ള സ്ഥാനം ഗാനകോകിലത്തിന്റേതാണ്.

രവിക്ക് ഗാനങ്ങൾ ജീവനാണ്.- ശിൽപയുടെ ഗാനങ്ങളുടെ അപൂർവ്വചാരുതയിൽ മുങ്ങി അവനൊരു കിടപ്പുണ്ട്.

"അവളോടുള്ള ആരാധന മുഴുത്ത് ഇനി പ്രേമമായി വളർന്നാലോന്ന് ഒരു പേടി." രണ്ടാളും കൂടി ശിൽപയുടെ വീട്ടിൽ നിന്ന് മടങ്ങുമ്പോൾ ഒരു രാത്രിയിൽ ഞാൻ രവിയോട് തമാശ പറഞ്ഞു.

എന്റെ കവിളത്തെ നുണക്കുഴിയിൽ ആരും കാണാതെ ചുണ്ടുകളമർത്തി, അവൻ പ്രസ്താപിച്ചു.

"അതെന്റെ സുന്ദരിമോളു ഭയപ്പെടട്ടെ - ആ ഗാനകോകിലത്തെ അവളുടെ ആൺപിറന്നോൻ പ്രേമിക്കുന്നത് കാണുമ്പം, ഒരുത്തനും അവളോട് പ്രേമം തോന്നില്ല"

"ഹാവൂ- എന്റെ പിറക്കാൻ പോണ കൊച്ചുമോളു രക്ഷപ്പെട്ടു."

ഞാൻ കളിയായി നെടുവീർപ്പെട്ടു.

എന്റെ ഗർഭത്തെ അസഹിഷ്ണുതയോടെയാണ് രവി സ്വീകരിച്ചത്. അങ്ങനെയൊരു പ്രത്യാഘാതത്തെ അവൻ പ്രതീക്ഷിച്ചിരുന്നതേയില്ല. "അതെന്തിനാ, ഈ മൂന്നാമതൊരാൾ" എന്ന വിസമ്മതത്തെ, വിഷയം മാറ്റി മറ്റു സംഭാഷണങ്ങളിലേക്ക് മാറ്റിക്കൊണ്ട് ഞാൻ മറികടന്നു.

ഇന്ന് കോളേജില്ല. കോളേജിലെ ഫൈനൽ ഇയർ കുട്ടികൾക്ക് വേണ്ടി നോട്ടുകൾ തയ്യാറാക്കുമ്പോൾ രാത്രി വളരെ നേരം ഇരിക്കേണ്ടി വരും. രണ്ടാഴ്ചയായി രവി അപ്പുറത്തെ മുറിയിലാണ് ഉറക്കം.

ഞാൻ ക്ലോക്കിലേക്ക് നോക്കി. സമയം ഏഴു കഴിഞ്ഞു. ഗർഭലാസ്യം മൂലം അതി കാലത്ത് എഴുന്നേൽക്കുന്ന ശീലം എന്നിൽ നിന്ന് മാറിപ്പോയിരുന്നു. ഞാൻ കളി കഴിഞ്ഞ് കയ്യിലൊരു കപ്പ് കാപ്പിയുമായി രവിക്കടുത്തെത്തി.

"ഇന്ന് ശ്വേതയുടെ പിറന്നാളാണ്. ഞാൻ പറഞ്ഞത് അല്പമുറക്കെയായിപ്പോയി.

"ഹെന്റെ ശ്വേതേ - നമുക്കൊന്നു പോയി അവളെ വിഷ് ചെയ്യാം. ഞാനെപ്പഴേ റെഡി.-"

ഞാൻ ശരിക്കും അമ്പരന്നു.

ഒരു മാസം മുമ്പാണ് പിറന്നാൾക്കാര്യം ഞങ്ങളറിഞ്ഞത്. പലതും മറക്കുന്ന അവൻ ഇതോർത്തു വെച്ചിരിക്കുന്നു!

രവി ക്യാമറയിലെ മെമ്മറിക്കാർഡിൽ നിന്ന് കംപ്യൂട്ടറിലേക്ക് ചിത്രങ്ങൾ പകർത്തുകയാണ്.

ഞാൻ അവന്റെ കണ്ണടയൂരിയെടുത്ത് രണ്ട് കണ്ണിലും അമർത്തി ചുംബിച്ചു.

"ഹോ പതിനഞ്ചുവർഷത്തിനു ശേഷവും നീയടുത്തു. വരുമ്പോൾ എനിക്കാദ്യം കാണും പോലെയാണ്. നീ ആദ്യമായി ചുംബിച്ചത് പോലെ"

അവൻ മൃദുവായി പുഞ്ചിരിച്ചു.

ഞാൻ തല മുടിയിൽ നിന്ന് ടർക്കി ടവ്വൽ ഊരിയെടുത്ത് തലമുടിയുലച്ച് അവന്റെ മുഖത്തേക്ക് വെള്ളത്തുള്ളികൾ തെറിപ്പിച്ച് ചിരിച്ചു.

"അപ്പോ- ഉറപ്പായില്ലേ. ഇവളെപ്പോലെ സ്നേഹമുള്ള പെണ്ണു

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ങ്ങൾ ഉള്ളത് കൊണ്ടാണ് ഈ ഭൂമിയിൽ ജീവചൈതന്യം പാടി നൃത്തം ചെയ്യുന്നതെന്ന്?. എന്തെല്ലാം അതിക്രമങ്ങൾ ഈ പെണ്ണുങ്ങളോട് ആണുങ്ങൾ കാണിക്കുന്നു. എന്നിട്ടും പുരുഷന്മാരിൽ എന്തെങ്കിലും സജീവമായി നില്ക്കുന്നുവെങ്കിൽ അതവളുടെ സ്നേഹമാണ്. അങ്ങനെയുള്ള അവളെ അതായത് സാക്ഷാൽ ഈ ശ്വേതയെ നോവിച്ചാലുണ്ടല്ലോ പാപം കിട്ടും. കേസുകൊടുത്താൽ ശിക്ഷയും കിട്ടും–"

അവന്റെ കള്ളപുഞ്ചിരി കണ്ടപ്പോൾ അവിടെ നില്ക്കുന്നത് അത്ര പന്തിയെല്ലന്ന് കണ്ട് ഞാൻ അടുക്കളയിൽ ചെന്ന് ഇഡ്‌ലിപ്പാത്രം അടുപ്പത്ത് കയറ്റി.

"ഇന്നത്തെ ഇഢലി ഇത്ര സോഫ്റ്റാകാൻ എന്തു കാര്യം?" രവി അന്വഷിച്ചു.

"ആവോ! ഇന്ന് ശില്പയുടെ പിറന്നാളായത് കൊണ്ടാവും.- ആരാധന മൂത്ത് പഴുത്ത് നില്പല്ലേ."

രവി ഉറക്കെ പൊട്ടിച്ചിരിച്ചു.. എന്നിട്ട് ആരാധനയോടെ എന്റെ നേർക്ക് വിരൽ ചൂണ്ടി പാടി- "എത്ര സുന്ദരി- എത്ര പ്രിയങ്കരി..." കോളനിയുടെ അങ്ങേ അറ്റത്താണ് ശില്പയുടെവീട്. അവൾ ഏത് തിരക്കിലും കരുതലോടെ പരിപാലിക്കുന്ന അതേ വീട്!

കേരളത്തിന്റെ ഈ ഗാനകോകിലം എങ്ങനെ എന്റെ സുഹൃത്തായി? എങ്ങനെയവൾ എന്റെ ആത്മാവിന്റെ ദാഹമായി? എന്തിനാണ് മറ്റുള്ളവരെ ശില്പ ഇങ്ങനെ ആദരിക്കുന്നത്., സ്നേഹിക്കുന്നത്? സ്നേഹം അതവളുടെ പൂർണ്ണ സത്തയാണ്.

എന്നാൽ ജീവശക്തി പ്രവഹിക്കുന്ന അവളുടെ കണ്ണുകൾ- അവയിലെപ്പോഴുമെന്തേ കണ്ണുനീർച്ചില്ലുകൾ തിളങ്ങുന്നു.? എന്നാലെപ്പോഴുമെന്താവാം അവളുടെ ചുണ്ടുകൾ ചിരിച്ചുകൊണ്ടേയിരിക്കുന്നത്! ഇങ്ങനെയോരോന്ന് ചിന്തിച്ച് ശില്പയുടെ വീടെത്തി.

"ആ തടിയൻ അവിനാശ് പുറത്ത് - അവരുടേത് പേമവിവാഹമാണത്രെ. ഇങ്ങനെ മുഖത്തെപ്പോഴും വിളർത്തു ശുഷ്കിച്ചു. അവഗണനയും പുച്ഛവും മാത്രമുള്ള ഒരു ചങ്ങാതി- എങ്ങനെ ശില്പ അവനെ-"

ഞാൻ രവിയുടെ കൈപ്പിടിച്ച മർത്തി വിലക്കി-

"ശില്പയെ സ്നേഹിക്കാതിരിക്കാൻ ആർക്കും കഴിയില്ല-രവീ- മതി.- നിന്റെ പരഭൂഷണം-"

ഗേറ്റു തുറന്നപ്പോൾ അതാ കാറു കഴുകിക്കൊണ്ട് അവിനാശ് നില്പുണ്ട്. സ്വയമറിയാതെ ഏതോ സപർദ്ധ ആ കണ്ണുകളിൽ തെളിഞ്ഞു.

"ആരൊക്കെയാണിത്, കാലത്തേ വിരുന്നുകാർ!

"ഇന്ന് ശില്പയുടെ പിറന്നാളല്ലേ?"

ഞാൻ മുഴുവനും പറഞ്ഞു തീർന്നില്ല.

"ഇന്ന് ഡ്രൈവറെത്തിയില്ലേ?"

രവി ഇടയിൽ കയറി ചോദിച്ചു.

"ഞാറാഴ്ച ഞാൻ തന്നെ ഡ്രൈവറും ജോലിക്കാരനും- പിറന്നാളുകാര്യം കൂട്ടുകാരിക്ക് വിളിച്ചു പറഞ്ഞു. "നമ്മളറിഞ്ഞില്ലല്ലോ മോനേ-"

മകൻ മാധവ് വിളർത്ത മുഖത്തോടെ പറഞ്ഞു. "അതെങ്ങന്യാ അച്ഛാ- കാലത്തേതൊടങ്ങീല്ലേ വഴക്ക്? അമ്മ അപ്പുറത്ത് നിന്ന് കരച്ചിലോട് കരച്ചില്- അമ്മയ്ക്ക് പാട്ടും വേണ്ടാ, ഒന്നും വേണ്ടാ-അച്ഛന്റടുത്ത്ന്ന് രക്ഷപ്പെട്ടാമതീത്രെ. അമ്മയ്ക്ക് മരിക്കണത്രെ ആന്റീ- അമ്മ എങ്ങന്യാ മരിക്കാ, വയസ്സാവണ്ടേ, മരിക്കാൻ?"

ഒരടി മുഖത്ത് വീണു.

മാധവ് താഴേക്ക് വീണു.

എഴുന്നേറ്റനിന്ന് മുഖം തുടച്ചതല്ലാതെ ആ ഒമ്പതു വയസ്സുകാരൻ കരഞ്ഞില്ല.

"എനിക്ക് അച്ഛനെ വേണ്ട- അമ്മ മതി. അമ്മ മരിയ്ക്കണ്ട.- അവൻ ശരം പോലെ അകത്തേക്ക് പാഞ്ഞു യാതൊന്നും സംഭവിക്കാത്തത് പോലെ അവിനാശ് പൊട്ടിച്ചിരിച്ചു.

"ഇപ്പഴത്തെ കുട്ട്യോൾടെ ഒരു കുറുമ്പ്. ഇതിന് താഴെ മറ്റൊരു കുറുമ്പി കൂടിയുണ്ട്. അതിന്റെ സംസാരം കേട്ടാൽ- അമ്മേപ്പോലെ ചാനലുകാർക്ക് മുമ്പിൽ ഇന്റർവ്യൂന് ഇരിക്കുന്നത്. നടിച്ചു കാണിക്കും- "

പിന്നെ മാധവ് പോയ വഴിയിലേക്ക് നോക്കി വീണ്ടും ചിരിച്ചു.

"അവന്റെ അമ്മ മരിക്കുമത്രെ. വൈൽഡ് ഇമാജിനേഷൻസ്- ഇന്നത്തെ കുട്ട്യോള് സിനിമയും സീരിയലും കണ്ട് ആകെ വഷളായി-

അവിനാശ് അടുത്തേക്ക് വന്നപ്പോൾ ഏതോ വില കൂടിയ മദ്യത്തിന്റെ നാറ്റം! എനിക്ക് ഛർദ്ദിക്കാൻ തോന്നി-കാലത്തേ തുടങ്ങിയോ വിദ്വാൻ! ശില്പ രാവും പകലും അധ്വാനിക്കുന്നത് -

"നിങ്ങൾ അകത്തേക്ക് കടന്നിരിക്കൂ. അവൾ കുളിക്കുകയാവും. പിറന്നാൾക്കാര്യം സർപ്രൈസായി ആദ്യം തുറക്കുന്ന കടയിൽനിന്ന് എന്തെങ്കിലും സമ്മാനം" -

അവിനാശ് എത്ര വിദഗ്ദനായി നടിക്കുന്നു എന്ന അമ്പരപ്പ് മറച്ചുകൊണ്ട് ഞാൻ ചിരിച്ചു കൈകൂപ്പി- രവി തല ഉയർത്തിയില്ല.

രാഷ്ട്രപതിയിൽ നിന്നും ശില്പ അവർഡു വാങ്ങിക്കുന്ന ഫ്രെയിമിട്ട വലിയ ചിത്രത്തിനു മുമ്പിൽ രവി തറഞ്ഞു നിന്നു.

ശില്പയുടെ നിരവധിയായ സിഡികളും, കാസറ്റുകളും ഭംഗിയായി ഒരു സ്റ്റാൻഡിലൊതുക്കിയിരിക്കുന്നു-അലമാര നിറയെ അവാർഡുകൾ- എത്ര ഉയരത്തിലാണ് അവളുടെ നില്പ്! എന്നാൽ സ്വന്തം വീട് അവളെ ആദരിക്കുന്നുണ്ടോ, സ്നേഹിക്കുന്നുണ്ടോ? ഇത് വെറും സൗന്ദര്യപ്പിണക്കമാണോ? അതോ- മരണത്തെ കാംക്ഷിക്കുവാൻ മാത്രം അവൾ ജീവിതത്തെ വെറുത്തുവോ-?

എന്റെ ആത്മാവ് എരിപൊരി കൊള്ളുന്നത് മനസ്സിലാക്കി രവി സോഫയിൽ പിടിച്ചിരുത്തി.

"മൈ ഗോഡ്. ആരൊക്കെയാണിത്! ശ്വേത-

ഓ-രവിയേട്ടനും ഉണ്ടല്ലോ? ഞാന കത്ത് ബ്രേക്ഫാസ്റ്റ് ഉണ്ടാക്കാനുള്ള പരിശ്രമത്തിലായിരുന്നു-"

എത്ര മൃദുവാണ് ശില്പയുടെസ്വരം. അപ്പോഴാണ് ശില്പയുടെ ഉരുണ്ട് മനോഹരമായ മുഖത്തെ തിണർത്തപാടുകൾ ഞാൻ ശ്രദ്ധിച്ചത്. ആ തടിയൻ അവിനാശ് അവളെ തല്ലുമോ?

രവിയുടെ മൊബൈൽ ശബ്ദം എന്നെ നടുക്കി-

അവൻ പതിഞ്ഞ ശബ്ദത്തിൽ മൗത്ത് പീസിലൂടെ പറഞ്ഞു. "ഞാനിതാ എത്തി" - എന്നിട്ട്

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കയ്യിൽ രഹസ്യമായി സൂക്ഷിച്ച റോസാപ്പൂ ശില്പയെ ഏല്പിച്ചുകൊണ്ട് രവി പുഞ്ചിരിച്ചു. "പിറന്നാശംസകൾ"

മുമ്പ് ശില്പയെ കാണുമ്പോഴേക്കും ആരാധന ഓളംവെട്ടിയിരുന്ന അവന്റെ കണ്ണുകളിൽ ഇന്നേതോ സങ്കടം തിങ്ങിനിറഞ്ഞു. ഒരമ്മമകനെ യെന്നതുപോലെ അവനെയൊന്ന് നെഞ്ചോട് ചേർത്ത് ആശ്ലേഷിക്കുവാൻ എനിക്ക് കൊതിയുണ്ടായി.

"ഞങ്ങൾ ഫോട്ടോഗ്രാഫർന്മാർ ചിലപ്പോൾ ഡോക്ടർന്മാരെപ്പോലെയാണ്. എപ്പോൾ വേണമെങ്കിലും വിളിവരും. ഇപ്പോൾ പത്രത്തിൽ നിന്നും കോൾ വന്നിരിക്കുന്നു. ഞാൻ ചീഫായിപ്പോയില്ലേ? ഉടൻ പോകണം–"

ശില്പചിരിക്കയാണോ, കരയുകയാണോ എന്ന് എനിക്ക് മനസ്സിലായില്ല.

എന്തിനോ രവി ശില്പയ്ക്ക് മുമ്പിൽ ചെന്നു നിന്നു.

"മോളേ– പിറന്നാളായിട്ട് വേണ്ടാത്തതൊന്നും ചിന്തിക്കരുത്. – നല്ലതേ വരൂ."

രവി ഇറങ്ങിപ്പോകുമ്പോൾ എന്നോട് പറഞ്ഞു. "ശ്വേത പതുക്കെവന്നാൽ മതി. ലഞ്ചിന്റെ കാര്യം പേടിക്കണ്ട.– ഞാൻ വേഗം പോയിവന്ന് എല്ലാം റെഡിയാക്കും.– പോരേ?"

രവി പോയി–

ഞാൻ ശില്പയുടെ കൈപിടിച്ചു.

"ശില്പേ– നീ ഇരിക്ക്– എന്താ പ്രോബ്ളം?"

ശില്പയുടെ മുഖം വിളർത്തു.

"മോറൽ പോലീസ് " ഞാൻ ഉറങ്ങാൻ കിടന്നാൽ അവിനാശ് എന്റെ മൊബൈൽ തപ്പിയെടുത്ത് തിരയാൻ തുടങ്ങും. ആരൊക്കെയാണ് എന്നെ ഫോണിൽ വിളിച്ചത്? ഞാനാരെയെല്ലാം വിളിച്ചു? എത്ര മണിക്ക് വിളിച്ചു? എന്റെ ടെലഫോൺ സന്ദേശങ്ങളും, കോളുകളും ടാപ് ചെയ്യുകയാണത്രെ! പിന്നെ ഞാനെവിടെ പോകുന്നു, വരുന്നു. ഇങ്ങനെ രാവും പകലും ഒരാൾ മറ്റൊരാളെ പിന്തുടർന്നാൽ?"

ശില്പ കിതച്ചു. അവളുടെ രക്തത്തുടുപ്പാർന്ന മുഖം ഒരു കുഞ്ഞിന്റേതുപോലെ നിഷ്കളങ്കമാണ്.

"പ്രണയ വിവാഹം പരാജയമാവും എന്നമ്മ എപ്പഴേ താക്കീതുതന്നിരുന്നു. മൂന്നു വയസ്സു മുതൽ എന്നെ സംഗീതം പഠിപ്പിക്കാൻ കൊണ്ട് നടന്ന അച്ഛൻ ഞാൻ കാരണമാണ്–" ശില്പ വിതുമ്പി "ഞാൻ കാരണമാണ് മരിച്ചത്.– ഞാൻ അവിനാശിനെ വിവാഹം കഴിച്ചാൽ തകർന്നുപോകുമെന്ന് പേടിച്ച് ഹൃദയം തകർന്ന്"

ശില്പ പൊട്ടിക്കരഞ്ഞു.

കത്തുന്ന മേൽക്കൂരയ്ക്ക് കീഴെ ചുട്ടുപൊള്ളുന്ന ആത്മാവുമായി കഴിയുന്ന ഈ ഓമൽ സഖിയെ എങ്ങനെ ആശ്വസിപ്പിക്കാൻ!

"അച്ഛന് പണ്ടേ ഹെൽത്ത് പ്രോബ്ലംസ് ആയിരുന്നില്ലേ? ഇങ്ങനെ നീ തന്നത്താൻ കത്തരുത്, ശില്പേ മോൻ പറഞ്ഞല്ലോ നീ മരിക്കുന്നതാണ് നല്ലതെന്ന് പറഞ്ഞുവെന്ന്–

പെരുമഴപോലെ ശില്പയുടെ കണ്ണുനീർ പെരുകയാണ്. ജനിച്ച ദിവസം അവൾ കരഞ്ഞുവല്ലോ ഇനി ആ ദിനത്തിന്റെ ഓർമ്മ ആഘോഷിക്കുന്ന വേളയിലും അവൾ കരയട്ടെ–

സ്നേഹത്തേയും സഹാനുഭൂതിയേയും കുറിച്ച് ഞങ്ങളൊന്നിച്ചിരിക്കുന്ന വേളകളിൽ അവിനാശ് എത്രയൊ സംസാരിച്ചരിക്കുന്നു. എത്രയോ രോഷം കൊണ്ടിരിക്കുന്നു. എന്നിട്ടവന് ഈ സ്ത്രീയെ ഒരിക്കലും മനുഷ്യ സ്ത്രീയായി അംഗീകരിക്കാനായില്ലേ? അവൻ ജനിച്ചത് സ്ത്രീയിൽ നിന്ന്! എന്നിട്ടും സ്ത്രീത്വത്തോട് മനം പിരട്ടുന്ന അവഗണന– അനാദരവ്–

"ശ്വേതക്കറിയാമോ, വാക്കുകളാൽ എന്നെ മുറിപ്പെടുത്തുന്ന അവൻ എന്റെ ശരീരത്തെ എത്രമേൽ അപമാനിക്കുന്നുവെന്ന്– എന്നെ അഭിസാരികയെന്ന് വിളിച്ചുകൊണ്ട്

വാസ്തവമായും ഞാൻ നടുങ്ങി– സ്ത്രീയെ സംബന്ധിച്ച് രണ്ടുമൂന്ന് കാര്യങ്ങൾ അവിനാശിനറിയില്ലേ? ഒരു സ്ത്രീയെ സ്പർശിക്കണമെങ്കിൽ അവളുടെ അനുവാദത്തോടെ വേണമെന്ന്? അവളുടെ ശരീരത്തെ ആദരിക്കണമെന്ന്? അവളുടെ പ്രണയം ആർജ്ജിക്കണമെന്ന്? ശരീരത്തേക്കാൾ അവൾക്ക് ഹൃദയത്തിന്റെ സ്നേഹമാണ് ആവശ്യമെന്ന്. ഇതൊന്നും അയാൾക്ക് അറിയില്ലേ?

ശില്പകരച്ചിൽ നിർത്തിയിരുന്നു. രക്തം കിനിയുന്ന അവളുടെ മുറിവുകൾ എന്നെ എന്തെന്നില്ലാതെ നൊമ്പരപ്പെടുത്തി. അസഹ്യപ്പെടുത്തി. രോഷപ്പെടുത്തി.

സ്നേഹം കിട്ടാതെ നരകിച്ച് സ്വന്തം വീട്ടിൽ ഒരു ഭിക്ഷക്കാരിയെപ്പോലെ കരയുന്ന ഈ വലിയ കലാകാരി ഇനി എന്ത് ചെയ്യണമെന്നാണ് ഞാൻ ഉപദേശിക്കേണ്ടത്!

സ്നേഹത്തിന്റെ ബലപ്രയോഗങ്ങൾ അവളെ ആകെ വിശ്ലഥമാക്കിയിരിക്കാണ്. ഈ പരിക്കുകളിൽ നിന്ന് അവളെയെങ്ങനെ രക്ഷപ്പെടുത്തിയെടുക്കാം? ആർക്കവളെ രക്ഷിക്കാനാവും?

"ശില്പേ നീ വിഷമിക്കരുത്. നമുക്ക് അവിനാശുമായി സംസാരിക്കാം. അവൻ മനസ്സിലാക്കാതിരിക്കില്ല. നിന്നെ ഒരു കാലത്ത് അത്രകണ്ട് സ്നേഹിച്ചതല്ലേ? ഞങ്ങൾ സംസാരിക്കാം. മാറ്റമുണ്ടാവാതെ വരില്ല"

ശില്പയുടെ ചുണ്ടുകൾ ഒരു വികൃതമായ ചിരിയാൽ കോടി.

"ആർക്കുമൊന്നും ചെയ്യാനാവില്ല. ഒത്തുതീർപ്പിന് ശ്രമിക്കുന്നവരുടെ വീട്ടിൽ തനിയെ ചെന്ന് എന്റെ "വ്യഭിചാരകഥ"കൾ വിസ്തരിക്കുകയാണ് അവിനാശിന്റെ രീതി– ഇത് പലരും ശ്രമിച്ചതാണ്. അവിനാശിന്റെ മുമ്പിൽ എല്ലാവരും തോറ്റു"

എന്റെ ആത്മരോഷം വാക്കുകളായി മുറിയിൽ വീണ് ചിതറി.

"ഇരുപത്തിനാല് മണിക്കൂറും സ്പൈവർക്ക് ചെയ്യുന്ന ഒരാളുടെ കൂടെ ജീവിച്ചാൽ നിന്റെ ആത്മാവ് നശിക്കും, ശില്പേ– അയാൾക്കും പെൺ സുഹൃത്തുക്കൾ ഇഷ്ടം പോലെയില്ലേ? നിനക്ക് സ്വാതന്ത്ര്യമില്ലാത്ത ഈ വീട്ടിൽ ശ്വാസം മുട്ടുന്നില്ലേ? എന്നിട്ട് എന്തുകൊണ്ട് ഇതെല്ലാം എന്നിൽ നിന്ന് മറച്ചുപിടിച്ചു.

ശ്വേത പതുക്കെ ചിരിച്ചു.

"വിത്തം, വിദ്യ, രോഗം– ഇവ മൂന്നും അന്യനെ പ്രദർശിപ്പിക്കരുത്. എന്ന് അച്ഛൻ പറയും. അതുപോലെ ഇതന്റെ ആന്തരിക വ്രണമല്ലേ– ഇത് തുറന്ന് കാണിച്ച് നിന്റെ മുഖത്തെ ചെടിപ്പും അറപ്പും കാണേണ്ടല്ലോ–"


ഞാൻ നെഞ്ചിൽ കൈവച്ചു – ലോകത്തിനു മുമ്പിൽ അതീവഭാഗ്യവതിയായ ശ്വേത വാസ്തവത്തിൽ സ്വന്തം വീട്ടിൽ ഇത്രമേൽ ദരിദ്രയും നിസ്സാരയും ആണല്ലോ–

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

# FRENCH CARTOON
# C.K. RAGHAVAN

ckraghavanyz.blogspot.com








## വിവാഹിതരായി

കോഴിക്കോട് ചെറുവറ്റ "ഒടിപ്പുനത്ത്" വിജയന്റേയും (റിട്ട: സപ്ലൈകോ) ഉഷയുടേയും മകൾ ശോണിമയും വയനാട് കണിയാമ്പറ്റ "കൃഷ്ണപ്രസാദത്തിൽ" ഹരിദാസന്റേയും ശോഭനയുടേയും മകൻ വൈശാഖും തമ്മിൽ 24-04-2019 ന് വധുഗൃഹത്തിൽവെച്ച് വിവാഹിതരായി

**With Best Compliments From**
**Nakshatrarajyam Management & Staff**

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ശില്പ പതുക്കെ അടുത്തേക്ക് വന്ന് എന്റെ ചുമലിൽ തലചായ്ച്ചു.

"നീ പറഞ്ഞതെല്ലാം ശരിയാണ് ഇരുപത്തിനാല് മണിക്കൂറും ചാരപ്പണി നടത്തുന്ന ഒരു ഭർത്താവ്- ഒരു നിമിഷത്തേക്ക് പോലും വിശ്രമിക്കാനാവാതെ ഞാൻ ജോലിചെയ്യുന്നു. യാത്രകൾ, പരിശ്രമങ്ങൾ, പാടിപ്പടിക്കൽ, വീട്ടുജോലികൾ, സ്റ്റുഡിയോ ഇങ്ങനെ രാപ്പകൽ ഞാൻ - പക്ഷെ, എന്നെ നശിപ്പിച്ചേ അടങ്ങു എന്ന് ഒരുമ്പെട്ട് നടക്കയാണ് അവിനാശ്. എന്റെ പ്രശസ്തി, ഗാനങ്ങൾ, കൂട്ടുകെട്ടുകൾ യാതൊന്നും അവന് സഹിക്കാനാവുന്നില്ല. ഒന്നിച്ച് പുറത്ത് പോകുമ്പോൾ എന്നെക്കൊണ്ട് നിർബന്ധിച്ച് ഒരുപാട് ഐസ്ക്രീം കഴിപ്പിക്കും.- പാട്ടുകാർക്ക് ഐസ്ക്രീം നിഷിദ്ധമെന്ന് അറിയാമല്ലൊ. കഴിച്ചില്ലെങ്കിൽ ആളുകളുടെ മുമ്പിൽവെച്ച്- ബാക്കി പറയാനാവാതെ ശില്പ നിർത്തി-

ഞാൻ സഹികെട്ട് അലറി-

"പിന്നെ നീയെന്തിനിങ്ങനെ വിലകെട്ട്-"

ശില്പ ശാന്തത കൈവിടാതെ പറഞ്ഞു.

"ഇന്ന് കാലത്ത് അവിനാശ് എന്റെ മുറിയിൽ കടന്നുവന്ന് ഒച്ചവെച്ചു-എത്രയോ കാലമായി അവൻ കുടിച്ച് ബോധം കെട്ട് ഒരു മുറിയിലും ഞാൻ മറ്റൊന്നിലുമാണ് ഉറക്കം-ഇന്ന് കാലത്ത് എന്റെ പല പല പ്രേമകഥകളും കണ്ടുപിടിച്ച കാര്യങ്ങൾ പറയുന്ന കൂട്ടത്തിൽ, നിന്നെയെനിക്ക് മരിക്കും വരെ വേണ്ടയെന്നൊരു വാചകം പറഞ്ഞു- പക്ഷേ, ശ്വേതേ, എന്നെ ഒരു കാലത്ത് പ്രണനെപ്പോലെ സ്നേഹിച്ച ആളല്ലേ? എനിക്കവനെ വിട്ടുകളയാൻ വയ്യ.- അവനില്ലാത്ത ജീവിതം എനിക്ക് വേണ്ട"

ശില്പ ചെറുതായി കിതച്ചു.


പ്രണയ പൂരവ്വം, ഉരുകലിന്റേയും ഒന്നാകലിന്റേയും, അഹവും, കാലവും ഇല്ലാതാകലിന്റേയും ലോകത്ത് ജീവിക്കുന്ന ഞാൻ വിക്ഷുബ്ധയായ ഈ സ്ത്രീയുടെ ഉള്ളിലെ സ്ത്രീയെക്കണ്ട് അമ്പരന്നു.


എനിക്ക് മനസ്സിലായി, ഇനിയൊരാത്മാവിന് ജീവൻ കൊടുക്കാൻ, ശരീരം കൊടുക്കാൻ, സ്നേഹം കൊടുക്കാൻ ശില്പയ്ക്ക് അസാധ്യമാണ്. അവളുടെ സ്നേഹം ഒരുതരം ധ്യാനമാണ്-

ആത്മാവിന്റെ ഇന്നലെകളെ, ഇന്നിനെ എല്ലാം അവളുടെ കാമ്പുള്ള അന്തഃസത്ത അതേ പോലെ സ്വീകരിക്കുന്നു. സ്നേഹത്തിന്റെ നരകയാതനയെ അവൾ ആനന്ദമാക്കുവാൻ ശ്രമിച്ചേക്കും. നക്ഷത്രശൂന്യമായ ആകാശത്ത് അവളുടെ അകക്കണ്ണുകൾ കോടി നക്ഷത്രങ്ങൾ കണ്ടെത്തും. ഒരു നുണ സത്യമെന്ന് നിനച്ച് അവൾ ഈ ജീവിതത്തെ സമ്പന്നമാക്കാൻ ശ്രമിക്കും-

പുറത്ത് കാറിന്റെ ഹോൺ- മോറൽപോലീസ് വന്നിരിക്കും. സകലതും മറന്ന് ശില്പ ഗേറ്റ് തുറക്കാനായി വാതിൽ കടന്ന് പുറത്തേക്കോടി. ■

കവിത





അനിൽ ചെങ്ങണാശ്ശേരി

# യാത്ര എങ്ങോട്ട്

**നിദ്രപറന്നുപോയ കണ്ണുകൾ**
**ചുറ്റും കാണുന്ന യാഥാർത്ഥ്യങ്ങൾക്ക്**
**അഗ്നിയേക്കാൾ ചൂട്**
**ചുണ്ടുകൾ കയ്പുരസം നുകരുന്നു**
**ചളിക്കുണ്ടിൽ പിടയുന്ന സ്വപ്നങ്ങൾ**
**നിഴലുകൾ ഭീകര സത്വങ്ങളായി**
**വഴിയിലെന്നെ പിന്തുടരുന്നു**
**മുൾവേലികളാൽ ആവൃതം ചിന്തകൾ**
**മുൾമുനകൾകുത്തിത്തറയ്ക്കുന്നുകാലിൽ**
**ഭാരവും പേറി ഞാൻ യാത്ര തുടരുന്നു**
**ചോരയൂറ്റിക്കുടിക്കുന്ന സൂര്യൻ മുകളിൽ**
**ശൂന്യതയിലൂടെയുള്ള യാത്ര എത്രനാൾ**
**വഴിയിൽ, ഇലകൾ ഉണങ്ങിക്കിടക്കുന്നു**
**ദുർഗന്ധം വമിക്കുന്ന ഉഷ്ണമാരുതൻ**
**എന്റെ പിന്നാലെ ഒരു തെണ്ടിപ്പട്ടി**
**കിതയ്ക്കുന്ന ഈ യാത്ര എങ്ങോട്ട്?**

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ലോകവിചാരം



# വേണ്ടുന്നത് തിരഞ്ഞെടുക്കുക

പി.ആർ നാഥൻ



നാൽപ്പതുവർഷങ്ങൾക്കുമുമ്പ് മൂകാംബികയിലെ കുടജാദ്രിയിലേക്ക് കയറ്റം കയറി വനത്തിലൂടെ നടക്കുമ്പോൾ വൃദ്ധനായ ഒരു കാഷായ വസ്ത്രധാരി കൂട്ടത്തിലുണ്ടായിരുന്നു. സാധാരണക്കാരനായ ഒരു ഗൃഹസ്ഥന്റെ ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി പറയുന്നത് ശ്രദ്ധയോടെയല്ല കേട്ടത്. ആർക്കാണ് ഇങ്ങനെയൊക്കെ മറുപടി പറയാൻ കഴിയാത്തത് എന്നുവരെയും തോന്നി. വേദാന്തം പറയുന്നത് വളരെ എളുപ്പമാണെന്ന ധാരണ അക്കാലത്ത് ഉണ്ടായിരുന്നു. പിന്നീടാണ് അറിവിന്റെ ആഴങ്ങളിലാണ് വേദാന്തരഹസ്യങ്ങൾ കൂടിയിരിക്കുന്നത് എന്ന കാര്യം മനസ്സിലാക്കിയത്. നിങ്ങൾ എന്തുവേണമെങ്കിലും അമ്മയോട് ചോദിച്ചുകൊള്ളുക. അത് സന്തോഷത്തോടെ അമ്മ തരുന്നതാണ്. കാഷായധാരിയുടെ വാക്കുകൾ ഗൃഹസ്ഥനിൽ വലിയ ആശ്വാസമൊന്നും ഉണ്ടാക്കിയില്ല എന്ന് തോന്നുന്നു. എന്റെ മനസ്സിൽ ആ വരികൾ സ്ഥാനം പിടിച്ചെങ്കിലും അതിന്റെ സത്യാവസ്ഥ മനസ്സിലായത് പിന്നീടാണ്. എന്തും അമ്മയോട് ചോദിക്കാം. ചോദിക്കുന്നതെല്ലാം പരാശക്തി നമുക്ക് തന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ കിട്ടിയ തെല്ലാം നാം ചോദിച്ചു വാങ്ങിയതാണ്. ദുരിതങ്ങളും ക്ലേശങ്ങളും അമ്മ തരുന്നവയല്ല. അവയെല്ലാം നാം ചോദിച്ചുവാങ്ങിയതുതന്നെയാണ്.

ലളിതാസഹസ്രനാമത്തിലെ തൊള്ളായിരത്തി എൺപത്തി ഒൻപതാം നാമം എന്താണെന്ന് ശ്രദ്ധിക്കുക. ദേവീ "വാഞ്ഛിതാർത്ഥ പ്രദായിനി" യാണ്. ഈ നാമത്തിന്റെ അർത്ഥവ്യാഖ്യാനത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടേയിരിക്കുക. ആഗ്രഹിക്കുന്നവയല്ലേ ദേവി തന്നുകൊണ്ടിരിക്കുന്നത്? ഈ തടസ്സങ്ങളൊന്നും ഞാൻ ആഗ്രഹിച്ചവയല്ല എന്നാണോ പറയാൻ തുടങ്ങുന്നത്? തടസ്സങ്ങൾ ഉണ്ടാകുന്ന കാര്യവും സങ്കൽപ്പിച്ചിട്ടില്ലേ? പരീക്ഷയിൽ ജയിക്കുക എന്നതിനേക്കാൾ തോറ്റാലുണ്ടാകുന്ന ദുരിതങ്ങളെക്കുറിച്ചല്ലേ സങ്കൽപ്പിച്ചത്? ഞാൻ ഏകനാണെന്നും, എനിക്ക് ആരുമില്ല എന്നും നാം സങ്കൽപ്പിക്കുന്നില്ലേ?

ആഗ്രഹിക്കുന്നതാണ് പശ്ചാത്തലങ്ങളിൽ നിന്ന് നമുക്ക് കിട്ടുന്നത്. അങ്ങാടിയിൽ ചെന്നാൽ ചായ ആഗ്രഹിക്കുന്നവന് ചായ. ലഹരി ആഗ്രഹിക്കുന്നവന് ലഹരി. ആഗ്രഹിക്കുന്നത് മുന്നിൽ വന്നുചേരുന്നു. സ്നേഹം ആഗ്രഹിക്കുന്നവനിൽ സ്നേഹം നിറയുമ്പോൾ അവന് സ്നേഹം കിട്ടിക്കൊണ്ടിരിക്കുന്നു. ഈ ലേഖനത്തിലെ വരികളിൽ നിന്ന് വായനക്കാരൻ ആവശ്യമുള്ളത് വേർതിരിച്ചെടുക്കുന്നു. പാലും വെള്ളവും ചേർത്തുവച്ചാൽ ഹംസം പാലിനെ മാത്രം വേർതിരിച്ചെടുക്കുന്നു. ചിലർക്ക് ചീത്ത പദങ്ങൾ കിട്ടുന്നു. ഭൗതികമായ കാര്യങ്ങൾ ആഗ്രഹിക്കുന്നവർക്ക് പരാശക്തി അത് കൊടുക്കുന്നു. നിസ്സാരമായ കാര്യങ്ങളാണ് നാം ചോദിച്ചുകൊണ്ടിരിക്കുന്നത്. അഭൗതികമായ കാര്യങ്ങൾ ആഗ്രഹിച്ചുകൊള്ളുക. അതും കിട്ടുന്നതാണ്. ജീവിതത്തിൽ ഒരിക്കൽ മാത്രം എത്തിപ്പെടാൻ ഭാഗ്യമുണ്ടാകുന്ന ചില പുണ്യസ്ഥലങ്ങളിൽ ചെന്നുചേർന്നാലുണ്ടാകുന്ന അനുഭവം എനിക്ക് പറയാനുണ്ട്. ദിവസങ്ങളോളം നീണ്ട അലച്ചിൽ. ഒടുവിൽ സന്നിധിയിലെത്തുമ്പോൾ അവിടെ ഒരിടത്ത് ചരടും കൺമഷിയും മാലകളും വിൽക്കുന്ന കടകൾ കാണുന്നു. ചരടും മാലയും ലോക്കറ്റുകളുമൊക്കെ അത്യപൂർവ്വമായ വസ്തുക്കളല്ല. പക്ഷെ നാം അവിടേയ്ക്ക് നടക്കുന്നു. ഇനിയും മാല വാങ്ങണം. ലോക്കറ്റുവാങ്ങണം. നാട്ടിൽ മടങ്ങിച്ചെന്നാൽ മുത്തശ്ശി എന്താണ് കൊണ്ടുവന്നത് എന്ന് പേരക്കുട്ടി ചോദിക്കും. അവൾക്ക് കൊടു

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ക്കാൻ ഒരു ചുവന്ന ചരട് വേണം. സ്വർഗ്ഗത്തിൽ ചെന്നാലും നാം കവാടത്തിനു മുമ്പിലെ കടകളിലേക്ക് പോകും. ഫോണിന് ചാർജ്ജ് കയറ്റണ്ടേ? ചായ കുടിക്കണ്ടേ? ഇഡ്ഡലിതട്ട് വാങ്ങണ്ടേ?

വാഞ്ഛിതാർത്ഥപ്രദായിനിയായ അമ്മ അവിടെയിരുന്ന് ചിരിക്കുന്നു. നിങ്ങൾ ചോദിക്കുന്നത് ഇതൊക്കെയാണല്ലോ മക്കളെ എന്നു പറഞ്ഞ് വേദനിക്കുന്നു. സുരഥൻ എന്നൊരു രാജാവിന് തന്റെ ഭാര്യയേയും മകളേയും നഷ്ടപ്പെട്ടു. സുരഥൻ സുമേദസ് എന്ന മുനിയുടെ ആശ്രമത്തിലെത്തി. വിവരങ്ങൾ അന്വേഷിച്ചറിഞ്ഞശേഷം സുമേദസ് പറഞ്ഞു– അമ്മയോട് ചോദിച്ചോളൂ, വേണ്ടത് കിട്ടും. സുരഥൻ തപസ്സ് ചെയ്യുന്ന അവസരത്തിൽ സമാധി ചെട്ടിയാർ എന്നൊരു വ്യാപാരി അവിടെ വന്നു. ഭാര്യയും മക്കളും തന്നെ വധിക്കാൻ ശ്രമിക്കുകയാണെന്നും, അവരിൽനിന്നും രക്ഷപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. സമാധി ചെട്ടിയാരും തപസ്സു തുടങ്ങി. കഥാന്ത്യം ഇങ്ങനെ. സുരഥന് ഭാര്യയേയും മക്കളേയും തിരിച്ചു കിട്ടി. സമാധി ചെട്ടിയാർക്ക് മോക്ഷവും കിട്ടി. ഇരുവരുടെ ആഗ്രഹവും സാധിച്ചു എന്നർത്ഥം.

ഈ ലോകം ഒരു പ്രദർശന നഗരിയാണ്. ഇവിടെ വന്നിറങ്ങിയ ഓരോ മനുഷ്യനും ഓരോന്ന് ആഗ്രഹിക്കുന്നു. ചിലർക്ക് സ്നേഹിക്കണം. ചിലർക്ക് വെറുക്കാനാണിഷ്ടം. കലഹപ്രിയരുണ്ട്. കൊലക്കുറ്റം ആരോപിക്കപ്പെട്ട് ജയിലിൽ കിടക്കാൻ ഇഷ്ടപ്പെടുന്നവരുമുണ്ട്. സ്വീകരണം ഏറ്റുവാങ്ങാൻ ചിലർ. പോലീസിന്റെ കൈകൊണ്ട് അടി വാങ്ങാൻ ചിലർ. നിങ്ങൾക്ക് ഏത് ചാനലാണ് വേണ്ടത്? റിമോട്ടിൽ വിരലമർത്തിയാൽ ആ ചാനൽ കിട്ടും. അതുപോലെ എന്താണ് ആഗ്രഹിക്കുന്നത്? പരമമായ അർത്ഥത്തെ ചിലർ അന്വേഷിക്കുന്നു. അവർ ആചാര്യന്മാരായി മാറുന്നു. ചിലർ ജഗത്തിന്റെ ഗുരുഗനാഥന്മാരായി മാറുന്നു. പരാശക്തിയെ അവർ കൂട്ടികൊണ്ടുവരുന്നു. ഈ ലോകം വളരെ ചീത്തയാണെന്ന് സ്ഥാപിക്കുന്നവർ ചീത്തകാര്യങ്ങളെ മാത്രം വേർതിരിച്ചെടുത്ത് സ്വന്തം മനസ്സിനെ മലിനമാക്കുന്നു. ഈ ലോകം മനോഹരമാണെന്ന് വേറെ ചിലർ. വിളിക്കുമ്പോഴേക്കും വിളികേൾക്കുന്ന വാഞ്ചിതാർത്ഥപ്രദായിനിയോട് എത്ര നിസ്സാര വസ്തുക്കളാണ് നമ്മിൽ പലരും ചോദിക്കുന്നത് എന്നറിയുമ്പോൾ ലജ്ജ തോന്നേണ്ടതല്ലേ?




ധർമ്മാർത്ഥകാമമോക്ഷങ്ങളെ പുരുഷാർത്ഥങ്ങൾ എന്നു വിളിക്കുന്നു. ഇവയിൽ ഏത് അർത്ഥത്തെയാണ് നിങ്ങൾക്കു വേണ്ടത്? ധർമ്മത്തെ അനുഷ്ഠിക്കുക. അധർമ്മത്തെ ഒഴിവാക്കുക. ധർമ്മത്തെ അനുഷ്ഠിക്കാൻ ഇന്നത്തെ ലോകത്ത് സാഹചര്യമില്ല എന്ന് ഒരിക്കലും പറയരുത്. ധർമ്മത്തെ അനുഷ്ഠിച്ച് മാന്യമായി ജീവിക്കുന്ന ധാരാളം പേർ നമുക്കുചുറ്റും ഉണ്ട്. അസൂയ കൊണ്ട് നമുക്കവരെ അംഗീകരിക്കാൻ കഴിയുന്നില്ല എന്നേയുള്ളു. ധർമ്മിഷ്ഠരെ പരിഹസിക്കാനാണോ താല്പര്യം? അതിനും ദേവി അവസരമുണ്ടാക്കിത്തരും.

ജീവിതത്തിന്റെ അർത്ഥം അറിയുകയാണോ വേണ്ടത്? അത് അറിയാനായിട്ടാണ് ഞാൻ ഏറെ അലഞ്ഞത്. നിരവധി പുസ്തകങ്ങൾ എഴുതി. എല്ലാം ആത്മാന്വേഷണമായിരുന്നു. അർത്ഥം എന്ന പദത്തെ ധനം എന്ന രീതിയിലാണോ കാണുന്നത്? ധനം ഉണ്ടാക്കാനാഗ്രഹിക്കുന്നവർക്ക് ധനമുണ്ടാക്കാം. എത്ര പണമുണ്ടാക്കിയാലും കൊതി തീരാത്തവരുണ്ട്. മരണനേരത്ത് ഇതൊന്നും പ്രയോജനപ്പെടുകയില്ല എന്ന ജ്ഞാനം അവർക്ക് ആവശ്യമില്ല. പരാശക്തിക്ക് എല്ലാ പര്യായങ്ങളും ചേരും.

കാമത്തെയാണോ നിങ്ങൾ അർത്ഥങ്ങളുടെ കൂടെ തിരഞ്ഞെടുക്കാൻ പോകുന്നത്? കാമിക്കുന്നവരെ ദേവി നിരാശപ്പെടുത്തുന്നില്ല. കാമങ്ങളേയും ദേവി അംഗീകരിക്കുന്നു. ചില കാമങ്ങൾ ദുഃഖം തരുന്നവയാണ്. അതും ചോദിച്ചു വാങ്ങുന്നവരുണ്ട്. ശിവശക്തിയാൽ ഭസ്മീകരിക്കപ്പെട്ട കാമദേവനെ ചിലർ ആഗ്രഹിക്കുന്നു. ശിവശക്തിയാൽ അംഗീകരിക്കപ്പെട്ട കാമനെ സ്നേഹിക്കുന്നവരുമുണ്ട്. പരമപുരുഷാർത്ഥത്തെ തേടുന്ന സന്യാസിക്ക് അത് കിട്ടുന്നു. മോക്ഷം ആഗ്രഹിക്കുന്നവർക്ക് മോക്ഷം. യഥാർത്ഥത്തിൽ എന്തുവേണമെന്ന് നിശ്ചയിക്കുന്നത് നാം തന്നെയാണ്. തലോടൽ വേണ്ട എന്നു പറഞ്ഞ് തല്ല് ചോദിച്ചു വാങ്ങുന്നവരുണ്ട്. ഈ ഭൂമിയിൽ എത്രയോ പേർ അന്യരുടെ കണ്ണുനീർകൊണ്ട് സംപൃപ്തിയടയുന്നു? അന്യരുടെ കണ്ണീരു തുടയ്ക്കാനായി ഓടിനടക്കുന്നവരുമുണ്ട്. ഏത് അർത്ഥമാണ് കിട്ടേണ്ടത്, അതേ അർത്ഥം കിട്ടുന്നു. ദേവിയുടെ നാമങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നവരുമുണ്ട്. അവർക്കും കിട്ടുന്നു അവർക്ക് വേണ്ടുന്ന അർത്ഥം.

ചിരിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഇഷ്ടംപോലെ ചിരിക്കാൻ സന്ദർഭം കിട്ടുന്നു. വാഞ്ഛിതാർത്ഥപ്രദായിനി എന്നെനോക്കി ചിരിച്ചുക്കൊണ്ടിരിക്കുന്നതായി തോന്നുന്നു. അമ്മയോട് നല്ല അർത്ഥങ്ങൾ ചോദിച്ചു വാങ്ങുക. അതിനും വേണം പ്രദായിനിയുടെ അനുഗ്രഹം. ■

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode



കവിത

# കൈലാസ യാത്ര

കെ. ശ്രീധരൻ കടലുണ്ടി

ഹിമവാന്റെ സ്വർഗ്ഗീയ ശാന്തമാം പ്രകൃതികൾ
മനതാരിലോർമ്മയിൽ തങ്ങി നിൽപൂ
മൃദുലം മനോഹരം, സാന്ത്വന ഭാവങ്ങൾ
കുളിരാർന്ന താമര പൊയ്കകളും...
പുഷ്പോത്സവത്തിന്റെ സൗന്ദര്യമാധുരി
സ്വർലോക ഗംഗ തൻ തിരഭൂവിൽ...
മാനസ സരോവരിൽ സ്നാനത്തിനെത്തീടും
ഹിമവൽ പുത്രിയാം പരമേശ്വരി
അമ്മേ മഹാമായേ ദേവി മനോഹരി
പരമേശ്വരി ശ്രീ ലോകമാതേ...!
ഇടതൂർന്ന മാമരം ഹിമമാർന്ന മാമല
ഫലമാർന്ന ഭൂമി പ്രദേശങ്ങളും
ഇടവിട്ടു താവളം, ഇരുളാർന്ന ഗുഹകളും
ശാന്തി തൻ മന്ത്ര പ്രതിധ്വനികളും.
ഓം... നമശിവായ... ഓം... നമശിവായ
ആരോഹണങ്ങളും അവരോഹണങ്ങളും
ദുർഘടം നീളുന്ന പാതകളും
അടിതെറ്റിയാൽ അഗാധമാം ഗർത്തത്തിൽ
നിപതിയുമോരോ ജീവജാലങ്ങളും...!
ഗിരിശൃംഗമൗലിയിൽ ഭാവങ്ങൾ മാറുമ്പോൾ
ചടുലം, ഭീകരം, രൗദ്രഭാവം...
ഇടിയും, മിന്നലും, ഘോരമാം മാരിയും
ശരമാർന്നവേഗ സഞ്ചാരമേഘങ്ങളും
കിടിലം കൊള്ളിയ്ക്കും ഹുംകാര ശബ്ദവും
ഇടിയുന്ന മലകളും ഒഴുകുന്ന നദികളും
ഇതെല്ലാം സഹിച്ചും ക്ഷമിച്ചും ഗമിക്കണം
കൈലാസനാഥന്റെ മുമ്പിലെത്താൻ
ഭക്തിയും, ശ്രദ്ധയും, സത്യവും, ത്യാഗവും
മേൽമേൽ ജപിക്കണം നാമജപങ്ങളും
ദേവൻമാർ, മുനികൾ, ഋഷികളും സന്യാസി-
മാരാൽ നയിക്കണം കൈലാസമെത്തുവാൻ.

കവിത

# ഘനാന്തം



കവിത എസ്.കെ.

മറവിയെന്നെഗ്രസിക്കുന്നനേരത്ത്
ചിതലുതിന്നോർമ്മപൊടിയുന്നനേരത്ത്
ഒരുവിരൽനീട്ടി എന്നിലേക്കെത്തുക
പടരുമീ ചിതലൊന്നു നീക്കിടുക
കരിനിഴൽപൂണ്ട കോട്ടതൻ ഉള്ളിയായ്
സമയമേതുമറിയാതെ നില്ക്കവെ
കറുകറുത്തൊരു ചിന്തകൾ ശക്തമായ്
തുടലുചുറ്റിഉയർത്താൻ ശ്രമിക്കവേ
സമയബന്ധിതമായൊരുലോകവും
സ്വാർത്ഥചിന്തകൾ നിറഞ്ഞൊരു കാലവും
സമയബോധമില്ലാ കണികയായ്
സ്വയമുരുകിഅലിയുന്ന മാത്രയായ്
മാഞ്ഞുപോകുന്ന കാഴ്ചകൾക്കപ്പുറം
മൂകമാവുന്ന കേൾവിക്കുമപ്പുറം
ഒരുവിരൽനീട്ടി മുന്നിലായ് നിൽക്കുക
മുറുകെ എൻ വിരൽതുമ്പു പിടിക്കുക.

കവിത

# സാക്ഷികൾ



രജികുമാർ പുലാക്കാട്



തോട്ടുവക്കിലെ കൂടിച്ചേരലിനു
കൈതപ്പൂവും കരിമൂർഖനും
പരൽമീനും പൊന്മാനും
തോട്ടുവെള്ളവും തവളക്കരച്ചിലും
സാക്ഷി. കോടതി മുറിയിലെ
വേർപിരിയലിന് കറുത്തരൂപങ്ങളും ഒരു
കുരുടിയും വെന്തുചത്ത പങ്കയും
പുളിച്ച വാക്കുകൾ ഛർദ്ദിക്കുന്ന
ടൈപ്പ്റൈറ്ററും

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ചെറുകഥ



ഹരീഷ് കൊമ്മേരി

# എന്റെ ശാലീനം നിനക്കായ്

"അപ്പുമോനേ അപ്പുമോനെ. നീയിതെവിടെയാ"

അടുക്കളയിൽ നിന്നും ശാലിനിയുടെ ശബ്ദം ഉച്ചത്തിലായി... അവൾ അപ്പുമോനെ തിരിയുകയാണ്.

തിരക്കിട്ട ജോലിയിലാണ് അവളെന്ന് അടുക്കളയിലെ പാത്രങ്ങളും മിക്സിയും വാഷിങ് മെഷ്യനുമെല്ലാം വിളിച്ചറിയിക്കുന്നുണ്ട്.

അതിനിടയിലാണ് അപ്പുമോന്റെ കാര്യം ഓർത്തത്.അവനിതെവിടെപോയീ.. നൂറ് സ്ഥലത്ത് തന്റെ കണ്ണെത്തണം എങ്കിലേ ശരിയാവൂ. എന്തെല്ലാമോ തനിയെ പിറുപിറുത്തുകൊണ്ട് ശാലിനി മുറ്റത്തു നില്ക്കുന്ന ചെമ്പരത്തി മരത്തിൽ നിന്നും ഒരു കൊമ്പ് പൊട്ടിച്ചു.

അതുമെടുത്തുകൊണ്ട് അവൾ വീടിനു ചുറ്റും നടന്നുകൊണ്ട് അപ്പുമോനെ തിരയുകയാണ്.

വീടിന് തൊട്ടടുത്തെചായ്പിനകത്ത് ചാണകം മെഴുകിയ തറയിലിരുന്ന് രണ്ടുകണ്ണും പൊത്തിപ്പിടിച്ച് നാലുവയസുപ്രയമുള്ള അപ്പൂട്ടൻ കരയുകയാണ്.

എന്തിനാണവൻ കരയുന്നത്?

ശാലിനി തന്റെ കയ്യിലിരുന്ന വടി വലിച്ചെറിഞ്ഞുകൊണ്ട് അവന്റെ അരികിലേക്ക് ഓടിയെത്തി അവന്റെ ഇരു കവിളിലും ഒലിച്ചിറങ്ങുന്ന കണ്ണീർ കണങ്ങൾ കണ്ട് ശാലിനിയുടെ നെഞ്ച് പിടഞ്ഞു.

നേർത്തൊരു വിതുമ്പലോടെ അവൾ അപ്പുമോന്റെ മുന്നിൽ മുട്ടുകുത്തി ഇരുന്നു.

പിന്നീട് അവന്റെ ഇരു കവിളുകളിലും മാറിമാറി ഉമ്മവെച്ചു.

"എന്തിനാ. ന്റെ മോൻ കരയണത്?"



ശാലിനിയുടെ മാൻ മിഴികളിൽ നിന്നും രണ്ടുതുള്ളി മിഴിനീർ കണങ്ങൾ അടർന്നു വീണു.

"ന്റെ അച്ഛൻ മൂകാബീ പോയിട്ട് എത്ര ദിവസായീ അമ്മേ ഇതുവരെ വന്നില്ലല്ലോ? അച്ഛൻ വേറെ എവിടെ പോയതാ" ഏങ്ങലടിച്ചുകൊണ്ട് കരയുന്ന അപ്പൂട്ടനെ ശാലിനി വാരി എടുത്തു.

എന്തു പറഞ്ഞാണിവനെ ആശ്വസിപ്പിക്കേണ്ടത് എന്നറിയാതെ ശാലിനി കുഴങ്ങി. മുറ്റത്തു ഒഴിഞ്ഞ കോണിൽ തനിച്ചു നില്ക്കുന്നമാവിന്റെ കൊമ്പിൽ രണ്ടു കാക്കകൾ കൊക്കുരുമ്മിനില്ക്കുന്ന കാഴ്ച ശാലിനി ശ്രദ്ധിച്ചു.

അവയെ കൈചൂണ്ടികൊണ്ട് ശാലിനി അപ്പൂട്ടനോട് പറഞ്ഞു.:

"ദേ നോക്ക്... ആ കാക്കച്ചി പറയണത് കേട്ടോ.. അപ്പുമോന്റെ അച്ഛൻ ഇന്ന് വരുംന്ന്. .. മോൻ നോക്കിക്കോ അച്ഛൻ വരുമ്പോൾ മോന് കഴിക്കാൻ എന്തൊക്കെയാ കൊണ്ട്വരാന്ന്..."

അപ്പൂട്ടന്റെ കരച്ചിൽ തെല്ലൊന്നടങ്ങി.

"എന്തൊക്കെയാ കൊണ്ട്വരാ..."

അവൻ ശാലിനിയെ ആകാംക്ഷയോടെ നോക്കി.

"ലഡുവും മിഠായിയും...

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

പിന്നെ മോന് കളിക്കാൻ കാറും ബസും..."

ശാലിനി അരുമയോടെ അവന്റെ മുടിതഴുകി കൊണ്ട് പറഞ്ഞു.

"ഹായ്... നല്ലമ്മ.."

ശാലിനിയുടെ കവിളിൽ ഒരു നുള്ള് കൊടുത്തു കൊണ്ട് അപ്പൂട്ടൻ കളിക്കാനായ് മുറ്റത്തേക്ക് ഓടിമറഞ്ഞു.

ശാലിനി അവനെ നോക്കിനിന്നു.

ഭൂതകാല സ്മരണകൾ ഒരു ചലച്ചിത്രം കണക്കെ ശാലിനിയുടെ മനസ്സിലേക്ക് കടന്നു വന്നു.

അപ്പോഴേക്കും മുറ്റത്ത് ഒരു ഓട്ടോ വന്നു നിന്നു.

ശങ്കരേട്ടൻ അതിൽ നിന്നും ഇറങ്ങി.

അറുപതിനോടടുത്ത് പ്രായമുള്ള ശങ്കരേട്ടൻ ശാലിനിക്ക് സ്വന്തം അച്ഛനെ പോലെയാണ്. തൊട്ടയൽപ്പക്കത്തെ വീട്ടിലാണ് ശങ്കരേട്ടനും ഭാര്യ സരസ്വതി ടീച്ചറും താമസം. എന്തെങ്കിലും അത്യാവശ്യ കാര്യമുണ്ടങ്കിലേ ശങ്കരേട്ടൻ ശാലിനിയുടെ അരികിലേക്ക് വരാറുള്ളൂ.

ശങ്കരേട്ടനെ കണ്ടതും ശാലിനി കണ്ണുതുടച്ചു കൊണ്ട് അദ്ദേഹത്തെ നോക്കി പുഞ്ചിരിച്ചു.

ഓട്ടോക്കാരന് പണം കൊടുത്ത് ശങ്കരേട്ടൻ നേരെ ശാലിനിയുടെ അരികിലേക്ക് നടന്നടുത്തു.

വല്ലായ്മയോടെ തന്നെ നോക്കുന്ന ശങ്കരേട്ടന്റെ മുഖം കണ്ടപ്പോൾ ശാലിനിക്ക് പരിഭ്രാന്തിയേറി

"എന്താ ശങ്കരേട്ടാ.. എന്താ.."

ശാലിനി ചോദിച്ചു.

"രാജീവനുണ്ടോ ഇവിടെ?"

മുറ്റത്ത് നിർത്തിയിട്ടിരിക്കുന്ന ഓട്ടോക്ക് നേരെ കണ്ണോടിച്ചുകൊണ്ട് ശങ്കരേട്ടൻ ചോദിച്ചു.

"ഇല്ലല്ലോ.. രാജീവേട്ടൻ രണ്ടുമൂന്ന് ദിവസം മുൻപേ മൂകാംബികയിൽ പോകാണ് എന്നും പറഞ്ഞ് പോയതാണല്ലോ ഇതുവരെ എത്തീട്ടില്ല്യാ... എന്താ.. എന്താ ശങ്കരേട്ടാ.." കുറച്ച് ഭയപ്പാടോടെയാണ് ശാലിനി ശങ്കരേട്ടനെ നോക്കിയത്.

"ഏയ് പേടിക്കാനൊന്നുമില്ല." അദ്ദേഹം പറഞ്ഞു. "പാറമ്മൽ ജംഗ്ഷനിൽ വെച്ച് രാജീവനും ഉണ്ണികൃഷ്ണനുമായ് ചില്ലറ കശപിശ ഉണ്ടായീന്ന്... അവിടെ ഉള്ള ഓട്ടോക്കാരാ കാര്യം എന്നോട് പറഞ്ഞത്. ഉണ്ണി വേണ്ടതിലധികം മദ്യപിച്ചിരുന്നത്രേ. ഒരു പുണ്യസ്ഥലത്ത് പോയി വരുന്ന വഴിയായതിനാൽ രാജീവൻ ഒരുപാട് ക്ഷമിച്ചു നില്കുകയായിരുന്നു പോലും. ഒടുവിൽ ഉണ്ണി അരയിൽ കരുതിയിരുന്ന കത്തി എടുത്ത് രാജീവനെ കുത്താനൊരുങ്ങിയപ്പോഴാ കഥമാറീത്" ശങ്കരേട്ടൻ തുടർന്നു.

"ആ കത്തി ഉണ്ണീടെ ദേഹത്തു തന്നെയാ കൊണ്ടത്. വിവരമറിഞ്ഞതും ഞാൻ ഒരു ഓട്ടോ വിളിച്ച് പോരുകയായിരുന്നു.."

"എന്റീശ്വരാ ഞാനെന്തൊക്കെയാണീ കേൾക്കുന്നത്"പൊട്ടിക്കരഞ്ഞു കൊണ്ട് ശാലിനി ശങ്കരേട്ടന്റെ ചുമലിലേക്ക് വീണു. "നിക്ക് ഇപ്പം ന്റെ ഉണ്ണ്യേട്ടനെ കാണണം..."

ശാലിനിയുടെ ശബ്ദം നിലവിളിയായ് മാറി.

"മോളെ നീയൊന്നടങ്ങ്... രാജീവനെ നാടുമുഴുവൻ പോലീസ് തിരിയുകയാണ്. അതിനിടയിൽ നീയെന്തിനാ ഉണ്ണികൃഷ്ണനെ അന്വേഷിക്കുന്നത്? "

"ഇല്ല ശങ്കരേട്ടാ രാജീവേട്ടൻ എന്റെ കഴുത്തിൽ താലികെട്ടുന്നതിനു മുമ്പേ എന്നെ കല്യാണം കഴിച്ചവനാ ഉണ്ണ്യേട്ടൻ. ഇപ്പോഴും മനസ്സ് കൊണ്ട് ന്റെ ഭർത്താവ് ഉണ്ണ്യേട്ടനാ.. ന്റെ... ന്റെ അപ്പുമോന്റെ അച്ഛനാ ശങ്കരേട്ടാ ഉണ്ണ്യേട്ടൻ."

ഗദ്ഗദത്താൽ ശാലിനിയുടെ വാക്കുകൾ മുറിഞ്ഞു.

**കവിത**





ജനാർദ്ദനൻ കടുങ്ങപുരം

# പ്രണയനൊമ്പരം



**മൗനം വാചാലമായപ്പോഴും
പരസ്പരം തിരഞ്ഞു
കണ്ടെത്തിയില്ല
മനഃപൂർവ്വം കൂട്ടിമുട്ടാതെ
സമാന്തരമായി നടന്നു
ചക്രവാളംപോലെ
അടുത്തപ്പോൾ അകന്നു
അകന്നപ്പോൾ അടുത്തു
എന്റെ നോവുകളെ മറന്നു ഞാൻ
നിന്റെ നൊമ്പരങ്ങളിൽ മരുന്നുവെച്ചു
മൗനപ്രണയമിതു നാട്യമല്ല
അകലുവാനാവില്ല മരണത്തിലും**

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കവിത

# മുന്നേറുക



എം.കെ. രവീന്ദ്രൻ വൈദ്യർ
കൊടാപ്പള്ളി

മകളെ നീ പോവുക
മടി വേണ്ട ജ്ജീവിതം
അവിടയാണഖിലവും
മോർത്തു കൊള്ളു
ഇവിടം വിടും മുമ്പേ
ഓർക്കേണം പറയുന്ന
കാര്യങ്ങൾ പുള്ളി വിടാതെ-കുട്ടി
അമ്മയെനിനിനക്കമ്മേ-
ഭർത്താവിന്റെ
അമ്മയാണെന്നുമറിഞ്ഞുവെക്കു
പിടിവാശി മാറ്റി
അവരുടെയിച്ഛയിൽ
അവിടെ നീ ജ്ജീവിതം
പിടിമുറുക്കൂ
അതിസുഖ നിദ്രയിൽ
സമയം കളയാതെ
അവിടുത്തെ മകളായി
മരുമകളായി നീ
അഖില കാലവും കഴിഞ്ഞു കൂടൂ,
വ്യയമായി യാതൊന്നും
ചിലവാക്കാതെ- നില
മെച്ചമായ് വീടുഭരിക്കൂ-തങ്കം
കാന്തന്റെ മാനസ കർമ്മങ്ങൾ നന്മയിൽ
കൊണ്ടുപോകാനും നീ കണ്ടറിയൂ
(മകളെ)
ഓരോ പ്രവൃത്തിയും സൂഷ്മ നിരീക്ഷണ-
മൊക്കെ മനസ്സിൽ നീ ഓർത്തുവെച്ചു
ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചു
മുന്നോട്ടു പോകെന്റെ പൊന്നുമോളെ
നാത്തൂനും, ചിറ്റയും, മുത്തശ്ശിയുമെല്ലാം
നിന്റെ കുടുംബത്തിൽ ഋംഗലകൾ
കണ്ടറിഞ്ഞെല്ലാസ്വഭാവവും മാനിച്ച്
കർമ്മ ശുദ്ധിയോടെ മുന്നേറുക.



ഇടിവെട്ടേറ്റവനെ പോലെ തരിച്ചുനില്ക്കുന്ന ശങ്കരേട്ടന്റെ അടുക്കലേക്ക് നാലഞ്ച് ഓട്ടോകൾ വരിയായ് വന്നു നിന്നു. മിക്ചർ പ്രമോദും ഉരുക്കു ശശീന്ദ്രനും ദിനേശനും മറ്റുള്ളവരും ഇറങ്ങിവന്നു. ശങ്കരേട്ടനെ കണ്ടതും ഭയ ഭക്തി ബഹുമാനത്തോടെ അവർ നിന്നു.

"എന്താടാ ദിനേശ?" ശങ്കരേട്ടൻ ചോദിച്ചു.

"ശങ്കരേട്ടാ ഉണ്ണീടെ ബോഡി പോസ്റ്റ്മാട്ടം കഴിഞ്ഞ് കിട്ടിട്ടുണ്ട്. പാറമ്മൽ ജംഗ്ഷനിൽ പൊതു ദർശനത്തിന് വെച്ചിരികാ."

ദിനേശൻ ഒന്നുനിർത്തി വീണ്ടും തുടർന്നു.

"ഇങ്ങോട്ട് കൊണ്ടുവരണോ? അതോ ഞങ്ങൾ കൊണ്ട് പൊയ്ക്കോട്ടെ അവനെ?"

ശങ്കരേട്ടനടക്കം ചുറ്റിനും നിന്നവർക്ക് കരച്ചിലടക്കാനായില്ല. ശാലിനി അവർക്കിടയിലേക്ക് കയറി വന്നു

"നിക്ക് കാണണം. ഇനിക്ക് കാണണം. ന്റെ ഉണ്ണ്യേട്ടനെ ന്നെ.ഒന്നു കൊണ്ടു പോയി കാണിക്കോ പ്രമോദേട്ടാ.." ശാലിനി പ്രമോദിന്റെ നേരെ തിരിഞ്ഞു. പിന്നെ അവൾ അവിടെ നിന്നില്ല. അപ്പുമോനെയും എടുത്ത് പ്രമോദിന്റെ ഓട്ടോയിൽ കയറി. ശങ്കരേട്ടൻ ഉരുക്കു ശശീന്ദ്രന്റെ ഓട്ടോയിലും. ഒരു മുരൾച്ചയോടെ ഓട്ടോകൾ അവിടം വിട്ടകന്നു.

പാറമ്മൽ ജംഗ്ഷനിൽ ദീപാ ബേക്കറിലേക്ക് മുൻപിൽ തടിച്ചു കൂടിയ ആൾക്കൂട്ടത്തിന് നടുവിലേക്ക് ശാലിനി ഓടികയറിചെന്നു. മേശമേൽ ഉണ്ണികൃഷ്ണന്റെ ചേതനയറ്റ ശരീരം.

ശാലിനി അവന്റെ മാറിലേക്ക് വീണു പൊട്ടിക്കരഞ്ഞു.

"ഒന്നു കണ്ണു തുറക്കു ഉണ്ണ്യേട്ടാ.. ഉണ്ണ്യേട്ടന്റെ ശാലീനമാവിളിക്ക്ണത്."

ഉണ്ണികൃഷ്ണൻ ശാലിനിയെ അങ്ങനെയാണ് വിളിക്കാറ് എന്റെ ശാലീനംന്ന്.

ശാലിനിയുടെ കരച്ചിൽ കേട്ട് അപ്പുമോനും കരയാൻ തുടങ്ങി.

"ആരാ ഇത് ആരാണമ്മേ?"

അപ്പുമോൻ ശാലിനിയുടെ കൈവിരൽ തുമ്പു പിടിച്ച് വലിച്ചു. "നമുക്ക് പൂവ്വാം പൂവ്വാം അമ്മേ"

ശാലിനി സാരിതലപ്പു കൊണ്ട് മുഖം അമർത്തി പിടിച്ചു കൊണ്ട് നിന്നു.

അപ്പോഴേക്കും അവിടെ ഒരു പോലീസ് ജീപ്പ് വന്നു നിന്നു. അതിൽ നിന്നും എസ്.ഐ ശ്രീകാന്തും രാജീവനും ഇറങ്ങി. രാജീവൻ കൈവിലങ്ങുമായ് ശാലിനിക്ക് നേരെ നടന്നടുത്തു ശാലിനി ചുവന്ന കലങ്ങിയ കണ്ണുകൾകൊണ്ട് രാജീവനെ ദേഷ്യത്തോടെ നോക്കി.

ആ കണ്ണുകളിൽ കോപാഗ്നി ജ്വലിക്കുന്നത് രാജീവൻ കണ്ടു. ആ നോട്ടം സഹിക്കാനാവാതെ രാജീവൻ മുഖം തിരിച്ചു. പിന്നീട് ആരോടെന്നില്ലാതെ പറഞ്ഞു.

"ഞാനോരു തെറ്റും ചെയ്തിട്ടില്ല. എങ്ങിനെയാ

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കവിത

# തപാൽപെട്ടിയിൽ



മലയത്ത് അപ്പുണ്ണി

എങ്ങനെ വന്നു പെട്ടു
ഞാനീ തപാൽപെട്ടിയിൽ
പലയിടങ്ങളിൽനിന്നും വന്നവർ
പലവഴി പോകുന്നവർ
ഒട്ടിനില്ക്കുകയാണീ പെട്ടിയിൽ
ഒറ്റപ്പെട്ടവർ.
അന്യോന്യമറിയാതിങ്ങനെ-
ധാർഷ്ഠ്യങ്ങൾ കഷ്ടപ്പാടുകൾ
ആസക്തികളഹങ്കാരങ്ങൾ
അറിവുകൾ ആവിഷ്ക്കാരങ്ങൾ...
ആകുലതകൾ പ്രണയങ്ങൾ...
ഉള്ളിലുള്ളതെന്തെന്നറിയാതെ
ഈ തപാൽപെട്ടിക്കുള്ളിൽ
മരുവന്നു- ഞങ്ങൾ കത്തുകൾ
നഗരമൊരു തപാൽപെട്ടി!






**കണിക്കൊന്ന : ഫോട്ടോ**
**ചിത്രംമ്പാട്ട് നീലകണ്ഠൻ, തമ്പുരു, മുള്ളമ്പാറ റോഡ്**
**മഞ്ചേരി, ഫോൺ: 0483-2768998, 2767108, 9746257948**

ഉണ്ണിയുടെ വയറ്റിൽ കത്തി കയറിയതെന്ന് ഇനിയും എനിക്കറിയില്ല. ഏതോ അദൃശ്യശക്തി എന്നെ കൊണ്ട് ചെയ്യിച്ചതാണെന്നേ എനിക്ക് പറയാനാകു. രാജീവൻ തെറ്റുകൾ ചെയ്തിട്ടുണ്ട് ഒരുപാട്.. പക്ഷേ ഓരോ തവണ ഞാൻ തെറ്റിന്റെ തീച്ചുളകളിലേക്ക് എറിയപ്പെടുമ്പോഴും അതിന്റെ ഒരുവശത്ത് നന്മയുടെ ഒരു കണികയെങ്കിലും അവശേഷിക്കുന്നുണ്ടാവും എന്ന യാഥാർത്ഥ്യം നീ മനസ്സിലാക്കണം. നിനക്കുവേണ്ടി നമ്മുടെ അപ്പുമോനുവേണ്ടി ഞാനത് ചെയ്തു. അല്ല. എന്നേകൊണ്ട് അത് ചെയ്യിച്ചു.

"മതി നിർത്ത്.. തൃപ്തിയായില്ലേ നിങ്ങൾക്ക്"

ശാലിനി നിന്ന് കിതച്ചു.

"നിർത്താം. ... നിർത്താം.. ഇതു കൂടിനി കേൾക്കണം..."

രാജീവൻ തുടർന്നു.

"അപ്പുമോനെ ഉണ്ണി വേണമെന്ന് പറഞ്ഞു. തരില്ല എന്ന് ഞാൻ പറഞ്ഞു. അവിടെയാണ് തുടക്കം. അപ്പുമോൻ ഉണ്ണികൃഷ്ണന്റെതാണെന്ന് എനിക്കറിയാമായിരുന്നു. മരിക്കുന്നതിന് മുമ്പ് അവൻ നിന്നെയും അപ്പുമോനെയും ചോദിച്ചു. അപ്പുമോന് നല്കാൻ ഒരു സമ്മാനവും നല്കികൊണ്ടണവൻ പോയത്. അവന് തിരിച്ചറിയാവുന്ന പ്രായമാകുമ്പോൾ നീ ഇതവന് കൊടുക്കണം."

രാജീവൻ തന്റെ പോക്കറ്റിൽ നിന്നും ഒരു കറുത്ത ചരട് എടുത്ത് അത് ശാലിനിക്ക് നേരെ നീട്ടി

പുലി പല്ല് കൊണ്ട് സ്വർണത്തിൽ പൊതിഞ്ഞ ഒരു ലോക്കറ്റ് അതിനുണ്ടായിരുന്നു. അതിനു മുകളിൽ ഇങ്ങനെ എഴുതിയിരുന്നു.

എന്റെ ശാലീനം നിനക്കായ്. ■

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കവിത



# എന്തിനീദുഃഖം

**പോൾരാജൻ പി.വി.**

എന്നെ തലോടാതെങ്ങും-
പോകുവാൻ കഴിയാതെ,
മന്ദമായ് വീശി, വീശി
മന്ദമാരുതൻ ചാരെ,
എന്നന്തരാത്മാവിന്റെ-
തേങ്ങലും വ്യഥകളും
മറ്റാരുമറിയാതെ
സ്വാന്തനമേകാനെത്തി.
മൂകമായിരിക്കുമ്പോൾ-
ചിന്തതൻ മണിച്ചെപ്പ്
അറിയാതെ തുറക്കുന്നു
നൊമ്പരങ്ങളെ മാത്രം.
എണ്ണിയാൽ തീരാത്തതും
വിട്ടുപോയീടാത്തതും
മേൽക്കുമേൽ ചേക്കേറുന്നു
എന്നുള്ളം തകരുന്നു.
ഇണയെ പിരിഞ്ഞുള്ളോ-
രാധിയിൽ നീറി, നീറി
അന്ധകാരത്തിൽ മുങ്ങി
നിദ്രയെ പ്രാപിച്ചപ്പോൾ
പ്രകൃതിതൻ നിയമമെന്നറി-
യാതെ യെൻമനം
ഋതുക്കൾ കടന്നതും
ഞാനറിയാതെ പോയ്
ക്ഷണികമാണീ ജീവിതം
സ്നേഹിക്കാൻ വേണ്ടിമാത്രം
ജന്മം കൊണ്ടവരല്ലോ?
ഭൂമിയിൽ പിറന്ന നാം!
അന്തമാം വിശ്വാസത്തിൽ
ചിറകിൽ കയറി നാം
അനന്തമാം ലോകത്തിന്റെ-
മറുകര തേടിപ്പോണു.
അജ്ഞത സൃഷ്ടിച്ചൊരു
വിശ്വാസ പ്രമാണത്തെ-
അടിമുടി മാറ്റീടേണം
ജ്ഞാനിയായ് തീർന്നിടേണം.
എന്തിനിയാചാരങ്ങൾ
അനുഷ്ടാനങ്ങൾ വെറും
മിഥ്യയായ് അറിഞ്ഞു നാം-
മുന്നോട്ട് പോയീടേണം.



Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കവിത

# സ്വപ്നാടനം



പി.ടി. മുരളി മനോഹർ

നനവാർനൊരോർമ്മകൾ
വന്നൂപുണരുമ്പോൾ
കുളിർതന്നു സ്വപ്നങ്ങൾ നാമ്പിടുന്നു
കോരിത്തരിപ്പിയ്ക്കും തേൻ മഴത്തുള്ളിയിൽ
പൂത്തുലഞ്ഞാടുന്നു മോഹങ്ങളും
ആടിതിമിർത്തു മനസ്സിന്റെ മേടയിൽ
തത്തിക്കളിയ്ക്കും പൂത്തുമ്പിയായി
പാറിപ്പറന്നങ്ങുയർന്നു പൊങ്ങി,
പോയകാലത്തിൻ വിഹായസ്സിലേറി
ചുടുകാറ്റു വീശുന്ന ദുഃഖം ശമിച്ചല്ലോ
കുളിർകാറ്റു വീശിത്തുടങ്ങിയുള്ളിൽ.
പടുപാട്ടു പാടുന്ന കിളിയല്ല പൂക്കുയിൽ
മധുരമായ് പാടിത്തുടങ്ങി വീണ്ടും.
ചാമരം വീശ്ശിത്തരുന്ന തെന്നൽ
ശാന്തിതൻ മാധുര്യമേറെ നൽകി,
സ്വപ്നത്തിൻ മാണിക്യ മഞ്ചലേറി
പുലർകാലം തന്നൊരാ നിർവൃതിയിൽ
അടിമുടി കോരിത്തരിച്ചു നിന്നു.
ആനന്ദലഹരിയിലാറാടി നിന്നു
അറിയാതെയറിയാതെയൊഴുകി നീങ്ങി
ആഴങ്ങളെറെ കടന്നു ചെന്ന്
ഒരു സ്വപ്ന ലോകത്തിന്നധിപനായി.



# 41-ാം ചരമ ദിനം

13-05-2019 തിങ്കൾ




**എടോളി യശോദ (മരണം 03/04/2019)**
**കൊമ്മേരി, കോഴിക്കോട-673 007**

പരേതാത്മാവിന് നിത്യശാന്തി നേരുന്നു

**മക്കൾ: ഇ. രാധാകൃഷ്ണൻ, ഇ. ഗീത,**
**ഇ. രത്നകുമാരി, പരേതനായ ഇ. ബാബു, മരുമക്കൾ :**
**കെ. സുന്ദരൻ, എം. സുജാത, പരേതനായ കെ. കൃഷ്ണൻകുട്ടി**
**പേരമക്കൾ : കെ. നിജേഷ്, കെ. സുനോജ്,**
**രമ്യ നിതിൽ, കെ. മനേഷ്, മറ്റുകുടുംബാംഗങ്ങൾ**

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

# 51 th Wedding anniversary (08.01. 1968 - 08.01 2019)



## Gangadharan P & Valsala P.

**"Nisha Nivas"**
**Pandarakandi**
**Kinasseri**
**Kozhikode**

With Best Compliments from,
C.M. Sundaran & Baby Nisha Sundar
Sumisha Sundar, Abhilash P. & Aathmika
C.M.S. Glass, Plywood & Furniture, Kovoor
C.M.S. Furniture, Pottammal

# 29 th Wedding anniversary (06.05. 1990 - 06.05.2019 )



## Sundaran C.M. & Baby Nisha

**"Sreelayam"**
**Choyimadathil**
**Varattiyak**
**Kunnamangalam**

With Best Compliments from,
Sumisha Sundar, Abhilash P. & Aathmika
C.M.S. Glass, Plywood & Furniture, Kovoor
C.M.S. Furniture, Pottammal

# 1 st Birth Day (16.05. 2019)



## Aathmika P.P.

**D/O Abhilash P.**
**Sumisha Sundar**
**"Nadhabramam"**
**Pulparambil**
**Chathankavu**
**Kunnamangalam**

With Best Compliments from,
C.M. Sundaran & Baby Nisha Sundar
C.M.S. Glass, Plywood & Furniture, Kovoor
C.M.S. Furniture, Pottammal




Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

# Shivam International Short Filim Festival - 2019

- July 20, 21 തിയ്യതികളിൽ ഓപ്പൺ സ്ക്രീൻ മിനി തിയേറ്ററിൽ വെച്ച് Shivam International Short Filim മത്സരം നടക്കും.
- Filim Festival Award Function നെ ഓർമ്മപ്പെടുത്തുന്നരീതിയിലുള്ള അവാർഡ്ദാന ചടങ്ങ് സ്ക്രീനിങ്ങിനു ശേഷമുള്ള ആഴ്ചയിൽ സംഘടിപ്പിക്കും.
- വിവിധ വിഭാഗങ്ങളിൽ അവാർഡുകളും, മികച്ച ആദ്യ ചിത്രത്തിനു 25000, രണ്ടാമത്തെ ചിത്രത്തിനു 15000, മൂന്നാമത്തെ ചിത്രത്തിനു 10000, എന്നിങ്ങനെ ക്യാഷ് അവാർഡും, പ്രശസ്തി പത്രവും, ട്രോഫികളും നൽകുന്നതാണ്.
- താങ്കളുടെ സൃഷ്ടി ഈ വേളയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ജൂൺ 15ന് മുൻപായി താഴെകാണുന്ന A/C Number ലേക്ക് ആയിരം രൂപ അയച്ചു റജിസ്റ്റർ ചെയ്യേണ്ടതാണ്. (എൻട്രികൾ ജൂൺ 15 വരെ നീട്ടിയിരിക്കുന്നു)
- **Account details:**
  **Shimjith Sivan**
  **Canara Bank**
  **Calicut SME Branch**
  **A/C 2385101001997**
  **IFSC: CNRB0002385**
- **Google Pay details**
  **Shivam Music**
  **8075854561**
- Registration ചെയ്തതിനുശേഷം Bank Slip / Screen Short, നിർദ്ദിഷ്ട ഫോമിന് ഒപ്പം വാട്സ്ആപ്പ് ചെയ്തു തരേണ്ടതാണ്.
- യൂട്യൂബിൽ റിലീസ് ചെയ്തിട്ടുള്ളവർക്ക് Link അയച്ചുതന്നാൽ മതിയായിരിക്കും.
  അല്ലാത്തവർ Drive Link ആയോ Mp4 ഫോർമാറ്റിൽ DVD ആയോ താഴെ കാണുന്ന അഡ്രസ്സിൽ അയക്കുക.
  Shivam Digital Audio Recording Studio, Nandanam Buildind, Mooriyadu Road, Puthiyapalam, Calicut 673 002
- പ്രശസ്ത സംവിധായകൻ ഷാജൂൺ കാര്യാൽന്റെ നേതൃത്വത്തിൽ സംവിധായകൻ: ജോജോ വർഗ്ഗീസ്, തിരകഥാകൃത്ത്: ജി.എസ്. അനിൽ, നടനും തിരകഥാകൃത്തുമായ പ്രമോദ് വേദ ഉൾപ്പെടെയുള്ള വിദഗ്ദ ജൂറി അവാർഡിനർഹരായവരെ തിരഞ്ഞെടുക്കും. (ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും)
- സ്ക്രീനിങ്ങ് കമ്മറ്റി തിരഞ്ഞെടുക്കുന്ന എല്ലാ ചിത്രങ്ങളും പ്രദർശിപ്പിക്കും. എല്ലാ ചിത്രങ്ങൾക്കും പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റും മൊമൊന്റോസും നൽകുന്നതായിരിക്കും.
- കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട നമ്പർ: 7909118103, 7902318016, 9072451451, 9995931937

**Shimjith Sivan**


Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ലേഖനം



വിനോദ്കുമാർ ദാമോദർ

# നാഷണൽ വൈൽഡ് ലൈഫ് ബോർഡ് നോക്കുകുത്തിയാകുന്നുവോ?



**വന്യജീവികളുടെ ആവാസമേഖല സംരക്ഷിയ്ക്കുകയെന്ന ലക്ഷ്യത്തിൽ നിന്നും ബോർഡ് വഴി തെറ്റിയതായി കാണുന്നു.**

**ഇ**ന്ത്യയിലെ ഏറ്റവും ഉന്നതാധികാരങ്ങളോടുകൂടി പ്രവർത്തിക്കുന്ന ഒരു സർക്കാർ സമിതിയാണ് നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫ്. വന്യമൃഗ സംരക്ഷണ നിയമം (സെക്ഷൻ 3) 1972 ന്റെ ഘടന അനുസരിച്ച് രൂപികൃതമായ ഈ സമിതി ഇന്ത്യയിൽ പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കണമെന്നാണ് രൂപികൃതമായപ്പോൾ ഉണ്ടാക്കിയ ചട്ടം. ഇത്തരം ഒരു സമിതി രൂപികൃതമായത് 1972 ലാണ്. എന്നാൽ 2014–15 മുതൽ ഈ സമിതിയുടെ പ്രവർത്തനങ്ങൾ ചോദ്യംചെയ്യപ്പെടേണ്ട സാഹചര്യം നിലനിൽക്കുന്നതായി കാണുന്നു.

ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇന്നത്തെ ബോർഡ് യോഗങ്ങൾ. കേന്ദ്രവനം പരിസ്ഥിതി മന്ത്രിയാണ് യോഗങ്ങൾക്ക് അദ്ധ്യക്ഷത വഹിക്കുന്നത്. അതുകൊണ്ട് സംരക്ഷിത വനപ്രദേശങ്ങൾ, നാഷണൽ പാർക്ക്, കടുവാസങ്കേതങ്ങൾ തുടങ്ങിയവയിലും അതിനോടനുബന്ധിച്ചുള്ള പ്രദേശങ്ങളിലും തുടങ്ങുന്ന പദ്ധതികൾ, പല യോഗങ്ങളിലും നിഷ്പ്രയാസം അനുമതി നേടുന്നുവെങ്കിൽ ആദ്യകാലങ്ങളിൽ പ്രധാനമന്തിയുടെ അദ്ധ്യക്ഷതയിൽ ഇത്തരത്തിലുള്ള പദ്ധതികൾക്ക് സമ്മതം ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. ഇന്ന് പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയില്ലാത്തതു കാരണം ഇവ നിഷ്പ്രയാസം സാധിക്കുന്നുവെന്നുള്ളത് 2014–15 മുതൽ വന്യമൃഗ സംരക്ഷണ നിയമം (സെക്ഷൻ 3)നുണ്ടായ തിരിച്ചടിയാണ്.

2015 മുതൽ ഇതുവരെ നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫ് മുമ്പാകെ വന്ന 687 വികസന പദ്ധതികളിൽ 5 എണ്ണം മാത്രമേ അനുമതി നിഷേധിക്കപ്പെട്ടവയിൽപ്പെട്ടിട്ടുള്ളു. ബാക്കി 682 എണ്ണം സംരക്ഷിത വനമേഖലകൾക്കുണ്ടാക്കിയ നാശത്തെപ്പറ്റിയും മറ്റും വ്യക്തമായ രൂപം ഇതുവരെ പുറത്തു വന്നിട്ടില്ലായെന്നതാണ് യാഥാർത്ഥ്യം.

ആദ്യകാലങ്ങളിൽ ഈ വ്യവസാസങ്ങൾ ഏറ്റവും അധികം സംശയിച്ചിരുന്ന കാര്യമാണ് ഇവർക്ക് ബോർഡിന്റെ അനുമതി പത്രം ലഭിക്കുമോയെന്നുള്ളത്. എന്നാൽ ഇന്ന് കാര്യങ്ങൾ നേരെ തിരിച്ചാണെന്ന് സർക്കാറേതര സംഘടന

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode



**സംരക്ഷിത വനപ്രദേശത്തിനകത്ത്കൂടെ കടന്നുപോകുന്ന റോഡുകൾക്കിന്ന് വൈൽഡ് ലൈഫ് ബോർഡ് വേഗത്തിൽ സമ്മതപത്രം നൽകുന്നതായി കാണുന്നു.**

കൾ പറയുന്നു. ബോർഡ് യോഗങ്ങളിൽ കടുവസങ്കേതങ്ങളിൽകൂടിയുള്ള റോഡുവീതികൂട്ടൽവരെ ഇന്നു എളുപ്പം. വനം -വന്യജീവി മന്ത്രാലയം ഡയരക്ടർ ജനറൽ പറയുന്നത് 2014 –15 മുതൽ ഓൺലൈൻ വഴി എല്ലാ ക്രമങ്ങളും പാലിച്ചുകൊണ്ടാണ് വ്യവസായ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ വനമേഖല കേന്ദ്രീകരിച്ചുകൊണ്ടുള്ളവയ്ക്ക് വരുന്നതെന്നാണ്.

എന്നാൽ ഇത് വാസ്തവവിരുദ്ധമാണ്. കഴിഞ്ഞ സർക്കാറിന്റെ കാലത്തെ 243 വന നാശം വരുന്ന പദ്ധതികളും 2014–15 മുതൽ ബോർഡിന്റെ അനുമതി നിഷ്പ്രയാസം നേടിയെന്നുള്ളതാണ് വാസ്തവം.

വന്യജീവി ബോർഡിന്റെ ഘടനയെടുത്തു നോക്കിയാൽതന്നെ കാര്യങ്ങൾ ബോധ്യമാകും. 10 ടെക്നിക്കൽ പരിസ്ഥിതി അംഗങ്ങൾ ഉണ്ടാകേണ്ടതായ ബോർഡിൽ ഇപ്പോഴുള്ളത് അഞ്ചെണ്ണം മാത്രമാണ്. അഞ്ചു അംഗങ്ങൾ സർക്കാറേതര സംഘടനകളിൽനിന്നുമുണ്ടാകേണ്ടയിടത്ത് വെറും ഒരംഗമാണുള്ളത്. ഈ വിഭാഗത്തിൽ വരുന്ന അംഗങ്ങൾ വരുമ്പോൾ പദ്ധതികൾക്കെതിർപ്പു നേരിടേണ്ടി വരുന്നു.

കേന്ദ്ര ബോർഡ് ഇത്തരത്തിൽ നില്ക്കുമ്പോൾ, സംസ്ഥാന ബോർഡും നോക്കുകുത്തികളാകുന്നു. മുഖ്യമന്ത്രിമാർ അദ്ധ്യക്ഷന്മാരായി രൂപികരിക്കപ്പെട്ടിട്ടുള്ള സംസ്ഥാന ബോർഡ് യോഗം പോലും കൂടാറില്ല. എന്നാൽ ഇപ്പോഴത്തെ ഒരു ആശ്വാസം എന്നു പറയുന്നത് നാഷണൽ വൈൽഡ് ലൈഫ് ആക്ഷൻ പ്ലാനനുസരിച്ച് നൂറോളം കടൽ മേഖലകൾ പൂർണ്ണമായും സംരക്ഷിത മേഖലയായി പ്രഖ്യാപിക്കും.

2018 ൽ യുനൈറ്റഡ് നാഷൻസിന് ഇന്ത്യ സമർപ്പിച്ച റിപ്പോർട്ട് അനുസരിച്ച് ഈ മേഖല അവിടത്തെ ജനങ്ങളുമായി ചേർന്ന് സംരക്ഷിക്കുമെന്നാണ് കണക്കു കൂട്ടൽ. ഈ പദ്ധതിയനുസരിച്ച് തീരപ്രദേശങ്ങളിലും സംരക്ഷിത മേഖലയുണ്ടാകും. കടലാമകൾ ധാരാളമായി വരുന്ന മേഖലയും ഇതിൽപെടുന്നു. ■



**വൈൽഡ് ലൈഫ് ആക്ഷൻ പ്ലാൻ അനുസരിച്ച് നൂറോളം കടൽ-പുഴ മേഖല സംരക്ഷിയ്ക്കും**

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

നോവലറ്റ്



ആരംഭം 1



നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# നിലാവ് പൂക്കും താഴ്‌വാരം

**കോ**ടമഞ്ഞിറങ്ങി തണുത്ത് മരവിച്ചൊരു പ്രഭാതം. രൂപാസെൻ പത്രമാഫീസിൽനിന്ന് നൈറ്റ് ഷിഫ്റ്റ് ഇറങ്ങുന്നതിനുമുൻപ് അന്ന് ഒരു മണിക്കൂർ നേരത്തെ ഇറങ്ങി. അനുവാദം വാങ്ങാൻ ചീഫിന്റെ മുറിയിൽ കടന്നപ്പോൾ അദ്ദേഹത്തിന്റെ നോട്ടംകണ്ട് തന്നെത്താൻ അവൾ ചൂളിപ്പോയി. താനെന്തെങ്കിലും തെറ്റു ചെയ്തോ? ആ നോട്ടത്തിൽ അവൾ അസ്വസ്ഥയായെങ്കിലും അദ്ദേഹവുമായി ഒരു വാഗ്ദത്തത്തിന് അന്നേരം മുതിരാതെ നേരെ കോറിഡോറിലൂടെ പുറത്തേക്ക് നടന്നു. നടക്കുമ്പോൾ വരാന്തയിൽ ലെറ്റർബോർഡിൽ തന്റെ പേരിലൊരു കത്തുണ്ടെന്ന് പ്യൂൺ നിരുപംറോയ് വന്നുപറഞ്ഞത് രൂപ ഓർത്തു. തന്നെ കണ്ടതുകൊണ്ടാകാം നിരുപം അപ്പോഴേക്കും ആ കത്തുമായി തന്റെ അരികിലെത്തി. കത്ത് വാങ്ങി അഡ്രസ്സ് ഒന്ന് ഓടിച്ചു നോക്കി. അപ്പോഴാണ് ചീഫിന്റെ ചുഴിഞ്ഞ നോട്ടത്തിനുള്ള കാരണം മനസ്സിലായത്. കത്തു പൊട്ടിച്ചു. നോട്ടത്തിനിടയിൽ കത്തിനകത്തെ വരികൾ മുഴുവനും ഹൃദിസ്ഥമായി മനസ്സിൽ ഉൾക്കൊണ്ടുകഴിഞ്ഞിരുന്നു. കത്ത് വാനിറ്റി ബാഗിൽ നിക്ഷേപിച്ച് നിരുപമിനോട് നന്ദിയും പറഞ്ഞ് നേരെ റോഡിലേക്കിറങ്ങി.

റിപ്പോർട്ടർ നീരജ് ഘോഷ് വന്നിറങ്ങിയ ജഡ്ക അന്നേരം മുന്നിൽ വന്ന് നിൽക്കുന്നതുകണ്ട് അതിൽ കയറിയിരുന്നു.

ജഡ്ക ഓടിക്കുന്നയാൾ പുകയിലക്കറ പിടിച്ച പല്ലുകാട്ടി വെളുക്കെ ഒന്ന് ചിരിച്ചു. എന്നിട്ട് ചോദിച്ചു:

എവിടേക്കാണ് മാഡം?

വിക്ടോറിയ....

യെസ് മാഡം..... അയാൾ കറുപ്പിന്റെ ലഹരിയിൽ മത്തുപിടിച്ച് ഒരു ഹിന്ദി പാട്ടും പാടിക്കൊണ്ട് കുതിരയെ അതിവേഗത്തിൽ തെളിച്ചു.

രാവിലെ സമയം 10 മണി. നഗരത്തിൽനിന്നും ആറുമൈലോളം മാറി നിൽക്കുന്ന സെൻട്രൽ ജയിലിന്റെ മുൻവശത്തെ കൂറ്റൻ ഗെയ്റ്റിനുമുമ്പിൽ കുതിരകൾ നിന്നു. ജഡ്ഗക്കാരന് കൂലികൊടുത്ത് ഗെയ്റ്റ് കടന്ന് അവൾ ജയിലിനുള്ളിലേക്ക് നടന്നു.

വാകമരങ്ങൾ തണൽവിരിച്ച ജയിലിന്റെ മുൻവശത്തെ ഗെയ്റ്റിൽ നിന്നും അരനാഴികയോളം ദൂരം നടന്നാലേ ജയിൽ സൂപ്രണ്ടിന്റെ ഓഫീസിൽ എത്തുകയുള്ളൂ. അവൾ അതിവേഗത്തിൽ നടന്നു. ജയിലിലേക്കുള്ള വഴിയുടെ ഇരുവശങ്ങളിലും വാകമരങ്ങൾ വരിവരിയായി വെച്ചുപിടിപ്പിച്ചിട്ടുണ്ട്. പൂത്തുനിൽക്കുന്ന വാകമരങ്ങളിൽ കുളിർകാറ്റ് തലോടുമ്പോൾ വൃശ്ചികമാസത്തിലെ കോടമഞ്ഞിന്റെ നനുത്ത കുളിർമയിൽ നിന്നുള്ള എന്തെന്നില്ലാത്ത ഒരു സുഖം മനസ്സിന്. അന്തരീക്ഷത്തിന് തലേന്ന് രാത്രി പെയ്ത പുതുമഴയിൽ നനഞ്ഞ മണ്ണിന്റെ ഗന്ധമാണുള്ളത്. അവൾ വിചാരിച്ചു.

ഒരുകൂട്ടം നിരപരാധികളുടെയും അതിലധികം അപരാധികളുടെയും സ്വപ്നങ്ങൾ വാരിക്കരിയുന്ന ഈ നാലു ചുവരുകൾക്കുള്ളിലേക്ക് എന്തേ ഇപ്പോൾ വരാൻ തോന്നിയത്? ചിലപ്പോൾ വിലകുറഞ്ഞ, ഇറക്കുമതി ചെയ്ത മാർക്സിയൻ സിദ്ധാന്തങ്ങളും മറ്റും പഠിച്ച് ജന്മിമാരെയും സമ്പന്നവർഗ്ഗത്തെയും ഉന്മൂലനം ചെയ്യാൻ ഇറങ്ങിപ്പുറപ്പെട്ട കമ്യൂണിസ്റ്റ് തീവ്രവാദ സംഘടനയുടെ നേതാവായ സുബാഷ് ഘോഷിനെ വീണ്ടും കാണാനും സംസാരിക്കാനുമുള്ള അഭിവാഞ്ജയായിരിക്കുമോ ഈ ആകർഷണം. ഘോഷിനെക്കുറിച്ചുള്ള സ്വപ്നങ്ങളുടെ ഓർമ്മകൾ വീണ്ടും അതിർവരമ്പുകൾ പൊട്ടിച്ചിരിക്കുമോ? മനസ്സിലൂടെ ഒരായിരം സംഭവങ്ങളാണ് ഓടിയടുക്കുന്നത്.

ശ്രീലങ്കയിലും കാശ്മീരിലും മറ്റും തീവ്രവാദികൾ വരുത്തിവെക്കുന്ന കുഴപ്പങ്ങൾ. ഹോ.... ദിവസവും പത്തും പതിനഞ്ചും പേരെ അവർ വെടിവെച്ച് കൊല്ലുന്നു. സാമ്പത്തിക സമത്വവും സ്വതന്ത്രവുമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുവാൻ ഇറങ്ങിയ ഇവർ പാകിസ്ഥാനിൽനിന്നും അഫ്ഗാനിസ്ഥാനിൽനിന്നും ലഹരി വസ്തുക്കളും സ്വർണ്ണവും കള്ളക്കടത്ത് നടത്തുന്നു. അത് വിറ്റ് ആയുധങ്ങൾ വാങ്ങുന്നു. നാടിനെ ഛിന്നഭിന്നമാക്കുന്ന ഇത്തരം ശക്തികൾ നാൾക്കുനാൾവളരുന്നു. എന്തൊരു വിരോധാഭാസം. തൊഴിലില്ലാത്തവരും പണമോഹികളുമായ ചെറുപ്പക്കാർ വഴിതെറ്റി ഇത്തരം സംഘടനകളിൽ ചേക്കേറുന്നു. പിന്നീടൊരിക്കലും സമൂഹത്തിലേക്ക് തിരിച്ചുവരാനാകാത്ത വിധം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് അവർ മരണംവരെ ഇത്തരം സംഘടനകളുടെ അടിമകളാകുന്നു.

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

നടന്നുനടന്ന് അവൾ ജയിൽ സൂപ്രണ്ടിന്റെ ഓഫീസിനുമുന്നിലെത്തി.

ജയിൽസൂപ്രണ്ടിന്റെ ഓഫീസിന് മുമ്പിൽ കാവൽ നിൽക്കുന്ന സെൻട്രിയുടെ അനുവാദം വാങ്ങാതെ സൂപ്രണ്ട് ഇരിക്കുന്ന മുറിയിലേക്ക് പോകാൻ പറ്റില്ല.

അവൾ സെൻട്രിയുടെ അടുത്തേക്ക് നീങ്ങി.

സാർ... എനിക്ക് ജയിൽ സൂപ്രണ്ടിനെ ഒന്നുകാണണം.

മീശക്കാരനായ സെൻട്രി ജയിൽ സൂപ്രണ്ടിന്റെ അനുവാദം വാങ്ങിക്കൊണ്ടുവന്ന് അകത്തേക്ക് ക്ഷണിച്ചു.

അവൾ സെൻടിയുടെ കൂടെ നീണ്ടവരാന്തകൾ പിന്നിട്ടുകൊണ്ട് സൂപ്രണ്ട് ഇരിക്കുന്ന മുറിക്കരികിലെത്തി. വാതിലിനുമുകളിൽ മിഥുൻ ചന്ദ്രചാറ്റർജി 'ജയിൽ സൂപ്രണ്ട്' എന്ന ബോർഡ് കറുപ്പിൽ വെളുത്ത അക്ഷരത്തിൽ പതിച്ചിരിക്കുന്നു.

മേ ഐ കമിംങ് സാർ .

യേസ് കമിംങ്, സൂപ്രണ്ട് അകത്തേക്കുവിളിച്ചു.

ഒരു ഗുഹയിൽനിന്നും ഏതോ ഒരു മൃഗത്തിന്റെ ഗർജ്ജനം പോലെയാണ് അയാളുടെ ശബ്ദമെന്നവൾക്കുതോന്നി.

ഹാഫ് ഡോർ തുറന്ന് അവൾ സൂപ്രണ്ടിന്റെ മുന്നിൽ ചെന്നുനിന്നു.

ഇരിക്കൂ... സൂപ്രണ്ട് പറഞ്ഞു.

എന്താണ് നിങ്ങൾക്ക് വേണ്ടത്. ചുവന്ന കണ്ണുകളും കൊമ്പൻമീശയുമുള്ള സൂപ്രണ്ടിന്റെ കനത്ത ശബ്ദം.

അവൾ താൻ വന്ന കാര്യം ചുരുക്കി പറഞ്ഞു.

സാർ, നമ്മുടെ രാജ്യത്ത് പ്രത്യേകിച്ച് ബംഗാളിലും ആന്ധ്രയിലും മറ്റും ഉടലെടുത്ത കമ്യൂണിസ്റ്റ് തീവ്രവാദ പ്രസ്ഥാനത്തിന്റെ നേതാവായ സുഭാഷ്ഘോഷ് എന്ന യുവാവിനെ കോടതി ജീവപര്യന്തം തടവുശിക്ഷ വിധിച്ച് ഈ ജയിലിലേക്കയച്ചിരിക്കുന്നതായി വിവരങ്ങൾ അറിഞ്ഞു. ഞാൻ കൽക്കത്ത ടൈംസ് എന്ന പത്രത്തിന്റെ ലേഖികയാണ്. പേര് രൂപസെൻ. എനിക്ക് ഘോഷിനെയൊന്ന് കണ്ട് നേരിൽ സംസാരിക്കാൻ അനുവാദം തരണം.

സോറി മിസ്സ് രൂപ. കൽക്കത്ത ടൈംസിന്റെ ലേഖികയായ നിങ്ങളെപ്പറ്റി ഞാൻ ധാരാളം കേട്ടിട്ടുണ്ട്. പോലീസ് ചാർജ്ജ് ചെയ്ത പല കേസ്സുകളിലെയും പുള്ളികളെ ഇന്റർവ്യൂ ചെയ്ത് അവർ നിരപരാധികളാണെന്ന് സ്ഥാപിച്ച നിങ്ങൾ പോലീസിനുതന്നെയൊരു തലവേദനയാണ്.

അതുപോലുള്ള ഒരു കേസ്സല്ല ഈ കമ്യൂണിസ്റ്റ് തീവ്രവാദി തടവുകാരുടേത്. നിങ്ങൾ വല്ലതും എഴുതിക്കൂട്ടി പത്രത്തിൽ വന്നാൽ സർക്കാരിനോട് ഞാൻ സമാധാനം പറയണം. നിങ്ങൾ ഇപ്പോൾ പോകൂ. അയാളെ കാണാൻ പറ്റില്ല. വേണമെങ്കിൽ വകുപ്പുമന്ത്രിയിൽനിന്നും നേരിട്ട് അനുവാദം വാങ്ങി വന്ന് കണ്ടുകൊള്ളൂ.

സാർ, ഇവർ ചെയ്ത പല അതിക്രമങ്ങളും ന്യായീകരിക്കാവുന്നതല്ല. ഡാർജിലിംഗ് ജില്ലയിലെ തേയിലത്തോട്ടത്തിൽ പ്ലാന്ററായ അനുപം റാണയെ പിടിച്ചുകെട്ടി വെടി വെച്ച് കൊന്നതടക്കമുള്ള പല കേസ്സുകളും ഇവർ കിരാതന്മാരാണെന്ന് വിളിച്ചുപറയുന്നതാണ്. ഇവരെ ന്യായീകരിക്കുവാൻ ഭൂമിയിൽത്തന്നെ ഒരു മനുഷ്യജീവിയെങ്കിലും ഉണ്ടാകുമെന്ന് തോന്നുന്നില്ല. എങ്കിലും അയാളെ എനിക്കൊന്നു കാണണം. അവൾ ജയിൽ സൂപ്രണ്ടിനെ ഒന്നു മയപ്പെടുത്താൻ നോക്കി. അയാളുടെ മുഖഭാവം തെല്ലൊന്ന് അയഞ്ഞതായി തോന്നിയപ്പോൾ അവൾ തുടർന്ന് പറഞ്ഞു: കുറച്ച് ഫോട്ടോകളും ഒരു ഇന്റർവ്യൂവിലും ഞാൻ കാര്യങ്ങൾ ഒതുക്കിക്കൊള്ളാം സാർ.

ലുക്ക് മിസ്സ് രൂപ. എന്റെ കുട്ടികളുടെ ചോറിൽ നിങ്ങൾ മണ്ണിടരുത്. ഒരിക്കലും അനുവദിക്കാൻ പാടില്ലാത്തതാണ് ഞാൻ ചെയ്യുന്നത്. മേലുദ്യോഗസ്ഥന്മാരുടെയും വകുപ്പു മന്ത്രിയുടെയും അപ്രീതിക്ക് പാത്രമായാൽ എന്റെ ഗതി ഞാൻ പറയണമെന്നില്ലല്ലോ. അവൾ അയാളുടെ മുഖത്തേക്കൊന്നുറ്റുനോക്കി. അയാളുടെ മുഖത്ത് അപ്പോൾ ഭയത്തിന്റെ ചെറിയൊരു ലാഞ്ചനയുണ്ടായിരുന്നോ?

സൂപ്രണ്ട് മേശപ്പുറത്ത് വെച്ചിരിക്കുന്ന കോളിംഗ് ബെല്ലിൽ വിരലമർത്തി. ഹാഫ് ഡോർ തുറന്ന് ഒരു വാർഡൻ സൂപ്രണ്ടിന്റെ മുന്നിൽ വന്ന് സല്യൂട്ട് ചെയ്തുകൊണ്ട് ചോദിച്ചു: എന്താണ് സർ?

മിസ്റ്റർ ബങ്കിംമുള്ള, ഈ കുട്ടി ഒരു പത്രപ്രവർത്തകയാണ്. കമ്യൂണിസ്റ്റ് തീവ്രവാദ തടവുകാരനായ സുഭാഷ് ഘോഷിനെ അടച്ചിട്ട മുറി ഇവർക്കൊന്ന് കാണിച്ചുകൊടുക്കണം.

യെസ് സാർ.

നൂലുപോലെ മെലിഞ്ഞുനീണ്ട കൈകാലുകളുള്ള ബങ്കിംമുള്ള സൂപ്രണ്ടിനെ സല്യൂട്ട് ചെയ്തുകൊണ്ട് തിരിഞ്ഞ് നടന്നു. വാർഡനോടൊപ്പം നടന്നെത്താൻ അവൾ വളരെയധികം വിഷമിച്ചു.

ഇരുളടഞ്ഞ ഇടനാഴികകൾ. പുറംലോകത്തിന്റെ കാറ്റും വെളിച്ചവും കടക്കാത്ത സെല്ലുകളിൽ ക്ലാവുപിടിച്ച് മരവിച്ച മനസ്സുള്ള കുറേ മനുഷ്യർ. ആ മുഖങ്ങളിൽ ദൈന്യത നിറഞ്ഞുനിൽക്കുന്നത് അവൾ കണ്ടു. മരക്കൊമ്പുകളിൽ ചേക്കേറുന്ന ഇണക്കിളികളുടെ ശബ്ദം നേർത്ത് നേർത്ത് ഇല്ലാതായിക്കൊണ്ടിരുന്നു.

നടന്ന് നടന്ന് അവർ സുഭാഷ് ഘോഷിനെ അടച്ചിട്ട സെല്ലിനരികിലെത്തി.

ഇതാണ് സുഭാഷ് ഘോഷിനെ അടച്ചിട്ട സെല്ല്. ജയിലറകളുടെ മൂകമായ അന്തരീക്ഷത്തിൽ വാർഡന്റെ ശബ്ദം മുഴങ്ങി.

തിരിഞ്ഞു നോക്കുമ്പോൾ വാർഡൻ നടന്നുകഴിഞ്ഞിരുന്നു.

അവൾ സുഭാഷ് ഘോഷിനെ അടച്ചിട്ട ജയിൽ മുറിയുടെ കനത്ത ഇരുമ്പുകമ്പികളിൽ പിടിച്ച് നിന്നു.

വെട്ടിയിട്ട തടിപോലെ കിടക്കുകയാണ് ഘോഷ്. വിശ്വസിക്കാനാവുന്നില്ല. ജീവിതത്തിൽ ഒരാൾക്കുമുമ്പിലും വഴങ്ങാതിരുന്ന തന്റെ എല്ലാമായ സുഭാഷ് തന്നെയാണോ ഇത്. കണ്ണുകളെ വിശ്വസിപ്പിക്കാനായില്ല. സ്വന്തം വിശ്വാസ പ്രമാണങ്ങളുമായി ഒറ്റയാനെപ്പോലെ നടന്ന തന്റെ ആ സഹപാഠിയാണോ ഈ കിടക്കുന്നത്?

സുഭാഷിന്റെ കണ്ണുകൾ അസാധാരണമായി തിളങ്ങുന്നതും ചുണ്ടുകൾ വിറയ്ക്കുന്നതും അവൾ കണ്ടു. കണ്ണിൽനിന്നും നീർ ഒലിച്ചിറങ്ങുന്നു. കണ്ണുനീർ തുള്ളികൾ നീണ്ടുവർളർന്ന താടിരോമങ്ങളെ കുതിർത്ത്, നിലത്തെ പരുപരുത്ത സിമന്റ് തറയിൽ ഉറ്റിറ്റ് വീഴുന്നത് നോക്കി അവൾ നിന്നു.

(തുടരും)

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കഥ



# പളുങ്ക്

രാജൻ ചിന്നങ്ങത്ത്

സന്ധ്യാരാധനയ്ക്ക് ദീപങ്ങൾ കൊളുത്തിക്കഴിഞ്ഞ പഴയ ക്ഷേത്രത്തിനു മുമ്പിൽ ടാക്സിയെത്തിയപ്പോൾ, മൂന്നിലേക്ക് ചൂണ്ടിക്കാട്ടി ഡ്രൈവറോടു പറഞ്ഞു:

"ദാ കാണുന്ന മാവിനരികെ നിറുത്തിയാൽ മതി"

ചെമ്മണ്ണു നിറഞ്ഞ നാടൻ പാത.

ഇരുവശത്തും വേലിക്കൽ പൂത്തുനില്ക്കുന്ന ഈടാമിക്കാടുകളും കാട്ടുചെമ്പരുത്തികളും.

എന്തുകൊണ്ടോ ഹൃദയമിടിപ്പിന് വേഗത കൂടിയിരുന്നു.

പതിവുപോലെ.

നിഷ്കളങ്കതയുടെ മുഖവും മനസ്സുമുള്ള ഈ ഗ്രാമം. ഇവിടത്തെ വായു ശ്വസിക്കുമ്പോൾത്തന്നെ വികാരഭരിതമാകുന്ന മനസ്സ്.

ഒരിക്കലും കണ്ണികളറ്റു പോകാത്ത ഭൂതകാലം.

ടാക്സിയിൽ നിന്നിറങ്ങി, ചാഞ്ഞു കിടക്കുന്ന മുള്ളുവേലി എടുത്തുമാറ്റി പറമ്പിൽ കടക്കുമ്പോൾ ഇരുട്ടു പെയ്തു തുടങ്ങിയിരുന്നു.

ഓർത്തു: ഇത്രയും വൈകരുതായിരുന്നു.

രാവിലെ പുറപ്പെട്ടതായിരുന്നുവല്ലോ.

ചെറിയ ഓലപ്പുരയുടെ തെക്കുഭാഗത്തു നിന്ന്, സന്ധ്യമയങ്ങിക്കഴിഞ്ഞിട്ടും കിളയ്ക്കുന്നത് അമ്മായിയല്ലേ? അല്പം ദൂരെയിരുന്ന് ചീന്നിക്കമ്പകൾ മുറിക്കുന്നത് നളിനിയല്ലേ? മഴക്കാറുള്ള ആകാശം. വർഷാരംഭത്തിലെ മഴ പെയ്തേക്കും.



നളിനിയാണ് ആദ്യം കണ്ടത്. പതുക്കെയാണ് പറഞ്ഞതെങ്കിലും കേട്ടു:

"ആരോ രാള് വരണ്ണ്ടല്ലോഅമ്മേ–"

"ആരാദ്, ഈ നേരത്ത്?" കൈക്കോട്ട് താഴെവെച്ച് പകച്ചു നിൽക്കുന്ന അമ്മായി.

ചങ്ക് വിങ്ങിക്കഴയ്ക്കുകയായിരുന്നു. ഗദ്ഗദങ്ങൾ വന്നു തടയുന്ന തൊണ്ട.

ഈ മണ്ണിൽ കാലുകുത്തുമ്പോഴേയ്ക്കും ദുഃഖത്തിന്റെ അലകളിൽ, സ്വയമറിയാതെ വീണുപോകുന്നു.

അമ്മായി അതിവേഗം മുറ്റത്തേയ്ക്കു നടന്നുവന്നു. നളിനി വീടിന്റെ പുറകുവശത്തേയ്ക്കു മാറി.

"അല്ലാ, ദീപുവല്ലേ ഇത്?"എന്നു ചോദിച്ചതും അമ്മായിയുടെ ശബ്ദം. ഒരു ചില്ലുപാത്രംപോലെ ഉടഞ്ഞതും ഒന്നിച്ചായിരുന്നു. അവർ ഇടറിയിടറിക്കരയാൻത്തുടങ്ങി, ശബ്ദമില്ലാതെ. ഇടയ്ക്കിടെ കൈത്തണ്ടക്കൊണ്ട് കണ്ണുകൾ തുടച്ചു.

കുതിച്ചുവരുന്ന സ്വന്തം കണ്ണീരടക്കാൻ കഴിയാതെ പാടുപെടുകയായിരുന്നു.

വിയർപ്പിൽ മുങ്ങിയ ദേഹം. ദേഹത്ത് നനഞ്ഞൊട്ടിയ വസ്ത്രങ്ങൾ. നെറ്റിയിൽ പറ്റിച്ചേർന്നു കിടക്കുന്ന മുടി. കിതപ്പുകൊണ്ടുയർന്നുതാഴുന്ന മാറിടം.

അമ്മായി.

–എന്റെ പ്രിയപ്പെട്ട ഗോപുവിന്റെ അമ്മ.

അകത്തുനിന്ന് ഒരു മരക്കസേരയുമായി നളിനി ഇറയത്തു വന്നു. ഒരു തോർത്തു കൊണ്ട് അതിലെ പൊടിതുടച്ച്, അലക്കിയ ഒരു മുണ്ടുകൊണ്ടുവന്ന് അവളതിൽ വിരിച്ചു.

ദീപു ഏട്ടന്റെ വസ്ത്രത്തിൽ അഴുക്കാകവരുത്.

എന്നിട്ട് പിന്തിരിഞ്ഞിട്ട് എന്തോ കേൾക്കാനോ കാണാനോ എന്നവണ്ണം ചെത്തിതേയ്ക്കാത്ത മൺചുമരും ചാരി അവൾ നിന്നു.

എന്തെങ്കിലും ഒന്നു പറയാൻ സാധിച്ചെങ്കിൽ എന്നായിരുന്നു ആഗ്രഹം. ആരും മിണ്ടുന്നില്ല ആർക്കും മിണ്ടാൻ വയ്യ.

ഓരോ പ്രാവശ്യം ഇവിടെ വരുമ്പോഴും ഇതൊക്കെ ആവർത്തിക്കുന്നു.

മനസ്സുകളിൽ സ്ഥിരതാ

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

വളമുറപ്പിച്ചിരിക്കുന്ന ദുഃഖം.

അതിന്റെ വിസ്ഫോടനത്തിൽ വാക്കുകൾ നിശ്ചലവും മൃതപ്രായവുമായി ത്തീരുന്നു.ഓരോരുത്തരും ഓർമ്മകളെ സൂക്ഷിച്ചുവച്ചുകൊണ്ട് ജീവിക്കുന്നു. എന്തിനുവേണ്ടി? അറിയില്ല. അതൊന്നും നേടിത്തന്നിട്ടില്ല. എന്നിട്ടും ഓർമ്മകളെ വിലപ്പെട്ട എന്തോ വസ്തുപോലെ നാമെല്ലാം എടുത്തുവയ്ക്കുന്നില്ലേ?

ഒടുക്കം അമ്മായി തന്നെ നിശ്ശബ്ദതയെ ഭഞ്ജിച്ചു?

“എന്താ കുട്ടാ, അങ്ങനെ നിന്നുപോയത്? കയറിയിരിക്കൂ.”

ഇറയിൽ തലമുട്ടാതിരിക്കാൻ കുനിഞ്ഞ് ഇറയത്തുകയറി.ബാഗ് ചുമരുകിൽ ചാരിവെച്ച് നളിനി കൊണ്ടുവന്നിട്ട കസേരയിലിരുന്നു.

“കുട്ടൻ ഒരു കത്തുപോലും ഇടാതെ വന്നതെന്താ?” എന്നു ചോദിക്കുകയും , അവർ തന്നെ ഒരു തമാശപോലെ തുടർന്നു പറയുകയും ചെയ്തു. “ അതൊക്കെ എന്നുമുള്ള നിന്റെ ഒരു വികൃതി അല്ലേ?”

തണുത്ത കാറ്റ് വീശാൻ തുടങ്ങി. ഉഷ്ണകാലമായതുകൊണ്ട് കാറ്റേറ്റിരിക്കാൻ നല്ല സുഖം തോന്നി.

“ഈ കൊല്ലം വർഷം നേരത്തേണ്ടന്നാ വിഷുഫലത്തിൽ പറഞ്ഞേക്കണെത്”

“രാവിലെ യാത്ര തിരിച്ചതാ ഞാൻ. എർണാകുളത്തുനിന്ന് ബസ്സു കിട്ടിയില്ല. അവിടെ സ്ട്രൈക്കാണ് സ്ക്കൂൾ കുട്ടികളുടെ. പിന്നെ ട്രെയിനിൽ പോരേണ്ടി വന്നു. അതാ വൈകിയത്.”

“അപ്പോ കുട്ടൻ ഉച്ചയ്ക്ക് ഒന്നും കഴിച്ച്ണ്ടാവില്ലല്ലോ. ഉവ്വോ?”

“ഊണു കഴിച്ചു. റെയിൽവേ കാന്റീനിൽനിന്ന്.”

“എന്നാലും വിശക്ക്ണ്ണ്ടാവില്ലേ?” അമ്മായി വിളിച്ചു.“നളോ, ദീപു ഏട്ടന് വേഗം എന്തെങ്കിലും പലഹാരമുണ്ടാക്ക്.”

അടുക്കളയിൽ പാത്രങ്ങളുടെ ശബ്ദം.

“എന്നിട്ട്, പറയ് കുട്ടാ. നീ എന്നാ പേർഷ്യയിൽ നിന്ന് വന്നത്? അമ്മയ്ക്ക് സുഖംല്ലേ? കല്യാണമൊക്കെ നിശ്ചയിച്ചോ? എന്താ ഒന്നും മിണ്ടാതെ ഇരിക്കുന്നത്?”

വാക്കുകൾക്കും ശബ്ദത്തിനും വേണ്ടിവിഷമിക്കുകയാണെന്ന് എങ്ങനെ അമ്മായിയെ ധരിപ്പിക്കും?

“പണ്ട് ” അവർ ഓർമ്മകയുടെ കാടിളക്കികൊണ്ടു പറഞ്ഞു: “ഓർമ്മയുണ്ടോ കുട്ടാ, നീയെന്തോരു ചെകിറിയായിരുന്നെന്നോ. നീയും ഗോപുവും ഒരു മിനിട്ട് ഒരിടത്തിരിക്കില്ല. എപ്പോഴും ബഹളം ഉണ്ടാക്കിക്കൊണ്ട് നടക്കും. അതൊക്കെ വെറും ഓർമ്മയാക്കി മാറ്റീലോ ദൈവം.”

അവർ നെടുവീർപ്പിട്ടു.

പോയ കാലങ്ങൾ.

ഓരോ അവധിക്കാലത്തും ഒരു പുണ്യഭൂമിയിലേക്കുള്ള തീർത്ഥാടനം പോലെ ഇവിടെ ഓടിയെത്തുന്നു. കുറെ ഓർമ്മകളെ എടുത്തു പൊടിതുടയ്ക്കുവാനും ഹൃദയം പൊട്ടികരയുവാനും ഒരാത്മദുഃഖത്തെ പങ്കിട്ടനുഭവിക്കാൻ. അതിൽ ധന്യത നേടാൻ, സായൂജ്യം കണ്ടെത്താൻ.

ഓരോ പ്രാവശ്യം വന്നുപോകുമ്പോഴും കരുതിയിട്ടുണ്ട്. ഇനി ഇവിടെ വരില്ല.

വിഷാദത്തിന്റെ ഈ മുഖങ്ങൾ കാണാൻ. നഷ്ടസ്മൃതികളിൽ മനംനൊന്തു കേഴുന്ന രണ്ടാത്മാക്കളുടെ മൂകവേദന കാണാൻ, വിലാപംകേട്ട് നെഞ്ചുരുകാൻ–

ഇല്ല. ഇനി വരില്ല.

അയ്യായിരമോ പതിനായിരമോ രൂപ അയച്ചുകൊടുത്ത് സഹായിക്കാം.

എങ്കിലും അവധിയിൽ വന്നാലുടനെ അദൃശവും ശക്തവുമായ പ്രേരണ ഇങ്ങോട്ടടിച്ചു തെറിപ്പിക്കുന്നു.

അപ്പോഴാലോചിക്കും: പണം നല്കിയാൽ ഈ അമ്മയുടെ ദുഃഖം അകറ്റാൻ കഴിയുമോ? പണം കൊണ്ട് നളിനിയുടെ നഷ്ടം നികത്താൻ കഴിയുമോ?

ഒരിക്കലുമില്ല. അങ്ങനെ ചിന്തിക്കുന്നതു തന്നെ വിഡ്ഢിത്തമാണ്.

ചെറുപ്പത്തിൽ അമ്മായിയുടെ വീട്ടിൽ നിന്നാണ് പഠിച്ചത്. മൂന്നു വയസ്സിനു മൂത്ത ഗോപു. ചേട്ടനെന്ന് വിളിക്കേണ്ടിയിരുന്ന അവനെ പേരു വിളിച്ചാണ് വളർന്നത്.

അമ്മാവൻ നേരത്തെ മരിച്ചു പോയിരുന്നു. വേണമെങ്കിൽ അമ്മായിക്ക് പുനർ വിവാഹം ചെയ്യാമായിരുന്നു. എന്നിട്ടും അവർ മകനുവേണ്ടി ജീവിക്കാനാണ് തീരുമാനിച്ചത്.

എന്തെന്തോർമ്മകൾ...

ഈ പറമ്പിലെ ഓരോ മണൽതരിയിലും തന്റെ പാദസ്പർശമേറ്റിട്ടുണ്ട്.

ഒടുവിൽ–

ഇരുപത്തി ഒന്നാമത്തെ വയസ്സിൽ വിവാഹം ചെയ്ത ഗോപു.

മൂന്നുവയസ്സിന് മൂത്തതാണെങ്കിലും അവൻ പയ്യനായിരുന്നു.

മീശപോലും വേണ്ടത്ര കുരുത്ത് തുടങ്ങാത്ത പ്രകൃതവും പ്രായവും. അമ്മായിയുടെ നിർബന്ധം.“ഈ കുടുംബത്ത് ഒരു പെൺകുട്ടി വേണ്ടെ മക്കളെ? എനിക്കൊരു പനി വന്നാൽ ആരാ ഇവന് ഇറ്റു വെള്ളം തിളപ്പിച്ചു കൊടുക്കാൻ?”

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

India's No - 1

AKSHAYA WATER PROOFING

**29 - 851, Kottooli,Mavoor Road, Kozhikode - 673016**

**Mob : P.P. PRADEEP - 9447312616, 9037940457**

**E-Mail : aakshayawaterproof@gmail.com**



ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം ഗ്യാരിയോടുകൂടി ചെയ്തുകൊടുക്കുന്നു.

ഓം നമഃശിവായ

ദിനേശ് കെ.ടി – ഫോൺ : 9946309061

**നീലഗിരി പൂജാസ്റ്റോർ**




**ദേരാബസാർ, തളിറോഡ്,**

**കോഴിക്കോട്, ഫോൺ: 0495 - 2702176**

എല്ലാ പൂജാസാധനങ്ങളും ഇവിടെ കിട്ടും

**നിർമ്മാല്യം ശ്രീ ധർമ്മശാസ്ത ട്രാവൽസ്**

Mob: കെ. പുരുഷു, – 9387500618, 9539036575

നജീഷ് പുരുഷു – 9961100702

ഉല്ലാസ യാത്രയ്ക്കും തീർത്ഥാടന യാത്രയ്ക്കും

മാങ്കാവ്, കോഴിക്കോട് – 673 007

ഫോൺ : 0495 2331828



എല്ലാതരം ടൂറിസ്റ്റ് ബസ്സുകളും മിനി ബസ്സുകളും

**ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്**



മൂരിയാട് റോഡ്
പുതിയപാലം
കോഴിക്കോട്



**ഫോൺ : മണി 9400741434**

കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്,എഞ്ചിനിയറിംഗ് വർക്സ്

# GLAMOUR GENTS WEAR





**Whole Sale & Retail**

**Mankave,**
**Calicut - 7**

**Mob: 9847756569**
**8891901404**





**Pants, Jeans, Shirt, T. Shirts etc...**



# FRIENDS



SPRAY PAINTING WORKS

**Malaparamba, Kozhikode - 673 009**

**Mob: 9495411642**








Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

പട്ടണത്തിലെ കോളേജിൽ നിന്നവധിയെടുത്ത് ഗോപുവിന്റെ കല്യാണത്തിന് നേരത്തെ തന്നെ ചെന്നു. അവൻ പറഞ്ഞു:

"എടാ എനിക്കാകെ പേടിയാകുന്നല്ലോ. ആദ്യ രാത്രിയിൽ എന്തൊക്കെയ് സംസാരിക്കാ? എനിക്കതോർക്കാൻ പോലും വയ്യാ."

അവന് ധൈര്യം കൊടുത്തുകൊണ്ടു പറഞ്ഞു: "ഒന്നും പറയാൻ മിനക്കെടണ്ട. നിന്റെ ശ്രീമതി പാലും കൊണ്ടു വരും. അത് വാങ്ങി ഒറ്റ കുടി കുടിച്ച് വിളക്കങ്ങ് കെടുത്തിക്കോ"

അങ്ങനെ പറഞ്ഞ് അവന്റെമണ്ടത്തരം ഓർത്ത് ചിരിച്ചു.

പക്ഷേ ഗോപു ചിരിച്ചില്ല. അവൻ സത്യമായും പരിഭ്രമിച്ചിരിക്കയായിരുന്നു.

ലളിതമായി നടന്ന ആ കല്യാണത്തിൽ, മനസ്സ് ആഹ്ലാദംകൊണ്ട് തുള്ളിച്ചാടുകയായിരുന്നു.

പെണ്ണുകൊണ്ടുവരൽ ചടങ്ങ് കഴിഞ്ഞ്, മണവാട്ടിയായ നളിനി അകത്തിരിക്കുമ്പോൾ ഗോപുവിനേയും വലിച്ചിഴച്ചു കൊണ്ടടുത്തു ചെന്നു പറഞ്ഞു.

"ഇവൻ എനിക്ക് ചേട്ടനാണ്. അങ്ങിനെ വരുമ്പോൾ ഇവന്റെ ഭാര്യയെ ഞാൻ ചേട്ടത്തിയെന്നു വിളിക്കണം. പക്ഷേ ഞാൻ പേരെ വിളിക്കൂ കേട്ടോ?"

നേർത്ത ചിരിയോടെ തലയുയർത്തി നോക്കിയ നളിനി.

ആ രൂപം.

ആ സൗന്ദര്യം.

ആ നളിനി ഇന്നെവിടെ?

അവളിന്നില്ല. പകരം പ്രാകൃതമായ ഒരു യുവതി.

പാവപ്പെട്ട, ആ പെൺകുട്ടി ഇത്ര ക്രൂരമായ ശിക്ഷയ്ക്കും ഹൃദയാഘാതത്തിനും വേണ്ടി എന്ത് ഘോരാപരാധമാണ് ചെയ്തിട്ടുള്ളത്?

എല്ലാം വിധിയുടെ കളികൾ.

വിവാഹം കഴിഞ്ഞ് ഒമ്പതാം ദിവസം.

രാത്രി എന്തിനോ മുറ്റത്തിറങ്ങിയ ഗോപുവിനെ കാത്തു ഒതുക്കു കല്ലിന്മേൽ കിടന്ന സർപ്പം.

നേരത്തോടു നേരമെത്തും മുമ്പേ അന്ത്യശ്വാസം വലിച്ചു.

കേട്ട വാർത്ത വിശ്വസിക്കാനാവാതെ ഒരു ഭ്രാന്തനെപ്പോലെ ഓടിയോടി ഈ മുറ്റത്തെത്തിയപ്പോൾ–

വെള്ള മുണ്ടുകൊണ്ട് പുതപ്പിച്ചിട്ടിരിക്കുന്ന മൃതദേഹം.

തലയ്ക്കലും കാല്ക്കലും എരിയുന്ന ചന്ദനത്തിരികൾ, നിലവിലക്ക്.

അകത്ത് അനക്കമില്ല. എന്താണാരും കരയാത്തത് എന്ന അന്വേഷണ ത്വരയുമായി ചെല്ലുമ്പോൾ–

രണ്ടു മുറികളിൽ ബോധംകെട്ട് കിടക്കുന്ന അമ്മയും ഭാര്യയും.

ഗോപുവിന്റെ മരണത്തിൽ കരയാൻ ഇനി ബാക്കി ഒരാളേയുള്ളു.

പക്ഷേ കണ്ണുനീരെത്ര വ്യർത്ഥം.

ഒരിറ്റുകണ്ണുനീർ വീഴ്ത്താതെ, ഒററ്റ തേങ്ങലുയർത്താൻ സാധിക്കാതെ, ആ ദിവസം മുഴുവനും കരഞ്ഞുകൊണ്ടു നടന്നു.

ഒമ്പതു ദിവസം മാത്രം ഭർത്താവിനോടൊത്ത് കഴിഞ്ഞ നളിനി.

എല്ലാവരും അവളെപ്പറ്റി മാത്രം പറഞ്ഞു.

"പാവം പെൺകുട്ടി. അതിനിങ്ങനെ ഒരു ഗതി വന്നല്ലോ."

ഗോപുവിന്റെ വേർപാടിനുശേഷം നളിനി തിരിച്ചു പോകുമെന്നായിരുന്നു ധാരണ. കേവലം ഒമ്പതു ദിവസത്തെ അനുഭവങ്ങൾ. അതെത്രയെളുപ്പം മറന്നുകളയാവുന്നതേയുള്ള? ഇനിയും പഴയ പെൺകുട്ടിയായി അവൾക്ക് ജീവിക്കാൻ സാധിക്കും. പുതിയൊരു ജീവിതമാരംഭിക്കാൻ കഴിയും. പുതിയൊരു ഭർത്താവിനേയും കിട്ടും.

പക്ഷേ അവസാനം, അവളുടെ തീരുമാനമറിഞ്ഞപ്പോൾ സത്യമായും നടുങ്ങിപ്പോയി.

അവൾ സ്വന്തം അസ്തിത്വത്തേയും സ്വന്തം ഭാവിയേയും വിസ്മരിക്കാൻ നിശ്ചയിച്ചു. ഒമ്പതു ദിവസങ്ങളിലെ ഓർമ്മകളുടെ ശവപ്പറമ്പ് മനസ്സിൽ സൂക്ഷിച്ച് ജീവിക്കാൻ പ്രതിജ്ഞയെടുത്തു.

ഗോപുവിന്റെ കൊച്ചു വീട്ടിൽ. ഗോപുവിന്റെ അമ്മയോടൊപ്പം.

"നിനക്ക് ഭ്രാന്തുണ്ടോ കുട്ടീ?" എല്ലാവരും ചോദിച്ചു.

"ഞാൻ പോയാൽ ഗോപു ഏട്ടന്റെ ആത്മാവെനിക്ക് മാപ്പു തരില്ല." അവൾ പറഞ്ഞുപോലും."ഗോപുവേട്ടന്റെ അമ്മയോടൊപ്പം ജീവിക്കുന്നതാ എനിക്കിഷ്ടം. അതാ എനിക്ക് സുഖം."

"നീ ഒടുവിൽ ദുഃഖിക്കേണ്ടി വരും"

അങ്ങനെ പറഞ്ഞവരെ നോക്കി അവൾ ദുരൂഹമായ രീതിയിൽ ചിരിച്ചുവത്രെ.

ഒരിക്കൽ, സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മായി പറഞ്ഞു.

"നളിനിയുടെ വാശിയാണ് കുട്ടാ എന്റെ മറ്റൊരു ദുഃഖം. പാവം കുട്ടി, അവളുടെ ജീവിതം നശിച്ചില്ലേ? എത്ര പറഞ്ഞാലും അവളുടെ മനസ്സു മാറ്റാൻ പറ്റ്ല്യ."

കുറേ ദൂരെ നിന്ന് പറയുമ്പോലെ വിഷാദഛായയോടെ അവർ തുടർന്നു." എന്റെ കാലം

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കഴിഞ്ഞാൽ അവളുടെ സ്ഥിതി- അതാണ് ഇപ്പോ എന്റെ ഉള്ളിലെ തീയ്"

അമ്മായി പറയുന്നതെല്ലാം സത്യമാണ്.

നളിനി ഒരു മെഴുകുതിരി പോലെ എരിഞ്ഞ്, സ്വയം നശിക്കുകയാണ്.

"അവൾ പറയുന്നു ഗോപുഏട്ടൻ ഒരു ദിവസം വരുമമ്മേഎന്ന്." അവർ പറഞ്ഞു: "ചിലപ്പോൾ എനിക്കും തോന്നുന്നു കുട്ടാ, എന്റെ മോൻ തിരിച്ചു വരുമെന്ന്. വരില്ല എന്നറിയാഞ്ഞിട്ടല്ല. എന്നാലും അങ്ങനെ കാത്തിരിക്കാൻ ഒരോർമ്മ. അതിന്മേലാ ഞാനും എന്റെ മോളും ജീവിക്കുന്നത്."

-കാത്തിരിക്കാൻ ഒരോർമ്മ.

പെട്ടെന്ന് നളിനി ചായയുമായി വന്നു. ഒരു പ്ലെയിറ്റിൽ നൂലപ്പം. തേങ്ങാപ്പാലും പഞ്ചസാരയും ചേർത്തത്. ഇവിടെ വരുമ്പോൾ എന്നും അവളാദ്യം തരുന്ന പലഹാരം. ഇഷ്ടപ്പെട്ട പലഹാരം അതാണെന്ന് ഗോപു അവളെ ധരിപ്പിച്ചിട്ടുണ്ട്.

നിരവധി വർഷങ്ങൾക്കു ശേഷവും നളിനി ആ ഓർമ്മയും സൂക്ഷിക്കുന്നു.

കണ്ണുകളുയർത്തി ആ മുഖത്തേക്ക് നോക്കി. ചുവപ്പും തുടുപ്പും പോയ കവിളുകൾ. നീണ്ട നയനങ്ങളിലെ സ്ഥായിയായ ദുഃഖം, വെണ്ണീറു പുരണ്ട മുടി, നെറ്റിയിൽ വിയർപ്പ്.

നളിനി മന്ദഹസിക്കാൻ ശ്രമിച്ചു.

"എന്നാണ് വന്നത്?" അവൾ ചോദിച്ചു.

"ഇന്നലെ."

"ഇന്നലെ വീട്ടിലെത്തിയപ്പോഴേയ്ക്കും പഴയ കൂട്ടുകാരനെക്കുറിച്ചോർത്തുകൊണ്ട്, ബാല്യ കൗമാരങ്ങൾ മരണപ്പെട്ടു കിടക്കുന്ന ഈ ഭൂതകാലം തേടി ഓടി വന്നുവല്ലേ?"

എന്നു ചോദിക്കാത്ത അവളുടെ കണ്ണുകളിൽ ജലം ഊറി വരുന്നതു കണ്ടു.

-വന്നു, നളിനി.

-പതിവുപോലെ.

ഉള്ളിലിരിക്കുന്ന, ഉറങ്ങാത്ത ദുഃഖം. അതിനെ ഉപേക്ഷിക്കാമെന്നോ, അതിൽ നിന്നൊളിച്ചോടാമെന്നോ വ്യാമോഹിക്കുന്നത് എത്ര അബദ്ധം- അല്ലേ?

ചായ ഒരിറ്റു കുടിച്ചപ്പോൾ അവൾ ചോദിച്ചു:

"മധുരം മദ്യോ ദീപു ഏട്ടാ?"

"മതി."

-ദീപു ഏട്ടൻ. ഗോപുവിനെക്കാൾ പ്രായക്കുറവായിരുന്നിട്ടും അവളെന്നും ദീപു ഏട്ടൻ എന്നു വിളിക്കുന്നു.

അമ്മായി അടുക്കളയിലായിരുന്നു.

നളിനി, എന്തെങ്കിലും ചോദിക്കുമെന്നോ പറയുമെന്നോ പ്രതീക്ഷിച്ചായിരിക്കുമോ, പിന്നേയും നില്ക്കുന്നതു കണ്ടു.

മനസ്സിൽ പറഞ്ഞു: എനിക്കീ പെൺകുട്ടിയുടെ വേദനയുടെ ആഴം ഊഹിക്കാൻ കഴിയും.

-ജീവിതം ഇങ്ങനെ ഒരോർമ്മയിലും ഒരു ദുഃഖത്തിലും മാത്രമുടുക്കി നശിപ്പിക്കാനുള്ളതല്ല എന്നവളോട് പറയാൻ സാധിക്കുമോ?

തെക്കു പുറത്തെ ഗോമാവ്. ഗോമാവിന്റെ പടിഞ്ഞാറു ഭാഗത്ത്-

ഇന്നിപ്പോൾ കാറ്റും മഴയും ഇടിച്ചുതകർത്തു കളഞ്ഞ പഴയ കുഴിമാടം.

-ഗോപു കാലത്തെ തോല്പിച്ചുകൊണ്ട് അവിടെ ഉറങ്ങുന്നു.

അവൻ എന്നെങ്കിലുമൊരിക്കൽ, ആ മണ്ണ് തട്ടി നീക്കി എഴുന്നേറ്റു വരുമെന്നല്ലേ നളിനി പ്രതീക്ഷിക്കുന്നത്?

അമ്മായിയും?

കാത്തിരിക്കാൻ ഒരു പ്രതീക്ഷ...

"ഇനി പേർഷ്യയിലേക്ക് എന്നാ തിരിച്ചു പോവുക?"

"ഒന്നും തീരുമാനിച്ചിട്ടില്ല. പോകണമോ എന്നുതന്നെ നിശ്ചയിച്ചിട്ടില്ല. പണം ജീവിത സുഖങ്ങൾ നേടിത്തരുമെന്ന് നളിനി കരുതുന്നുണ്ടോ?"

ഉണ്ടെന്നോ ഇല്ലെന്നോ അവൾ പറഞ്ഞില്ല.

ചുമരരുകിലിരുന്ന ലതർ ബാഗെടുത്ത് മടിയിൽ വെച്ചു തുറന്നു. നളിനിയ്ക്കും അമ്മായിക്കുമുള്ള തുണികൾ പുറത്തെടുത്തു.

"ഇത് നളിനിയ്ക്ക്" ചുവപ്പിൽ സ്വർണ്ണക്കസവുള്ള വിദേശസാരി നീട്ടിക്കൊണ്ടു പറഞ്ഞു.

അവൾ നനഞ്ഞ സ്വരത്തിൽ പറയുന്നതുകേട്ടു.

"എന്നു വരുമ്പോഴും ദീപു ഏട്ടൻ ഇതൊക്കെ കൊണ്ടു വരുന്നു. ഞാനൊന്നും ഉടുക്കാറില്ല. എല്ലാം പെട്ടിയിൽത്തന്നെ ഇരിക്കയാണ്."

"അതെന്താ നളിനീ?"

"ഞാനാരെ കാണിക്കാൻ ഒരുങ്ങുന്നു ദീപു ഏട്ടാ? കാണേണ്ടയാൾ-"

അവൾ ഒരു നിലവിളിയോടെ അകത്തേയ്ക്കോടിപ്പോയി.

അവളുടെ ദുഃഖം കാണുന്നതിൽ പരം ഒരു സങ്കടം എന്താണുള്ളത്?

അമ്മായി കടന്നു വന്നു: "അവളുടെ കണ്ണുനീർ ഈ ജന്മം തീരുകയില്ല കുട്ടാ."

നേരം നന്നായി ഇരുട്ടിയിരുന്നു. വാച്ചിൽ നോക്കി. എട്ടു മണിയാവുന്നു. എട്ടരയ്ക്ക് ടൗണിലേക്കു മടങ്ങുന്ന ലാസ്റ്റ് ബസ്സുണ്ട്. അതിൽ പോയാൽ എർണാകുളത്തിനുള്ള ട്രെയിൻ കിട്ടും.

ആകാശം കറത്തിരുണ്ടിരുന്നു.

"കുട്ടൻ കുപ്പായമെല്ലാം ഊരിയിട്. കുളിയ്ക്കാൻ വെള്ളം അടുപ്പത്തു വയ്ക്കട്ടെ."

"എനിക്കു പോകണം

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

അമ്മായി.”

“ഇന്നോ, ഈ രാത്രിയിലോ? നന്നായി! അതൊന്നും പറ്റില്ല്യാ. നാളെ പോയാൽ മതി.” എന്നിട്ടവർ വിളിച്ചു പറഞ്ഞു: “നളോ, ദീപു ഏട്ടന് കുളിക്കാൻ വെള്ളം വയ്ക്ക്.”

അവർ തുടർന്നു: ഒരു ദിവസം ഇവിടെ താമസിച്ചതോണ്ട് കുട്ടന് ഒരു കുറവും വര്ല്യാ.”

ഷർട്ടും ബനിയനും ഊരി അയയിലിട്ടു.

അമ്മായി ചോദിച്ചു: “പേർഷ്യയിൽ പോകുന്നവരൊക്കെ തടിച്ചുകൊഴുക്കാറുണ്ടല്ലോ കുട്ടാ! നീ മാത്രമെന്താണിങ്ങനെ?”

വെറുതെ ചിരിക്കുകമാത്രം ചെയ്തു.

“എന്നിട്ടു പറഞ്ഞില്ലല്ലോ. കല്യാണക്കാര്യമൊക്കെ എത്രടം വരെയായി? എവിടെയെങ്കിലും ഉറപ്പിച്ചിട്ടുണ്ടോ?”

“എന്തിനാണമ്മായി ഒന്നോർത്താൽ കല്യാണം?”

“പിന്നെ? എന്നും ഇങ്ങനെ ഒറ്റത്തടിയായിക്കഴിയാനോ?”

“നോക്കട്ടെ. പറ്റിയ ഒരു പെൺകുട്ടിയെ കണ്ടുകിട്ടണമല്ലോ.”

ഒരു സിഗരറ്റെടുത്തു കത്തിച്ചു.

ഒരു കുപ്പിയിൽ പച്ചെണ്ണയും തോർത്തുമായി നളിനി വന്നു: വെള്ളം ചൂടായി.

എഴുന്നേറ്റു വടക്കുപുറത്തേയ്ക്കു നടന്നു

പറമ്പിൽ നിറയെ ചേനയും ചേമ്പും വാഴകളും.

അമ്മയുടേയും മരുമകളുടേയുംഅദ്ധ്വാനം ഹരിതവർണ്ണം സൃഷ്ടിച്ച ഭൂമി.

കുറ്റബോധമുണ്ടായി.

ഗോപുവിന്റെ പ്രിയപ്പെട്ട ഭാര്യയും അമ്മയും ഇത്രയും കഷ്ടപ്പെടരുതായിരുന്നു. അതിനനുവദിക്കരുതായിരുന്നു.

എന്തേ അവരെ രക്ഷിക്കാൻ ഇതുവരെ ഉണരാതിരുന്നു?

സ്വന്തം വിയർപ്പൊഴുക്കി അദ്ധ്വാനിച്ച്, ഒരു നേരത്തെ ആഹാരത്തിനു വകയുണ്ടാക്കാൻ അവർ പാടുപെടുമ്പോൾ...

എവിടെയായിരുന്നു ഗോപുവിനോടുള്ള കടപ്പാട്?

–ദൈവമേ അവൻ എന്നോട് ക്ഷമിക്കുമോ?

മുറ്റത്തെ ഇരുമ്പിപുളിമരത്തിന്റെ ചുവട്ടിൽ കുളിക്കാൻ ചൂടുവെള്ളം നിറച്ച ചെമ്പുകലം കൊണ്ടുവച്ചു നളിനി.

ചെമ്പുകലം താഴെവച്ചു നിവരുന്ന നളിനിയെ പെട്ടന്ന് ചുമലിൽപിടിച്ച് അടുത്തേക്ക് നീക്കിക്കൊണ്ടു പറഞ്ഞു.

“നളൂ, നിന്നെ ഞാൻ കല്യാണം കഴിക്കട്ടെ?”

അപ്രതീക്ഷിതമായ ആ നീക്കത്തിൽ അവൾ ഷോക്കേറ്റതുപോലെ നില്ക്കുമ്പോൾ പറഞ്ഞു: “ഗോപു നിനക്കെന്നതുപോലെ എനിക്കും ജീവിതത്തിലെ ഏറ്റവും പ്രിയപ്പെട്ട വ്യക്തിയായിരുന്നു. നിന്നെ രക്ഷിക്കുന്നതിൽ കൂടുതൽ അവനോടുള്ള കടപ്പാടു നിറവേറ്റാൻ മറ്റൊരുവഴിയും ഞാൻ കാണുന്നില്ല.”

എന്നിട്ടും അവളോന്നും പറഞ്ഞില്ല.

“നീയിങ്ങനെ അശരണയും ദുഃഖിതയുമായി കഴിയുന്നതിൽ അവന്റെ ആത്മാവ് എത്ര കേഴുന്നുണ്ടാവണം. നമുക്ക് ഗോപുവിന്റെ ആത്മാവിന് ശാന്തി നൽകണം നളിനി. തന്നെയുമല്ല” അവളെ കുറേക്കൂടി ചേർത്തു നിർത്തി ആ മുഖം പിടിച്ചുയർത്തിക്കൊണ്ട്, ഇരുട്ടിലും തിളങ്ങുന്ന ആ കണ്ണുകളിലെ നിഷ്കളങ്കതയിലേക്ക് നോക്കിക്കൊണ്ട് കൂട്ടിച്ചേർത്തു: “പെണ്ണായാൽ ഒരു തുണ വേണം. എക്കാലവും ഒറ്റയ്ക്ക് ജീവിക്കാൻ പറ്റുകയില്ല. പിന്നെ ഇങ്ങനെ കരിന്തിരി കത്തി നശിക്കാന്മാത്രം എന്തു പാപമാണ് നീ ചെയ്തിട്ടുള്ളത്?”

കാറ്റ് വാഴയിലയിൽ തട്ടി ശബ്ദമുണ്ടാക്കി. എവിടെയോ കാലവർഷാരംഭത്തിലെ മഴയുടെ ഇരമ്പം.

“എന്നെ മനസ്സിലാക്കാനും സ്നേഹിക്കാനും കഴിയുന്ന ഒരു പെൺകുട്ടിയെ അന്വേഷിച്ചുകൊണ്ടിരിക്കയായിരുന്നു ഇത്ര നാളും. ആ അന്വേഷണവും ഇവിടെ അവസാനിച്ചു.”

വിയർപ്പുനാറുന്ന ആ ദേഹത്തെ പുണർന്നുകൊണ്ട് നില്ക്കുമ്പോൾ ഒരിക്കലുമുണ്ടായിട്ടില്ലാത്ത സമാധാനവും സ്വസ്ഥതയുമുണ്ടായി.

അവളുടെ നെറ്റിയിൽ ചുംബിച്ചുകൊണ്ട് പറഞ്ഞു: നളിനി ഒരു വാക്കെങ്കിലും മിണ്ടൂ.

“ദീപു ഏട്ടാ–”

ആ കവിളുകളിലൂടെ അശ്രുകണങ്ങൾ പൊട്ടിയൊഴുകി.

ദുഃഖത്തിന്റേയോ ആനന്ദത്തിന്റേയോ...

ഇല്ല, ഇനി അവൾക്ക് ദുഃഖമില്ല.

ദീപു ഏട്ടൻ കുളിച്ചില്ലേ മോളേ? മഴ പെയ്തിട്ടു വരുന്നുണ്ടല്ലോ.

“അമ്മ–” അവൾ പിടിവിടുവിച്ചു ഓടി.

പേർഷ്യൻ ഗൾഫിൽനിന്നും കൊണ്ടുവന്ന സ്വർണ്ണക്കസവുള്ള സാരിയുടുത്ത് മണവാട്ടിയായി നില്ക്കുന്ന നളിനി. സന്തോഷാധിക്യം കൊണ്ട് കണ്ണീരൊപ്പുന്ന ഗോപുവിന്റെ അമ്മ.

ആ അമ്മയുടെ രണ്ടാമത്തെ പുത്രനായി, നളിനിയുടെ ജീവിത സഖാവായി പുനർജ്ജനിയ്ക്കുന്ന നിമിഷങ്ങളെ കിനാവുകാണുകയായിരുന്നു, മനസ്സപ്പോൾ. ■

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode



Yes Key Electricals & Engineering Works
Puthiyapalam, Calicut
Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc
കൂടാതെ എല്ലാവിധ ഇലട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തുകൊടുക്കുന്നു.
NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.
K.P. Sunil Kumar Mob:9847390950
Ph:04952702073,Resi:9048594525

HASBI
TOURS & TRAVELS
Meenchanda
Areekad
Calicut-27



Mob: SAHIR
9895 999 100
9349 666 100




കവിത



പ്രഭാകരൻ നറുകര

# സായാഹ്ന ചിന്തകൾ



ചന്ദനത്തെന്നലായന്തരംഗങ്ങളിൽ
വന്നണയുന്ന സൽകർമ്മ പഥങ്ങളിൽ
സ്നേഹം നിറഞ്ഞവർ നമ്മൾ പരസ്പരം
ആഗതർക്കെല്ലാമരുളുന്നു സ്വാഗതം.
ബന്ധുര സസ്നേഹ പഞ്ജരം തന്നിലെ-
യന്ധകരങ്ങൾക്ക് നവ്യ പ്രകാശമായ്
സ്വന്തമാം വാക്കുകൾ ബന്ധനം ചെയ്തുനാം
മന്ദഹസിച്ചു നടന്നോരുകാലവും
ഭാവനാഭാവങ്ങൾ പുൽകാമകൈതവം
ഭാസുരപട്ടം പറക്കട്ടെയംബരം
മാമരചില്ലകളാടി മയൂരമായ്
മായിക സ്വപ്ന കനികൾ പറിച്ചതും
അമ്പുകളായി കണ്ണിൽ കുമ്പിളിൽ വീഴും
അഞ്ജിതമോഹാദ്ര സൗഹൃദ പൂവുകൾ
മാഞ്ഞുപോകാതെന്നും നിത്യഹരിതമായ്
മാന്തോപ്പിലമ്പിളി താരകൾ മിന്നിയും
വാസന്തസന്ധ്യകൾ വാനിലുദയങ്ങൾ
വാസന സൗരഭ ജീവിതവേഷങ്ങൾ
ആയുസ്സു പുസ്തക താളുകൾ ഷഷ്ടിയായി
ആകാശപുഷ്പങ്ങളാകാതെ നിന്നതും
സഞ്ചരിച്ചെത്തുന്ന ഭൃംഗനിരകൾക്ക്
സഞ്ചിത സ്വപ്നങ്ങൾ സായൂജ്യപൂമ്പൊടി
തന്ത്രികൾമീട്ടുമിലകൾക്കു മർമ്മരം
സംഗീത വീണയായ് തീരുന്ന സാഗരം
പൂത്ത മരങ്ങൾ തന്നനുഭവചില്ലയി-
ലെത്തുന്നതായിരമാതിരതെന്നലും
പാടുന്ന പൂങ്കുയിൽ തേൻമഴ രംഗങ്ങൾ
തീർക്കുമഗാധമാം നിർത്ധരിധാരകൾ
നീർമണി മുത്തുകൾ പുണരും വേരുകൾ
വേർപിരിയാതെത്രെയാശ്ലേഷ ബന്ധമായ്.



Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

# ആത്മപ്രഭാലയ ഗുരുദേവ ദർശനങ്ങൾ

**സത്യം എന്നാൽ എന്ത്?**

സത്യത്തിന് രൂപമില്ല. ഭാവമില്ല. സ്വാർത്ഥതാല്പര്യവുമില്ല. ഇങ്ങിനെയുള്ള ശക്തിയെ എങ്ങിനെ തിരിച്ചറിയും? ഇത് മനസ്സിലാക്കിയ ഗുരുദേവന്മാർ സത്യത്തെ തിരിച്ചറിയണമെങ്കിൽ വ്യക്തിക്ക് മനോനിയന്ത്രണം ആവശ്യമാണ് എന്ന് ബോധവൽക്കരിച്ചു. ഗുരുദേവന്മാരാണ് സത്യത്തിന്റേയും ധർമ്മത്തിന്റേയും നീതിയുടേയും ആചാരങ്ങൾക്കും അനുഷ്ടാനങ്ങൾക്കും രൂപം കൊടുത്തത്.

**സത്യവും ധർമ്മവും നീതിബോധവുമുള്ള വ്യക്തിയുടെ മാനസികാവസ്ഥ എങ്ങിനെയായിരിക്കും?**

സ്വയം ദർശിക്കുവാനും സ്വതന്ത്രമായി ചിന്തിക്കുവാനും പവിത്രമായ മനസ്സും, ശക്തമായ ബുദ്ധിയും ഉള്ള വ്യക്തിക്കു മാത്രമേ ധർമ്മത്തെ സംരക്ഷിക്കുവാനും നീതിബോധത്തോടെ ചിന്തിക്കുവാനും സാധിക്കുകയുള്ളു. ഒരു ഭരണാധികാരിക്ക്, രാജ്യത്തിലെ ജനങ്ങളെ പുരോഗതിയിലേക്ക് നിയന്ത്രിക്കണമെങ്കിൽ ഇത്തരത്തിലുള്ള ഗുണങ്ങളുടെ പൂർണ്ണത ഉണ്ടായിരിക്കണമെന്നതും നിർബന്ധമാണ്.

**ഒരു വ്യക്തി വളർന്നുവരേണ്ടത് എങ്ങിനെ?**

ഒരു കുട്ടി സത്യവും ധർമ്മവും ഉള്ള കുടുംബത്തിലാണ് പിറക്കുന്നതെങ്കിൽ ആ കുട്ടി ധർമ്മത്തിന്റെ പാതയിൽ വളരുന്നു. സത്യം, ധർമ്മം, നീതിബോധമില്ലാത്ത കുടുംബത്തിൽ പിറക്കുന്ന കുട്ടികൾക്ക് ലക്ഷ്യബോധം നഷ്ടപ്പെടും. സ്വതന്ത്രമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും സാധിക്കണമെങ്കിൽ ശൈശവം മുതൽ അനുഷ്ടാനങ്ങളിൽ താല്പര്യം ഉണ്ടായിരിക്കണം. ഇത്തരക്കാരായ കുട്ടികൾ കാലക്രമേണ സ്വയം ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിവുള്ളവരായി മാറുന്നു. ഇരുപത്തഞ്ച് വയസ്സ് വരെ നിർബന്ധമായും അച്ഛന്റെയും അമ്മയുടേയും സഹായം ഇവർക്കുണ്ടായിരിക്കണം.

**ഒരു ഭരണ സംവിധാനം എന്തിനുവേണ്ടി?**

ശക്തനായ ഒരാളുടെ ഭരണ നിയന്ത്രണത്തിൽ സത്യവും ധർമ്മവും നീതിയും നിലനിർത്തുകയായിരുന്നു മുൻകാലങ്ങളിലെ ഭരണസംവിധാനം. ജനാധിപത്യപ്രക്രിയയിൽ സത്യവും ധർമ്മവും നീതിബോധവുമില്ലാത്തവർ ഭരണമേറ്റെടുത്താൽ എങ്ങിനെ രാജ്യത്തെ നിയന്ത്രിക്കണമെന്നറിയാതെ ജനാധിപത്യത്തേയും ജനങ്ങളേയും അടിച്ചമർത്താൻ പരിശ്രമിക്കും. ജനാധിപത്യമെന്നാൽ ഭരണത്തെ ഭയപ്പെട്ടു ജീവിക്കുകയെന്നല്ല. ജനങ്ങൾ ഭയമില്ലാതെ ജീവിക്കുകയെന്നതാണ്. ജനങ്ങൾ ഭരണകർത്താക്കളെ തെരഞ്ഞെടുക്കുന്നത് ജനങ്ങൾക്ക് ജീവിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനാണ്. നന്മയുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിനുമാണ്.

പ്രണാമങ്ങളോടെ

**എം. മോഹൻദാസ്, സൂക്തനിലയം**
**അരീക്കോട്ട് പറമ്പ്, പി.ഒ. കോട്ടൂളി,**
**കോഴിക്കോട്, ഫോൺ : 9744960052**

ഗുരുദേവ സ്മൃതിയിൽ
സഹകരിക്കുവാനും
സംഘടിക്കുവാനും
താല്പര്യമുള്ളവർ
ബന്ധപ്പെടുക







ആശംസകളോടെ...

**ആത്മപ്രഭാലയ**

**ബനാന ചിപ്സ് സെന്റർ**

**കളിപ്പൊയ്ക**

**പി.ഒ. കോട്ടൂളി**

**കോഴിക്കോട്-16**

**ഫോൺ: 9744960052**






Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

***ശാസ്താസ്***
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.

***കോളിറ്റി സ്റ്റേഷനറി***
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

***കെ.ആർ. ബ്രദേഴ്സ്***
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565

***അളകാപുരി സ്റ്റേഷനറി,***
പാളയം, കോഴിക്കോട്, ഫോൺ: 9946267474

***മലബാർ സ്റ്റേഷനറി,***
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്

***ലക്കിബുക്ക്സ്***
ന്യൂബസ്സ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.

***അസീസ് സ്റ്റേഷനറി***
*കൊയിലാണ്ടി ബസ്സ്റ്റാന്റ്. കോഴിക്കോട്,*

***നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ***
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

***വി.എം. സ്റ്റേഷനറി***
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568

***ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,***
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

***കെ. ആർ. കൂൾബാർ***
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413

***യൂണിക്ക് ബുക്ക് സ്റ്റാൾ***
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502

***അപെക്സ് ബുക്ക് സ്റ്റാൾ,***
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: ........................


***ഗുഡ്ലൈൻ ബേക്കറി***
(കോയാസ് പോസ്പിറ്റലിനു മുൻവശം)

(കോഴിക്കോടചെറുവണ്ണൂർ)

***അക്ഷര ബുക്ക്സ്*** (രാമനാട്ടുകര)
***എം. കെ. ബുക്ക്സ്*** (രാമനാട്ടുകര)
***ബുക്ക് ലാന്റ്*** (രാമനാട്ടുകര)
***കുട്ടിയാപ്പു സ്റ്റേഷനറി*** (രാമനാട്ടുകര)
***മലയാളി ഫാൻസി*** (ഫറോക്ക്)
***ചന്ദ്രൻ സ്റ്റേഷനറി*** (ഫറോക്ക്)
***രാജൻ സ്റ്റേഷനറി,*** (പൊയിൽകാവ്)
***വിജയൻ, ജനറൽമർച്ചന്റ് & സ്റ്റേഷനറി*** (പൊയിൽകാവ്)
***അബുബക്കർ സ്റ്റേഷനറി*** (പൂക്കാട്)
***ശ്രീൻ സ്റ്റോർ*** (അത്താണിക്കൽ)
***പ്രതീത സ്റ്റോർ (മിൽമ)*** (പന്തീരാങ്കാവ്)
***ഇ.എൻ. ജി. സ്റ്റോർ*** (പന്തീരാങ്കാവ്)
***ടി.കെ. ഗോപാലൻ സ്റ്റേഷനറി*** (പൊറ്റമ്മൽ)
***കൃഷ്ണൻക്കുട്ടി സ്റ്റേഷനറി*** (പൊറ്റമ്മൽ)
***വാസു സ്റ്റേഷനറി*** (മാങ്കാവ്)
***കെ. ജയരാജൻ സ്റ്റേഷനറി*** (കാളൂർറോഡ്)
***ഫ്രണ്ട്സ് സ്റ്റേഷനറി*** (കാളൂർറോഡ്)
***പ്രമീള സ്റ്റോർ*** (കോന്തനാരി)
***കേരളാ സ്റ്റോർ,*** 6-ാം മൈൽ, (വെള്ളിപറമ്പ്)
***കൃഷ്ണൻക്കുട്ടി സ്റ്റേഷനറി,*** (അത്താണിക്കൽ)
***ജയചന്ദ്രൻ(കുട്ടൻ)സ്റ്റേഷനറി*** (വെസ്റ്റ്ഹിൽചുങ്കം)
***വി.കെ.ബി. സ്റ്റോർ*** (വെസ്റ്റ്ഹിൽ ചുങ്കം)
***ചുങ്കം സ്റ്റേഷനറി*** (വെസ്റ്റ്ഹിൽ ചുങ്കം)
***രാമചന്ദ്രൻ സ്റ്റേഷനറി*** (പുതിയപാലം)
***ധർമ്മരാജ് സ്റ്റേഷനറി*** (പുതിയപാലം)
***അനിൽ കുമാർ(ബാബു)സ്റ്റേഷനറി*** (പുതിയപാലം)
***സുരഭി സ്റ്റേഷനറി*** *(ഒളവണ്ണ ബസാർ)*
***രാമകൃഷ്ണൻ സ്റ്റേഷനറി*** (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
***രാമദാസ് സ്റ്റോർ,*** കല്ലായി റോഡ്, (നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)
***ടി.പി സ്റ്റോർ,*** (ശാരദമന്ദിരം)
***കെ.എസ്. സ്റ്റേഷനറി& കൂൾബാർ*** (കൈമ്പാലം)
***സാഗരൻ സ്റ്റേഷനറി,*** (ഈസ്റ്റ് നടക്കാവ്)
***കവിത സ്റ്റോർസ്,*** ദേവഗിരി ബിൽഡിംഗ്,ഫോൺ: 04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ്)
***എം.സി. ആലിക്കോയ,*** വ്യാപാരഭവൻ, (മാങ്കാവ്)
***നാരായണൻ ബുക്ക് സ്റ്റാൾ,*** (ഇംഗ്ലീഷ് പള്ളി)
***ബേബി സ്റ്റേഷനറി*** (കാരന്തൂർ)

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കഥ



മഞ്ചേരി ബാലചന്ദ്രൻ

# ഓർമ്മയിലെന്നും



**മീ**റ്റിംഗ് കഴിയാറായപ്പോഴാണ് ഫോണിലൂടെ വിവരങ്ങൾ അറിയുന്നത്. മണിയേട്ടൻ മഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിൽ ഓർമ്മയില്ലാതെ കിടക്കുകയാണ്. പ്രത്യേക അസുഖമൊന്നും ഉണ്ടായിരുന്നില്ല. ആശുപത്രിയിൽ പലരും വന്നും പോയുംമിരിക്കുന്നു അവസാനമായി ഒരു നോക്ക് കാണുവാൻ. മണിയേട്ടനെന്ന വലിയ വ്യക്തിയുടെ സാമീപ്യം അകലുകയാണ്......

മണിയേട്ടന്റെ അനുജൻ മോഹനൻ വിളിച്ച് വിവരം തന്നു. മോഹനൻ ഗവർമെന്റ് സർവ്വീസ്സിൽ നിന്ന് രണ്ട് വർഷമായി പിരിഞ്ഞിട്ട് ഇപ്പോൾ സാമൂഹ്യരംഗത്തും രാഷ്ട്രീയ രംഗത്തും പ്രവർത്തിക്കുന്നു. പ്രസംഗിക്കാൻ അറിയാൻ കഴിഞ്ഞത് പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ടത് മുതൽക്കാണ്.

ഉടനെ വരാമെന്ന് മോഹനന് മറുപടികൊടുത്തു. സുഹൃത്തിനോട് മണിയേട്ടന്റെ അസുഖത്തിനെപറ്റി അന്വേഷിച്ചു. അപ്പോൾ സുഹൃത്ത് പറഞ്ഞു. മൂത്തമകളുടെ വീട്ടിൽ കുറച്ച് ദിവസം മുന്നെപോയിരുന്നു. പുലർച്ചെ മുകളിലെ മുറിയിൽ നിന്ന് സ്റ്റെപ്പ് വഴി താഴോട്ട് ഇറങ്ങിയപ്പോൾ കാൽ തെന്നി വീഴുകയും തലയുടെ പിൻ ഭാഗം സ്റ്റെപ്പിൽ ഇടിക്കുകയും താഴോട്ട് വീഴുകയും ചെയ്തു. പിന്നീട് ഓർമ്മയില്ല. പുലർച്ചെ തൊട്ടടുത്ത സ്വകാര്യ ആശുപത്രിയിലേക്ക് പ്രാഥമിക ചികിത്സക്കായി പോയെങ്കിലും ആശുപത്രി അധികൃതർ കോഴിക്കോട്ടേക്ക് റഫർ ചെയ്യുകയാണ് ചെയ്തത്. അവിടത്തെ പ്രധാന സ്വകാര്യ ആശുപത്രിയിലെ ഐ.സി.യുവിൽ ഒരാഴ്ച അബോധാവസ്ഥയിൽ കിടന്നു.

സുഹൃത്ത് കഴിഞ്ഞ ദിവസം സംഭവങ്ങൾ വിശദമായി പറഞ്ഞപ്പോൾ മനസ്സിൽ അറിയാത്ത ഒരസ്വസ്തത.

മഞ്ചേരി ടൗണിൽ ബസ്സ് എത്തിയപ്പോൾ സമയം സന്ധ്യ. സായം സന്ധ്യയുടെ മങ്ങിയ വെളിച്ചത്തിൽ വാഹനങ്ങളുടെ തിരക്കും ബഹളവും. ജനങ്ങളുടെ ശബ്ദ കോലാഹലത്തിൽ ചരിത്രം ഉറങ്ങുന്ന ഏറനാടിന്റെ തലസ്ഥാനത്തിന്റെ മുഖച്ഛായ മാറിയിരിക്കുന്നു.

ഓട്ടോ വിളിച്ച് ആശുപത്രിയുടെ മുറ്റത്ത് നിറുത്തി. ഡ്രൈവർ പറഞ്ഞ വാടക കൊടുത്ത് അന്വേഷണ കൌണ്ടറിന്റെ മുന്നിലേക്ക് നടന്ന് മണിയേട്ടൻ കിടക്കുന്ന മുറി അന്വേഷിച്ചു. സെക്കന്റ് ഫ്ളോറിൽ 432. ദൃതിയിൽ മുറിയിലേക്ക് നടന്നു.മുറിയുടെ പുറത്ത് സ്വന്തക്കാരും അടുത്ത ആളുകളും കൂടിയിരിക്കുന്നു. മണിയേട്ടൻ കിട

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode



# New Style Dresses



Gents & Ladies
Sastha Complex
**Golden Bazar**
Mananthalathazham, Kozhikode
Mob: Mohandas 9387966863

## NAKSHATHRA SILKES & SAREES

P.S.C. BANK BUILDING
Pantheerankave, Mob: 9400931425



SilkDesigner Sarees
Churidar Materials Kids Wears



ESTD 1979

## SHOBA CLINICAL LABORTORY

**Pavangad, Calicut - 21 ☎ 2392584**
**Mob: HARIDAS 9447462050**
ഞങ്ങളുടെ സഹോദര സ്ഥാപനം
ന്യൂകൃപ എക്സ്റെ & ലബോറട്ടറി, വയനാട് റോഡ്
Op. ഫാത്തിമ ഹോസ്പിറ്റൽ, കോഴിക്കോട്

## T. Kumaran Vaidyar's JAYAPRAKASH PHARMACY

**Malapparamba, Kozhikode - 9,**



**Kerala, India**
**Jayaprasad P.K.**
**Mob : 9447059880**





## DHANA LAKSHMI JEWELLERY





**P.V.S. Shopping Complex,**
**Cheriya Mankave, Kozhikode - 7**
**Prop : M.C. Vinodkumar : Mob : 9847070204**
**Shop : 2331737, Resi : 2324410**

## MANAMKULAM TIMBERS

Chalappuram P.O., Calicut 673 002, Kerala
Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available
Ph: Abdul mNazer - 9847010745
Mohemed Faizel - 9847133878

## P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade, East Kottaparamba
G.H. Road, Kozhikode- 1
Ph : 0495 2724100, 9387338100

## MANAMKULAM ENTER PRISES

Chalappuram P.O., Calicut 673 002, Kerala
Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**
WHOLE SALE DEALER OF ANCHOR PLYWOOD & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...
..

## Highness Cool

Refrigeration & Air Conditioning

Near Post Office, Mankave, Calicut- 7
(Service for A/C, Fridge)
Washing Machine, Spray Painting, etc...
Mob : 9349810003

## മനോജ് ടീ സ്റ്റാൾ



**കുറ്റിയിൽതാഴം**
**കോഴിക്കോട്**



**ഫോൺ: മനോജ് 9847915793**

## ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം

കൊളത്തായ് കോംപ്ലക്സ്, പാല
ഫോൺ: 9061434339, 9497752475

**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ,സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ,
വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ
തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്

## CAR TECH

**Krishnan Nair Road Junction, Karaparamba,**
**Calicut-10 Mob: Suresh Babu 9495640243,**
**Ph: 2377017, Res: 2376189**



GOVERNMENT APPROVED
**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**


Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ക്കുന്ന കട്ടിലിലേക്ക് നോക്കി. ഓക്സിജൻ സിലിണ്ടറിൽ നിന്ന് പൈപ്പ് വഴി മുഖത്തേക്ക് മഫ്ളർലൂടെ ശ്വാസോച്ഛ്വാസ പ്രക്രിയ നടക്കുന്നു.

കട്ടിലിന്റെ പടിഞ്ഞാറെ മൂലയിൽ മണിയേട്ടന്റെ ഭാര്യ ശ്രീദേവി. മറ്റൊരു ഭാഗത്ത് പെൺ മക്കളും മകനും. ഒരു നിമിഷം ശ്രീദേവി ചേച്ചിയുടെ മുഖത്തേക്ക് നോക്കി. കണ്ണുകൾ രണ്ടും നിറഞ്ഞിരിരിക്കുന്നു. ഒരു നിമിഷം ഒന്നും പറയാൻ കഴിയുന്നില്ല.

അപ്പോഴേക്കും സുഹൃത്ത് മേലാക്കത്ത് വീട്ടിൽ പോയി ഭാര്യയേയും കൂട്ടി ആശുപത്രിയിലേക്ക് വന്നു. പിന്നെ സുഹൃത്തുമായി മണിയേട്ടന്റെ കാര്യങ്ങൾ സംസാരിച്ചു. രാത്രിയുടെ കറുത്ത നിറം ആശുപത്രിയുടെ മുറ്റത്ത് കൂടാൻ തുടങ്ങിയപ്പോൾ, സുഹൃത്തിനോട് കൂടുതൽ പറയാതെ– “വിവരം അറിയിക്കുക” യെന്ന് പറഞ്ഞ് അവിടെ നിന്ന് മടങ്ങി.

അന്ന് രാത്രിയിൽ മണിയേട്ടന്റെ പഴയകാലം ഓർത്തു. അവരുടെ അച്ഛന്റെ പാരമ്പര്യവും ജീവിതരീതിയും തുടർന്നു കൊണ്ടേയിരുന്നു. ആധുനികലോകത്ത് തലമുറകൾ സൃഷ്ഠിക്കുന്ന അന്തരങ്ങൾ മനുഷ്യന്റെ ആദർശങ്ങളെയും സത്യത്തെയും എന്നോകൈയ്യൊഴിഞ്ഞിരിക്കുന്നു. രാത്രിയിൽ മനസ്സിലൂടെ പല കഴിഞ്ഞ സംഭവങ്ങളും കടന്നുപോയി. മനസ്സിൽ നൊമ്പരങ്ങൾ, മണിയേട്ടൻ കിടക്കുന്ന രംഗം കണ്ടതുമുതൽ.

പുലർച്ച അഞ്ചുമണിയായപ്പോൾ, മൊബൈൽ ശബ്ദിച്ചു. സുഹൃത്തിന്റെ വിളിയാണ്: “മണിയേട്ടൻ യാത്രയായി. ഇന്നലെ രാത്രി പതിനൊന്നുമണിക്ക്: ഉച്ചയ്ക്ക് പന്ത്രണ്ടു മണിക്ക് അവരുടെ വീട്ടിൽ നിന്ന് ശവം കൊണ്ടുപോകും” ബെഡിൽ കുറേനേരം ഇരുന്നു. മനസ്സിൽ മൗന നൊമ്പരങ്ങൾ: ഒന്നും ശബ്ദിക്കാൻ കഴിയുന്നില്ല. ഈ ലോകത്ത് നിന്ന് മറ്റൊരു ലോകത്തേക്ക് മണിയേട്ടൻ പോയിരിക്കുന്നു. ഇനിയൊരിക്കലും തിരിച്ചുവരില്ല. പ്രകാശം നിറഞ്ഞ കണ്ണുകൾ ഇനി തുറക്കില്ല.

മണിയേട്ടന്റെ ജീവിതത്തിൽ നിന്ന് പല നല്ല കാര്യങ്ങളും പഠിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുരംഗങ്ങളിൽ സമൂഹത്തിലെ ആരുവിളിച്ചാലും മണിയേട്ടൻ പങ്കെടുക്കും. കൂടെ ഭാര്യയുമുണ്ടാകും. ഇണപിരിയാത്ത ആ ദാമ്പത്യബന്ധം വർഷങ്ങളായി തുടർന്നു പോന്നിരുന്നു. പലരും പറഞ്ഞിരുന്നു: “അവരെ കണ്ടുപഠിക്കണം.”

സത്യസന്ധവും ആത്മാർത്ഥവുമായി ജീവിക്കുക. ചതിയും തട്ടിപ്പും ഒഴിവാക്കുക. കഴിയുന്നതും മറ്റുള്ളവരെ സഹായിക്കുക. പ്രതിഫലം ആഗ്രഹിച്ച് ഒന്നും ചെയ്യരുത്!.

എത്ര സുന്ദരമായ വാക്കുകൾ, ആദർശങ്ങൾ. മണിയേട്ടന്റെ ജീവിതം പുതിയ തലമുറയ്ക്ക് നൽകുന്ന സന്ദേശം അതാണ്. ആ സന്ദേശം കാത്തുസൂക്ഷിക്കണം. ഇന്നത്തെ തലമുറയ്ക്ക് കഴിയണം. ഓർമ്മയിൽ എന്നും മണിയേട്ടന്റെ വാക്കുകൾക്ക് മരണമില്ല. ■

# ദുബായ് ജൂനിയർ മോഡൽ ഇന്റർനാഷണൽ ഫൈനലിൽ ഇന്ത്യക്കായി ധ്യാൻ ക്യഷ്ണ



**ഒ**ക്ടോബറിൽ ദുബായിൽ നടക്കുന്നജൂനിയർ മോഡൽ ഇന്റർനാഷണൽ മത്സരത്തിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്ത് അഞ്ചു വയസ്സുകാരൻ ധ്യാൻ കൃഷ്ണ പങ്കെടുക്കും. ബുദ്ധിയും, സൗന്ദര്യവും കലാപ്രകടനവും മാറ്റുരക്കുന്ന മത്സരമാണിത്. ഫേഷൻ മോഡലിംഗ് രംഗത്ത് നാല്പതോളം രാജ്യങ്ങളിൽ സാന്നിദ്ധ്യമുള്ള ഫാഷൻറൺവേ സംഘടിപ്പിച്ച ഈ മത്സരത്തിൽ വിവിധ സംസ്ഥാനങ്ങളിൽനിന്നായി 63 കുട്ടികൾ പങ്കെടുത്തു. ഏപ്രിൽ 27 ന് കോഴിക്കോട് താജിൽ നടന്ന ഗ്രാന്റ് ഇന്ത്യൻ ഫൈനലിൽ ബെസ്റ്റ്നാഷണൽ കോസ്റ്റ്യൂം ആയാണ് ധ്യാൻ കൃഷ്ണ ലോകമത്സരത്തിലേക്ക് യോഗ്യത നേടിയത്. ചെണ്ട വാദ്യവും ഡാൻസും പരിശീലിക്കുന്ന ഈ കൊച്ചുകലാകാരൻ ടാലന്റ് റൗണ്ടിൽഅതിശയിപ്പിക്കുന്ന പ്രകടനമാണ് കാഴ്ചവെച്ചത്.

കോഴിക്കോട് പന്തീരാങ്കാവിലെനക്ഷത്ര സിൽക്സ് ഉടമ അനിൽകുമാർ – ജസ്ന ദമ്പതികളുടെ മകൻ ധ്യാൻ കൃഷ്ണ സി.എം.ഐ. പബ്ലിക്ക് സ്ക്കൂൾ എൽ.കെ.ജി. വിദ്യാർത്ഥിയും, മാങ്കാവ് ലയൺസ് ക്ലബ്ബ് നന്മയിലെ ലിയോ അംഗവുമാണ്. എൽ.കെ.ജി. വിദ്യാർത്ഥിനി ദിയാലക്ഷ്മി സഹോദരിയാണ്.

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

## (എഡിറ്റോറിയൽ ബാക്കി)

ക്കർഹരാണ്. കാരണം അവർക്ക് ഭരണകൂട സ്ഥാപനങ്ങളിൽ പരിപൂർണ്ണവിശ്വാസം വരാത്തതുകൊണ്ടാണല്ലോ ദാരിദ്ര്യവും കഷ്ടതയും വിലകൊടുത്തു വാങ്ങുന്നത്. ഭരണതലത്തിൽ പരിഹാരം കാണേണ്ട വിഷയം തന്നെയാണിത്. പ്രത്യേകിച്ചും അദ്ധ്യാപകരാകാൻ പഠനം നടത്തുന്നവരും, അദ്ധ്യപകരും, രാഷ്ട്രീയ ആദർശവാദികളും ചേർന്നു നിന്നുകൊണ്ട് ചിന്തിക്കേണ്ട സാധാരണ ജനങ്ങളുടെ രാഷ്ട്രീയ വിഷയം.

ഭരണകൂടങ്ങളുടെ അറിവിലേക്കായി രണ്ടു വാക്ക്! സ്വന്തം കുടുംബത്തിലെ ഭക്ഷണവും, വസ്ത്രം വാങ്ങലും മറ്റു എല്ലാവിധ ചിലവുകളും ചുരുക്കി, സ്വന്തം കുട്ടികൾക്ക് ഫീസ് കൊടുക്കുവാനും, പഠനോപകരണങ്ങൾ വാങ്ങുവാനും, തലവരി (കേപ്പിറ്റൽ ഫീ) കൊടുക്കുവാനും വേണ്ടി ദിശയറിയാതെ പരക്കം പായുന്ന രക്ഷിതാക്കളുടേയും വിദ്യാർത്ഥിവിഭാഗത്തിന്റെയും ക്ഷേമത്തിനായും–കൂടെ വെള്ളപ്പൊക്കം മഹാവ്യാധി പോലുള്ള ദുർഘട ഘട്ടങ്ങളേയും അതിജീവിക്കാൻ എല്ലാ വിഭാഗത്തിലുള്ള ജനങ്ങൾക്കും സാധിക്കുന്ന ജനകീയമായ പ്രവർത്തനം ഭരണതലത്തിൽ നിന്നുണ്ടാകട്ടെയെന്നു എല്ലാവരും പ്രതീക്ഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു.

(മാനേജിംഗ് എഡിറ്റർ)

## അറിയിപ്പ്

### നവസാഹിത്യ രചയിതാക്കളുടെ ശ്രദ്ധയ്ക്ക്

ചിലർ പേരും പ്രശസ്തിക്കും വേണ്ടി അന്യരുടെ രചനകൾ നക്ഷത്രരാജ്യം മാസികയിൽ അച്ചടിച്ചു പ്രസിദ്ധികരിക്കുവാൻ അയക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിൽനിന്നു സ്ഥിരമായി അയക്കുന്ന ഒരാളുടെ അവകാശവാദത്തിലുള്ള രചനകൾ ഇത്തരത്തിലുള്ളതായാണ് അറിവുലഭിച്ചത്. അതുകൊണ്ട്തന്നെ പ്രശസ്തരല്ലാത്ത ഇത്തരം ആളുകളുടെ രചനകൾ സാഹിത്യരചനകളെകുറിച്ചു സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു അഫിഡിവിറ്റ് കൂടെ രചനയുടെ കൂടെ അയച്ചുകൊണ്ടുമാത്രമേ നക്ഷത്രരാജ്യം ത്രൈ മാസികയ്ക്ക് അയക്കേണ്ടതായുള്ളു എന്ന് ഇതിനാൽ അറിയിക്കുന്നു.

മാനേജിംഗ് എഡിറ്റർ

Statement About ownership and other particulars about
Newspaper Nakshathra RaJyam Malayalam Quarterly

| | | | |
|---|---|---|---|
| 1. | Place of Publication | : | KOZHIKODE |
| 2. | Periodicity of Publication | : | QUARTERLY (TRI-MONTHLY) |
| 3. | Printers Name | : | E.RADHAKRISHNAN |
| 4. | Publisher's Name | : | ,, |
| 5. | Editor's Name | : | ,, |
| 6. | Nationality | : | INDIAN |
| 7. | Address | : | EDOLI HOUSE<br>KOMMERI (P.O.)<br>VALAYANADU (VILLEGE)<br>KOZHIKODE (DIST) |
| 8. | Name and address of Individuals who own the Newspaper and Parteners Shareholders holding more than one percent of the total capital | : | E.RADHAKRISHNAN |

I, E. RADHAKRISHNAN hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
E.RADHAKRISHNAN

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

# ദേവികൃഷ്ണ ട്രാവൽസ്



കരുവിശ്ശേരി, കോഴിക്കോട്

ഫോൺ: 9539170505, 9387920470

## നാലമ്പലയാത്ര

| | | |
|---|---|---|
| 2019 ജൂലായ് | 20 ശനിയാഴ്ച (രാത്രി 9 മണിക്ക്) | RS 700 |
| 2019 ജൂലായ് | 27 ശനിയാഴ്ച (രാത്രി 9 മണിക്ക്) | |
| 2019 ആഗസ്റ്റ് | 3 ശനിയാഴ്ച (രാത്രി 9 മണിക്ക്) | |
| 2019 ആഗസ്റ്റ് | 3 ശനിയാഴ്ച (രാത്രി 9 മണിക്ക്) | |

2019 സെപ്തംബർ 12 ന് രാമേശ്വരം തിരുപ്രംകുണ്ടം - ധനുഷ്കോടി, മധുര-പഴനി യാത്ര : ഭക്ഷണം, താമസം ഉൾപ്പെടെ ഒരാൾക്ക് RS - 3000

**2019 സെപ്തംബർ - 20ന് ദ്വാരകയാത്ര.**


ദ്വാരക സോമനാഥ് ഫോർബന്തർ സർദാർ വല്ലഭായ് പട്ടേൽ ബേട്ട് ദ്വാരക.

2020- ഫിബ്രവരി 15ന് കാശീ. ഹരിദ്വാർ
ഋഷികേഷ്, ആര്യ- ഡൽഹി യാത്ര

സോമൻ സ്വാമി-കരുവിശ്ശേരി-കോഴിക്കോട്

**ഫോൺ: 9539170505, 9387920470**







## തിരുപ്പതി യാത്ര

**2020 ഏപ്രിൽ-15 ന്**

**തിരുപ്പതി, കാളഹസ്തി,**
**ഗോൾഡൻ ടെമ്പിൾ,**
**പത്മാവതി ക്ഷേത്ര ദർശനം**

RS - 3,500





## BETTER LINE BEAUTY PARLOUR

**KIDS & LADIES ONLY**

**Arcade Building, K.T. Gopalan Road**
**Kottooli Cente, Kozhikode - 16**
**Mob : 9387920470**







Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

CMS സി. എം. എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

അർഷണ സെന്റർ, കോവൂർ, കോഴിക്കോട്

ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430








ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

# സി.എം.എസ്. ഫർണീച്ചർ

തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017

ഫോൺ: സി.എം. സുന്ദരൻ 7592 056 056, 7592 058 058, 99950 36 186





BAJAJ FINSERV

**0% - Intrest Bajaj Finance**

പലിശ രഹിത വായ്പാ സൗകര്യം



സോഫസെറ്റ് - 14500 രൂപ മുതൽ
കട്ടിൽ & ബെഡ് - 16000 രൂപ മുതൽ
ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ
ഡൈനിംഗ് ടേബിൾ &
6 Nos ചെയർ (Wooden) 21900 രൂപ മുതൽ



ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും



# Agency : KACOPS, KOTTOOLI

**Mob : 9747868041**




**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**



എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക




# ശാരദ
## ഇൻഡസ്ട്രിയൽസ്



കാളൂർറോഡ് , മാങ്കാവ്

കോഴിക്കോട് - 673 007

Mob : 9846412070




Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

# ഐശ്വര്യ സ്വയം സഹായ സംഘം

മുക്കണ്ണിപറമ്പ്, കൊമ്മേരി IDC Reg No 224/04
കോഴിക്കോട 673 007

ഐശ്വര്യ സ്വയംസഹായ സംഘത്തിന്റെയും, സൂര്യ സ്വയം സഹായ സംഘത്തിന്റയും സംയുക്താഭിമുഖ്യത്തിൽ 15-ാം വർഷവും കൊമ്മേരിയിൽ വെച്ച് സൊജന്യമായി വിദ്യാർത്ഥികൾക്ക് പുസ്തകവും പഠനോപകരണങ്ങളും വിതരണം ചെയ്തു.

## കാര്യപരിപാടി

| | |
|---|---|
| സ്വാഗതം: | നിശാന്ത് വി.പി (സെക്രട്ടറി) |
| അദ്ധ്യക്ഷൻ: | ബാബുരാജ് ചമ്പയിൽ (പ്രസിഡണ്ട്) |
| ഉദ്ഘാടനം: | മിനി ടീച്ചർ (H.M. കൊമ്മരി A.L.P. സ്കൂൾ) |
| മുഖ്യാതിഥി: | കവിത അരുൺ (മുൻ കൗൺസിലർ) |
| ആശംസകൾ: | ഇ.രാധാകൃഷ്ണൻ (മാനേജിംഗ് എഡിറ്റർ, നക്ഷത്ര രാജ്യം ത്രൈ മാസിക) |
| | ധനലക്ഷ്മി മോഹൻദാസ് (പ്രസിഡണ്ട്, സൂര്യ സ്വയം സഹായ സംഘം) |
| | സഞ്ജയൻ പി.പി (പ്രസിഡണ്ട്, ഐക്യവേദി സ്വയം സഹായ സംഘം) |
| | ശോഭന ഇക്കാട്ടിരി (പ്രസിഡണ്ട്, സത്യസേവ സ്വയം സഹായ സംഘം) |
| നന്ദി: | വി.എൻ. മോഹൻദാസ് (ജോയ്ന്റ് സിക്രട്ടറി) എന്നിവർ നിർവ്വഹിച്ചു. |





*കടയിൽ പോകുമ്പോൾ വ്യക്തികൾ തുണിസഞ്ചി ശീലമാക്കുക*
*സംഘടനകൾ ഫ്ളക്സ് ഉപേക്ഷിക്കുക*

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

# NAKSHATRA RAJYAM (QUARTERLY)

RNI TITLE CODE: KERMAL 16195 DT. 22-06-2018

**REG. DCKKD-5221/17-A1A DTD 20/08/2018**



MOB: 9847649567, 9744233997 <> E-mail: nakshathrarajyam@gmail.com

**P.B. NO.1205, MANKAVU P.O., KOZHIKODE-7, KERALA**

Whats App: 9072 832 823 <> WEB: nakshathrarajyameradhakrishnan.in


# നക്ഷത്രരാജ്യം

## നക്ഷത്രരാജ്യം തകഴി – അവാർഡ് സമർപ്പണം 2018–19
## നക്ഷത്രരാജ്യം മാസിക 11–ാം വാർഷികം 2018–19

**20 സാഹിത്യകാരന്മാർ രചിച്ച 30 ലേഖനങ്ങളുടെ സമാഹാരം**

## “കൂട്ടുകൃതി ആഖ്യാനങ്ങൾ” പുസ്തക പ്രകാശനം


**2019 ഫിബ്രവരി 4–ാം തിയ്യതി തിങ്കളാഴ്ച വൈകു. 5 മണി മുതൽ ടൗൺഹാൾ (കോഴിക്കോട്) വെച്ചു നടന്നു**

**കലാ–സാംസ്ക്കാരിക–രാഷ്ട്രീയ മണ്ഡലങ്ങളിലെ പ്രമുഖർ പങ്കെടുത്ത ചടങ്ങിൽ പ്രശസ്ത സാഹിത്യകാരി ശ്രീമതി. കെ.പി. സുധീര “ നക്ഷത്രരാജ്യം–തകഴി ”അവാർഡ് സ്വീകരിച്ചു**

## NAKSHATRA RAJYAM ESTD- 2008 OCTOBER

**നക്ഷത്രരാജ്യം ബുക്ക്സ് ഒരു പുസ്തകമായി പ്രസിദ്ധികരിച്ച ശ്രീ. ഇയ്യങ്കോട് ശ്രീധരൻ, മുണ്ടൂർ സേതുമാധവൻ, ശ്രീമതി. കെ. പി. സുധീര, മുണ്ട്യാടി ദാമോദരൻ, മഞ്ചേരി ബാലചന്ദ്രൻ, ഒ. വിജയൻ, ഇബ്രാഹിം മൂർക്കനാട്, ജനാർദ്ദനൻ കടുങ്ങപുരം, രജികുമാർ പുലാക്കാട്, അഡ്വ. ടി. എം. ഗോപാലകൃഷ്ണൻ, പ്രഭാകരൻ നറുകര, എം.കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി, സി.കെ. രാഘവൻ, അഹമ്മത് കിഴിശ്ശേരി, ടി.പി. ശിവദാസൻ നെമ്മാറ, ചിത്രാപ്പാട്ട് നീലകണ്ഠൻ, ബിനി കിഴിശ്ശേരി, നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ എന്നിവരുടെ ലേഖനങ്ങളുടെ സമാഹാരം “കൂട്ടുകൃതി ആഖ്യാനങ്ങൾ” ശ്രീമതി കെ.പി സുധീര ആദ്യപ്രതി വാഗ്മിയും പ്രശസ്ത സാഹിത്യകാരനുമായ ശ്രീ. പി.ആർ. നാഥനിൽനിന്നും ഏറ്റുവാങ്ങി പ്രകാശനം നിർവ്വഹിച്ചു.**

**കലാപരിപാടികളിൽ പ്രധാന ഇനമായി സിനിമാറ്റിക്ക് ഡാൻസ് അരങ്ങേറി**



**ശ്രീ. പി.ആർ. നാഥൻ സംസാരിക്കുന്നു. സമീപം നക്ഷത്രരാജ്യം – തകഴി അവാർഡ് ജേതാവ് കെ.പി. സുധീര, ഭാസി മലാപ്പറമ്പ് തുടങ്ങിയവർ**

**മുൻ വർഷ അവാർഡ് ജേതാക്കൾ**
**1. യു.എ ഖാദർ, 2. പി.ആർ. നാഥൻ**

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**മാനേജിംഗ് എഡിറ്റർ/ പബ്ലിഷർ**


Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

വളയനാട് സിറ്റിസൺസ് വെൽഫയർ ട്രസ്റ്റ്
ഗോവിന്ദം ആർക്കേഡ്, മാങ്കാവ്, കോഴിക്കോട് 673 007

# പെയിൻ & പാലിയേറ്റീവ് വിഭാഗം ഉൽഘാടനം.

**വളയനാട് സിറ്റിസൺസ് വെൽഫയർ ട്രസ്റ്റ് വളരെ കാലമായി ആതുരസേവന രംഗത്ത് പ്രവർത്തിച്ച് വരുന്ന ഒരു സംഘടനയാണ്. ജീവകാരുണ്യ പ്രവർത്തനങ്ങളിലും മറ്റ് സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിലും ലോകത്തുള്ള 210 രാഷ്ട്രീയങ്ങളിൽ ലക്ഷകണക്കിന് അവശത അനുഭവിക്കുന്ന ജനങ്ങളെ കോടികൾ ചിലവഴിച്ച് പരിരക്ഷിച്ചു വരുന്ന ലോകത്തിലെ ഏറ്റവും വലിയ സന്നദ്ധ സംഘടനയായ ലയൺസ് ക്ലബ്സ് ഇന്റർനാഷണലിന്റെ ഡിസ്ട്രിക്ട് 318E യിലെ റീജിയൻ 1 ന്റെ സഹായ സഹകരണത്തോടെ രോഗികൾക്കാവശ്യമായ കട്ടിലുകൾ, എയർബെഡ്, വാക്കർ, വീൽചെയർ, ബി.പി. ചെക്കിങ്ങ് മെഷീൻ, സുഗർ ചെക്കിങ്ങ് മെഷീൻ മുതലായവ ട്രസ്റ്റിന് നൽകികൊണ്ട് ലയൺസ് ക്ലബ്സ് ഇന്റർനാഷണലിലെ ഡിസ്ട്രിക്ട് ഗവർണർ Ln. ഗണേശൻ കണിയാറക്കൽ MJF വളയനാട് സിറ്റിസൺസ് വെൽഫയർ ട്രസ്റ്റ് പെയിൻ & പാലിയേറ്റീവ് വിഭാഗം ഉൽഘാടനം ചെയ്യുന്നു.**

**2019 ജൂൺ മാസം 9–ാംനു ഞാറാഴ്ച വൈകുന്നേരം 6.30ന് മാങ്കാവിൽ കല്പക തിയേറ്ററിന് സമീപം ഗോവിന്ദം ആർക്കേഡ് ബിൽഡിങ്ങിൽ വളയനാട് സിറ്റിസൺസ് വെൽഫയർ ട്രസ്റ്റിന്റെ ഓഫീസിൽ വെച്ച് നടക്കുന്ന പരിപാടിയിലേക്ക് താങ്കളെ ക്ഷണിച്ചു കൊള്ളുന്നു.**

എം. വി. മാധവൻ (ചെയർമാൻ)
**Prof.** എം. മുഹമ്മദ് ബഷീർ (മാനേജിംഗ് ട്രസ്റ്റി)
കെ.സി ബാലൻ (ജന: സെക്രട്ടറി)
പി രാജൻ (കൺവീനർ)
(വളയനാട് സിറ്റിസൺസ് വെൽഫയർ ട്രസ്റ്റ്)

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ചെറുകഥ





വിജയൻ. ഒ. ചെറുവറ്റ

# വിവാഹവേദി

**ഇ**ന്ന് ഞായറാഴ്ച. രാവിലെ 5 മണിക്കു തന്നെ ഉണർന്നു. വിവാഹശേഷം മകളും മരുമകനും ആദ്യമായി വീട്ടിൽ വരുകയല്ലേ. എന്തെല്ലാം ഒരുക്കങ്ങൾ വേണം. മാർക്കറ്റിൽ പോകണം. സാധനങ്ങൾ വാങ്ങിക്കണം. ഭാര്യ സുമതി നേരത്തെ എഴുന്നേറ്റ് അടുക്കളയിൽ ജോലിയിലാണ്. അടുത്തവീട്ടിലെ നാരായണി അമ്മയും കൂട്ടിനുണ്ട്.

വേഗം കുളിച്ചു റെഡിയായി. അപ്പോഴേക്കും കട്ടൻ ചായയുമായി സുമതി എത്തി. കൂടെ ചെറിയൊരു ലിസ്റ്റുമുണ്ട്. "രാജേട്ടാ വേഗം മാർക്കറ്റിൽ പോയി വാ–" സാധനങ്ങളുടെ ഒരു ലിസ്റ്റ് നീട്ടിക്കൊണ്ട് സുമതി പറഞ്ഞു. മത്സ്യം, ഇറച്ചി, എന്നിവയൊക്കെ എഴുതിയിട്ടുണ്ട്.

വിവാഹം കഴിഞ്ഞു നാലുദിവസമേ ആയിട്ടുള്ളുവെങ്കിലും നാലു യുഗം കടന്നുപോയ അനുഭവമായിരുന്നു. മകൾ ശ്രീകുട്ടിക്ക് താൻ അച്ഛൻ മാത്രമായിരുന്നില്ല. കളിക്കൂട്ടുകാരൻ കൂടിയായിരുന്നു.മകൾ വിട്ടു നിന്നതിന്റെ വിഷമം അടക്കിപിടിക്കാനെ കഴിഞ്ഞുള്ളു. ആരും കാണാതെ കണ്ണുകൾ നിറഞ്ഞു തുളുമ്പുമ്പോൾ പിന്നാപുറത്തു പോയി കണ്ണുതുടക്കും.

"എന്താ ആലോചിക്കുന്നത്?" സുമതി വീണ്ടും അടുത്തി വന്നു.

"നീ ഇവിടെ ഇരിക്ക്" കൈ പിടിച്ചു അടുത്തിരുത്താൻ നോക്കി. "കിന്നാരമൊക്കെ പിന്നെ പറയാം, ഇപ്പോൾ മാർക്കറ്റിൽ പോയി വേഗം വാ" അതും പറഞ്ഞവൾ അടുക്കളയിലേക്ക് ധൃതിവെച്ചു നടന്നു.

ആദ്യമായി മകളുടെ ഭർത്താവ് അരുൺ വീട്ടിലേക്കു വരികയല്ലേ, ഒന്നിനും ഒരു കുറവും ഉണ്ടാകരുത്. ചെമ്മണ്ണിട്ട പാടത്തെ റോഡിലൂടെ അവർ വരുന്നത് ദൂരെനിന്നു തന്നെ കണ്ടു. സുമതിയും താനും ഗേറ്റുവരെ പോയിനിന്നു. സുസ്മേരവദനനായി അരുണും, കൂടെ മകളും, അവളുടെ മുഖത്തും സന്തോഷഭാവമായിരുന്നു. അരുൺ അടുത്തു വന്നു തന്റെ കാൽ വന്ദിക്കാൻ കുനിഞ്ഞു പെട്ടെന്ന തന്നെ അവന്റെ തോളത്തുയർത്തി വീട്ടിലേക്കാനയിച്ചു.

തന്റേയും സുമതിയുടേയും നോട്ടം മകളുടെ മുഖത്തേക്കു തന്നെയായിരുന്നു. ഒരു പുതു ജീവിതപാതയിൽ ഒരുമിച്ചു കൈപിടിച്ചു കയറേണ്ടവരല്ലേ ഇവർ. അതിനു വേണ്ട പാത തുറന്നു കൊടുക്കുകയെന്നതാണ് രക്ഷിതാക്കളുടെ കർമ്മം.താനും

വൈകുന്നേരമായി അരുണും മകളും ഇറങ്ങാൻ നേരമായി "എനിക്കൊരു കാര്യം പറയാനുണ്ട്." അരുൺ അടുത്തേക്കു വന്നു. "എനിക്കൊരു വിസ ശരിയായിട്ടുണ്ട്. അടുത്താഴ്ച പോകേണ്ടി വരും. ബഹറിനിലേക്കാ" സുമതിയും ഞാനും അന്ധാളിപ്പോടെ മുഖത്തോടു മുഖം നോക്കി നിന്നു.

"ഇത്രപെട്ടെന്നോ" രണ്ടു പേരും ഒരേ സ്വരത്തിലാണ് ചോദിച്ചത്. "നേരാണോ മോളെ?" പുറത്തേക്കു വന്ന മകളോടു ചോദിച്ചു അതിനവൾ ഉത്തരമൊന്നും പറഞ്ഞില്ല.

"അപ്പോൾകമ്പനിയിലെ ജോലി?"

ആകാംക്ഷയോടെ അവർ അരുണിന്റെ മുഖത്തേക്കു നോക്കി. ഒരു ചെറുചിരിയോടെ അവൻ തുടർന്നു. "ഒരു ഓട്ടോ ഡ്രൈവർക്ക് എന്തു കമ്പനി." ഒരു നിമിഷം ഞെട്ടലോടെ അവർ നിന്നു. ഒന്നും ശബ്ദിക്കാനാവാതെ.

അരുൺ ഞങ്ങളേയും മകളേയും ചതിക്കുകയായിരുന്നോ. ഇതു താങ്ങാനാവാത്ത ചതിയായിപ്പോയി. നാട്ടുകാരുടെ ബന്ധുക്കളുടെ മുമ്പിൽ ഞങ്ങളെന്തു പറയും. ഇത്രയും നാൾ കാത്തിരുന്നത് ഈയൊരു ഓട്ട ഡ്രൈവർ ജോലിക്കാരനെയായിരുന്നോ. വീണ്ടും അരുൺ തുടർന്നു.

"ഓട്ടോ ഡ്രൈവർക്കും കൂലി പണിക്കാർക്കും പെണ്ണ് കിട്ടണ്ടെ അമ്മെ, അവരും മനുഷ്യരല്ലെ," അരുൺ പറഞ്ഞു നിർത്തി. "അതിനു ചിലപ്പോൾ ചില കളവുകൾ പറയേണ്ടിവരും." അരുൺ തുടർന്നുകൊണ്ടേയിരുന്നു. ആത്മരോഷം അണപൊട്ടിയൊഴുകുന്നത് ആ കണ്ണുകളിൽ കാണാമായിരുന്നു.

പെൺകുട്ടികൾക്കിപ്പോൾ സാധാരണ ജോലിക്കാരെയൊന്നും വേണ്ട. അവർ ആഗ്രഹിക്കുന്ന വിദ്യാസമ്പന്നരായ ജോലിക്കാരെ തന്നെ വേണം. ഇതിൽ ആരു ആരെ കുറ്റപ്പെടുത്തും.മാതാപിതാക്കൾ ആഗ്രഹിക്കുക മകൾക്കായാലും മകനായാലും നല്ലൊരു കുടുംബമാവും, നല്ലതെന്നു പറഞ്ഞു നടക്കാനുള്ള ജോലിയും ഉള്ള ആളെയായിരിക്കില്ലെ.

മകൾ മെല്ലെ അടുത്തേക്കു വന്നു, "എനിക്കു വിഷമമില്ലച്ഛാ– എനിക്കു യോജിച്ച ആളുതന്നെയാണ് അരുൺ, പിന്നെ ഏതു ജോലിക്കും അതിന്റേതായ മഹത്വമുണ്ടെന്ന് പഠിപ്പിച്ചു തന്നത് അരുണേട്ടനാണ്.

ഞാൻ തികച്ചും സന്തുഷ്ടയാണ്." സന്തോഷത്തോടെ പടയിറങ്ങിപോകുന്ന മകളേയും മരുമകനേയും അവർ ഇമയനക്കാതെ നോക്കിനിന്നു. ■

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

















നാടകം ബുക്കിങ്ങിനും അന്വേഷണങ്ങൾക്കും സി.ഡി.കൾക്കും
ഇ.രാധാകൃഷ്ണൻ കൊമ്മേരി വളയനാട് ആർട്സ്–നക്ഷത്രരാജ്യം
സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്, മാങ്കാവ്, കോഴിക്കോട് – 7, ഫോൺ: 9847649567

Vol : 2, Issue : 4 NAKSHATHRARAJYAM 2019 മെയ്, ജൂൺ, ജൂലായ്
RNI Reg. No:KERMAL16195 TRI-MONTHLY(QUARTERLY)





Authorised Distributer Marvel ISO 9001:2000 Certified Company ad cb Blinds TRAD FABRICS

RNC
RODS AND CLAMPS








WHOLESALE AND RETAIL
DISTRIBUTERS OF ALL TYPE OF
BLIND, CURTAIN FABRIC & ACCESSORIES

Rajeswari Building, Kalluthan Kadavu Road, Puthiyara, Kozhikode
Mob: 9744217213, 9048990737, Ph: 0495 4044445. E-mail: rccalicut1@gmail.com

സ്ഥാപിതം : 1987
ഗവ: അംഗീകൃതം



NAZEERA
Driving Institute

Ladies & Gents

HAMZA
Mobile : 9847003593

H.O.Kovoor, Ph: 2359304| Mankave, Ph: 903748613| Palazhi, Ph: 9847003593 | Arayidathpalam, Ph: 9037484613| Kakkodi, Ph: 9447960911


Edit, Printed by Nakshatrararajyam E. Radhakrishnan on behalf on Nakshatrarajyam Quarterly
DTP: E. Radhakrishnan, Printed at Redstar Prints, Kozhikode for
Geethanjali Web Offsets, Kundayithode, Kozhikode